O12:6N023x F4.5 [illegible]NTASANDHANAM. ESWARA PILLAI

032:6N023X
F4.5

MUL
165458

# ചിന്താസന്താനം

## (അഞ്ചാംഭാഗം)

ഗ്രന്ഥകർത്താ,

**ആർ. ഈശ്വരപിള്ള ബി. എ.**

(ഒന്നാംപതിപ്പ്)

പ്രസാധകൻ,
സി. ജി. നീലകണ്ഠപ്പിള്ള
പറവൂർ.

—o0o—

1109.

UNIVERSITY LIBRARY
13 JUN 1955
MADRAS

Price as. 10     വില ൧൦ അണ

എസ്സ്. പി. പ്രസ്സ്, പറവൂർ.

165458
38386
O32:6N023x
F4·5

# പ്രസാധകക്കുറിപ്പ്.

വന്ദ്യ ഗുരുവര്യനായ ശ്രീമാൻ, ആർ. ഈശ്വരപിള്ള അവർകളുടെ ചിന്താസന്താനപരമ്പരയുടെ മറെറാരു ഭാഗമാണിത്. ഇതിലെ ലേഖനങ്ങളും പലപ്പോഴായി പല മാസികകളിലും എഴുതിയിട്ടുള്ളവയാണ്. പരിശുദ്ധവും പരിപക്വവുമായ ചിന്തകൾ ഇതിലും തെളിഞ്ഞു കാണുന്നുണ്ട്. ബാല്യത്തിൽത്തന്നെ സബ്രഹ്മചാരികളിൽ നിന്നു "മുനി" എന്ന പേരുലഭിച്ചിട്ടുള്ള ഇദ്ദേഹം സംസാരത്തെക്കാൾ ആത്മപരമായ ചിന്തയെയാണ് വരിച്ചിരുന്നത്. അതാണു ഈ ലേഖനങ്ങൾക്കുള്ള ഒരു പ്രത്യേകത. അപ്രകാരമുള്ള ലേഖനങ്ങൾ അടങ്ങിയ ഈ അഞ്ചാംഭാഗം സജ്ജനസമക്ഷം ഞങ്ങൾ സവിനയം സമർപ്പിച്ചുകൊള്ളുന്നു.

കഴിയുന്നിടത്തോളം വൃത്തിയായും ഭംഗിയായും ഈ പുസ്തകം അച്ചടിച്ചുതന്ന എസ്സ്. പി. പ്രസ്സുടമസ്ഥന്മാരോടു ഞങ്ങൾക്കുള്ള കൃതജ്ഞതയും രേഖപ്പെടുത്തിക്കൊള്ളുന്നു

പറവൂർ,
10—4—1109. സി. ജി. നീലകണ്ഠപ്പിള്ള.



ആർ. ഈശ്വരപിള്ള ബി. എ.

UNIVERSITY LIBRARY
13 JUL 1955

# വിഷയവിവരം.


| | | | |
|---|---|---|---|
| | | | പേജ് |
| ൧. | കേരളം | I | ൧ |
| ൨. | ടി | II | ൧൭ |
| ൩. | ടി | III | ൨൧ |
| ൪. | ഭാഷാകവികളും പ്രശംസകന്മാരും | | ൩൩ |
| ൫. | ഭാരതീയരുടെ ഭാവി | | ൪൬ |
| ൬. | വിപത്തിന്റെ ഫലങ്ങൾ മധുരങ്ങളൊ ? | | ൫൫ |
| ൭. | സമുദായസേവനം | | ൬൬ |
| ൮. | മലയാളഭാഷയിലെ ഇതരഭാഷാംശങ്ങൾ | | ൮൧ |
| ൯. | കവികൾ ലോകോപദേഷ്ടാക്കൾ എന്ന നിലയിൽ | | ൮൯ |
| ൧൦. | നിരാഹാരവ്രതം | | ൯൮ |
| ൧൧. | വിശപ്പും ആഹാരവും | | ൧൦൨ |
| ൧൨. | മലയാളഭഷയും തൽക്കർത്താക്കന്മാരും | I | ൧൧൪ |
| ൧൩. | ടി | II | ൧൨൦ |
| ൧൪. | സ്ത്രീകളും ഗൃഹസേവനവും | | ൧൩൨ |


—o()o—

# ചിന്താസന്താനം.

(അഞ്ചാം ഭാഗം)

## കേരളം

ഒരു സ്ഥൂലചിത്രം.

"കേരളഭൂമി പരശുരാമനാൽ പടക്കപ്പെട്ടു" എന്നു പഴയ കേരളോല്പത്തിയിൽ പറഞ്ഞുകാണുന്നു. എന്നാൽ ഇതിൻെറ അടിസ്ഥാനം എന്താണെന്നു സുവ്യക്തമല്ല. പരശുരാമൻ പരാക്രമശാലിയായിരുന്നു എന്നു പുരാണങ്ങളിൽനിന്നും നമുക്കറിയാം. എന്നാൽ അദ്ദേഹം പ്രത്യേകമൊരു ഭൂവിഭാഗത്തെ സൃഷ്ടിച്ചുവെന്ന് അനുമാനിക്കുന്നതിനു മതിയായ തെളിവുള്ളതായി വിചാരിപ്പാൻ വഴികാണുന്നില്ല. പക്ഷെ കേരളത്തിന്ന് 'പരശുരാമക്ഷേത്രം' എന്ന് ഒരു അഭിധാനം ഉള്ളതുകൊണ്ടു് ഈ സ്ഥലത്തിന് അദ്ദേഹത്തോട്ട് എന്തോ ബന്ധമുണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം ഒരു മഹാപുരുഷൻെറ നാമത്തോടു ബന്ധിക്കപ്പെട്ടിരിക്കുന്നതുതന്നെ കേരളത്തിൻെറ വിശേഷതയിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ്. മററു സംഗതികൾ എങ്ങനെയിരുന്നാലും പരശുരാമൻ ഈ സ്ഥലത്തെ സന്ദർശിച്ചുവെന്നുള്ളതുതന്നെ കേരളത്തിൻെറ മാഹാത്മ്യത്തേയും പുരാതനത്വത്തേയും സൂചിപ്പിക്കുന്നു. മേല്പത്തൂർ ഭട്ടതിരിയുടെ 'നാരായണീയ'ത്തിൽ ഇങ്ങനെ ഒരു ശ്ലോകം കാണുന്നു.

13 JU
MAD

"ന്യസ്താസ്ത്രാണിമഹേന്ദ്രഭൃത്ത്രതി
തപസ്തന്ന്യാൻപുനർ2ജ്ജിതം,
ഗോകൎണ്ണാവധിസാഗരേണധരണിം
ദൃഷ്ട്വാൎത്ഥിതസ്താപസൈ
ധ്യാതേഷാസധൃതാനലാസ്ത്രചകിതം
സിന്ധുംസ്രുചപക്ഷേപണാ
ദുത്സാൎയ്യോദ്ധൃതകേരളോ
ഭൃഗുപതേവാതേശസംരക്ഷമാം"

ഇതിൽ നിന്നും കേരളം സമുദ്രത്തിൽ മുങ്ങിപ്പോയി എന്നും പരശുരാമൻ വീണ്ടും അതിനെ ഉയൎത്തി എന്നും കാണുന്നു. എന്നാൽ ഇതിന്റെ അടിസ്ഥാനമായ ഭാഗവതശ്ലോകത്തിൽ ഇങ്ങനെ ഒന്നും കാണുന്നില്ല. അതിങ്ങനെയാണു്.

"ആസ്തേദ്യാപിമഹേന്ദ്രാദ്രൗന്യസ്തദണ്ഡപ്രശാന്തധീ
ഉപഗീയമാനചരിതഃസിദ്ധഗന്ധൎവ്വചാരണൈഃ."

അതുകൊണ്ടു ഭട്ടതിരിക്കു് ഈ അറിവു വേറെ വല്ല വഴിക്കും ലഭിച്ചതായിരിക്കാം. എന്നാൽ ഈ ലേഖനം കേരളത്തിന്റെ ഉല്പത്തിയെ കുറിച്ചോ അതിന്റെ ചരിത്രത്തെക്കുറിച്ചോ ഗവേഷണംചെയ്യുന്ന ഒന്നല്ലാത്തതിനാൽ ഈ വിഷയത്തിൽ ഇതിലധികമൊന്നും ഇപ്പോൾ പറയേണ്ട ആവശ്യമുണ്ടെന്നു വിചാരിക്കുന്നില്ല. ഈ ഐതിഹ്യവും കേരളത്തിന്റെ ഉത്ഭവവൈശിഷ്ട്യത്തെ അവ്യക്തമായിട്ടെങ്കിലും കാണിക്കുന്നു. ഇതുകൂടാതെ കാളിദാസന്റെ രഘുവംശകാവ്യത്തിൽ രഘു തന്റെ ദിഗ്വിജയോദ്യമത്തിൽ കേരളത്തെക്കൂടി സന്ദൎശിച്ചതായി പറയപ്പെട്ടിരിക്കുന്നു.

"ഭയാൽസ്പൃഷ്ടവിഭ്രൂഷാണാം
തേനകേരളയോഷിതാം
അളകേഷ്വചമൂരേണു
ചൂൎണ്ണപ്രതിനിധീകൃത"

ഇതും ഭാരതത്തിന്റെ തൊട്ടകുറിയായിലസിക്കുന്ന കേരളത്തിന്റെ പുരാതനത്വത്തേയും പ്രസിദ്ധിയേയും കാണിക്കുകതന്നെചെയ്യുന്നു. ഇനിയൊന്നുപറയാനുള്ളതു ഭാരതഖണ്ഡം ഉയൎന്ന പൎവ്വതനിരകളിൽനിന്നും ക്രമേണ താണു വിസ്താരം കുറഞ്ഞു് ഒടുവിൽ കൃശാഗ്രമായി ദക്ഷിണസമുദ്രത്തിൽ അവസാനിക്കുന്നതുകൊണ്ടു് അതിലുള്ള സകല ഭൗമസമ്പത്തുകളും ഇവിടെ സഞ്ചിതമായിരിക്കാൻ അവകാശമുണ്ടു് എന്നാണു്. വാസ്തവം അങ്ങിനെ തന്നെയാണു്. ഭാരതംതന്നെ ലോകത്തിന്റെ ഒരു സംഗ്രഹമാണെന്നു വിചാരിക്കപ്പെട്ടുവരുന്നു. ആ സ്ഥിതിക്കു കേരളത്തെ ഭാരതത്തിന്റെ സംഗ്രഹമായിട്ടും ഗണിക്കണം. ഭാരതത്തിനുള്ള സകല ഐശ്വൎയ്യങ്ങളും കേരളത്തിൽ പ്രതിനിധീകരിക്കപ്പെട്ടിട്ടുണ്ടു്. കുറച്ചു കൂട്ടതലും ഉണ്ടു്. അതിന്റെ കിടപ്പും ഒരു പ്രത്യേകരീതിയിലാണു്. ദക്ഷിണസമുദ്രത്തിന്റെ തരംഗകരങ്ങളുടെ നിരന്തരമായ സംവാഹനസുഖം അനുഭവിച്ചും സഹ്യന്റെ ഉപരിഭാഗത്തെ അലങ്കരിക്കുന്ന അഭ്രഗാമികളായവനസ്പതികളുടെ നീരന്ധ്രവും നിബിഡവുമായ ഛായയെ അവലംബിച്ചുമാണു കേരളഭൂമി ശയിക്കുന്നതു്. ഇതുകൊണ്ടു കേരളത്തിനു സിദ്ധിച്ചിട്ടുള്ള ഗുണങ്ങൾ അനേകങ്ങളാണു്. ദോഷങ്ങളും ഇല്ലാതില്ല. ഇതു നിമിത്തം ഭാരതത്തിലെ ഇതരഭാഗങ്ങൾ

നിരന്തരമായി സഹിച്ചുകൊണ്ടിരുന്ന മഹമ്മദീയാക്രമണങ്ങൾക്കും മററും കേരളം ആപേക്ഷികമായി അനധീനമായിരുന്നു. ഇതുകൂടാതെ കേരളീയസംസ്കാരവും പരിഷ്കാരവും സ്വച്ഛന്ദവും അനിരുദ്ധവുമായ ഒരു പ്രത്യേകരീതിയിൽ വളരുന്നതിനു സൗകര്യമുണ്ടായിരുന്നു. കേരളത്തിലെ പ്രശസ്തമായ ഗ്രാമീണഘടനയ്ക്കും മററു ദിക്കുകളിൽ സംഭവിച്ചതുപോലെ വിദേശീയാക്രമണത്താൽ വലിയശൈഥില്യം സംഭവിക്കാൻ ഇടയായിട്ടില്ല. കേരളത്തെ അധിവസിച്ചിരുന്ന വിവിധസമുദായങ്ങളും അവരവരുടെ പ്രത്യേകാചാര മതാനുഷ്ഠാനങ്ങളോടും പരസ്പരമൈത്രിയോടുംകൂടി നിർബാധം വൎത്തിച്ചുവന്നു. കേരളീയർ അവരുടെ ഉദാരമായ മാതൃഭൂമി നൽകിയതും സ്വപ്രയത്നംകൊണ്ടു സിദ്ധിച്ചതുമായ സമ്പത്തു കൊള്ളക്കാരാൽ അപഹരിക്കപ്പെടാതെയിരുന്നതിനാൽ സുഭിക്ഷമായി ജീവിതം നയിച്ചുവന്നിരുന്നു. ദുർഭിക്ഷംഎന്നതു കേരളീയൎക്ക് അപരിചിതമായ ഒരവസ്ഥയായിരുന്നു.

കേരളത്തിലെ പ്രകൃതിവിലാസവും അനതിശയനീയമായിട്ടുള്ള ഒന്നുതന്നെയാണ്. കേരളത്തിൽ ഇദംപ്രഥമമായി പ്രവേശിക്കുന്ന ഒരു വിദേശിയനെ ഏററവും നയനാഭിരാമമായ ഒരു കാഴ്ചയാണ് അഭിമുഖീകരിക്കുന്നതു്.

"സൎവ്വതോലംകൃതംദിവ്യൈ
നിത്യപുഷ്പഫലദ്രുമൈ"

എന്നുള്ള സംക്ഷിപ്തമായ വിവരണം കേരളത്തിനു പററിയതുതന്നെയാണ്: കിഴക്കുഭാഗത്തു് ഉത്തുംഗ

ശൃംഗങ്ങളോടുകൂടി നീണ്ടുനിവൎന്നു കിടക്കുന്ന പൎവ്വതനിരകളും വൃക്ഷലതാദികൾകൊണ്ടു നിബിഡങ്ങളും വിവിധമൃഗാദ്ധ്യാസിതങ്ങളുമായ നിതംബപ്രദേശങ്ങളും, ശാദ്വലസങ്കീൎണ്ണങ്ങളായ ഉപത്യകകളും, ചരുവുകളിൽനിന്നും പ്രവഹിക്കുന്ന ഗിരിനിൎഝരങ്ങളും അച്ഛോദകങ്ങളും, തീരപ്രദേശങ്ങളെ ഫലപുഷ്ടങ്ങളാക്കിയുംകൊണ്ടു സമുദ്രസന്മുഖീനങ്ങളായി മന്ദമന്ദംഗമിക്കുന്ന നദികളും, ദേവമാതൃകകളും നദീമാതൃകകളുമായ കൈദാരികങ്ങളും, മണിവാലുകരമ്യങ്ങളായ സമുദ്രതീരങ്ങളും മററും കേരളഭൂമിയുടെ അനന്യസാധാരണങ്ങളായ പ്രകൃതിവിശേഷങ്ങളാണ്. സുരലോകസഹജങ്ങളായ രംഭയും കല്പകവൃക്ഷവും (കേരം) കല്പകവല്ലികളും (മുളകുകൊടി) കേരളത്തെ ഒരു വിധത്തിൽ സ്വൎഗ്ഗതുല്യമാക്കിത്തീൎക്കുന്നുണ്ടു്. ഇങ്ങിനെയാണ് കേരളത്തിൻെറ പ്രകൃതിസൗഭാഗ്യവും സൗന്ദൎയ്യവും. കേരളശ്രീയുടെ നൃത്തരംഗമായിത്തന്നെ ലസിച്ചിരുന്നു.

ഇനി കേരളത്തെ അധിവസിക്കുന്ന ജനാവലിയെപ്പററി നോക്കാം. ഇവിടേയും കേരളത്തിനു ഭാരതത്തിലെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു് ഒരു പ്രത്യേകതയുള്ളതായിക്കാണാം. ഇതുപോലെ വിവിധങ്ങളും ആചാര സ്വഭാവാദിഭേദങ്ങൾ കൊണ്ടു ഭിന്നങ്ങളും ചരിത്രാന്വേഷികൾക്ക് അളവററ ഗവേഷണവിഷയങ്ങൾ നൽകുന്നതും വംശോല്പത്തിയും മററും ഇന്നും വാദവിഷയമായിരിക്കുന്നതുമായ സമുദായങ്ങൾ ഇൻഡ്യയിൽ മറെറങ്ങും ഉണ്ടെന്നു പറവാൻ തരമില്ല. ഇവരെല്ലാം ഏതുകാലത്തും സൗഹാ

ർദ്ദഭാവത്തോടു തോളോടുതോൾ ഉരുമ്മി വസിച്ചിരുന്നു എങ്കിലും ഇപ്പോൾ അല്പം മത്സരീഭാവത്തിൽ അല്ലയോ അന്യോന്യം വീക്ഷിക്കുന്നതെന്നും സംശയമുണ്ടു്. ഇവരിൽ ആര്യാവർത്തത്തിൽ നിന്നു വന്നവരും ആര്യസംസ്കാരത്തിന്റെ ഒരു ഛായയെ ഇങ്ങോട്ടാവാഹിച്ചവരും എന്നു വിചാരിക്കപ്പെടുന്നതും ക്രമേണ കേരളത്തിലെ ഭൂസ്വാമികളായി ഇവിടെ പ്രാബല്യവും വൈദികാധികാരവും പ്രാപിച്ചവരും ആയ നമ്പൂരിമാരാണു പ്രഥമഗണനീയന്മാരായിരിക്കുന്നതു്. കേരളത്തിലെ വൈദികവും ലൗകികവുമായ ആചാരങ്ങളെ രൂപവൽക്കരിക്കുന്നതിൽ ഇവർ ഒരു പ്രധാന ഭാഗം വഹിച്ചിട്ടും ഉണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഈ സമുദായത്തിന്റെ ഇന്നത്തെ സ്ഥിതി ആശാജനകമായിട്ടല്ല ഇരിക്കുന്നതു്. എങ്കിലും കേരളചരിത്രസൃഷ്ടിയിൽ ഇവർ ഒരു വലിയഭാഗം വഹിച്ചിട്ടുണ്ടെന്നുള്ളതിനു രണ്ടുപക്ഷമില്ല. ഇവരോടു് അടുത്തവരായ ഏളയന്മാർ, തമ്പാക്കന്മാർ, തിരുമുല്പാടന്മാർ, മുതലായവരും അമ്പലവാസികൾ എന്നുപറയുന്ന അനേകം വർഗ്ഗക്കാരും ഉണ്ടു്. കേരളത്തിലെ മറെറാരു പ്രത്യേകസമുദായം ഉത്തരഇൻഡ്യയിൽ നിന്നും തന്നെവന്നവരും ആര്യവംശന്മാരെന്നു വിചാരിക്കപ്പെടുന്നവരും ആയ നായന്മാരാണു്. ഇവരുടെ ആദ്യനിവാസസ്ഥാനം ഇന്നും അന്വേഷണ വിഷയമായിട്ടിരിക്കുന്നതേയുള്ളു. ഇവർ ഒരുകാലത്തു യുയുധാനന്മാരും "സ്വഹസ്താർജ്ജിത വീരശബ്ദന്മാരു"മായ നാടുവാഴികളായിരുന്നു എന്നുള്ളതിനു പലലക്ഷ്യങ്ങളുമുണ്ടു്. എന്നാൽ യുദ്ധത്തിന്റെ അഭാവത്തിൽ പണ്ടത്തെ

റോമൻകാരെപ്പോലെ അലസതബാധിച്ച് ഇവർ ഏറെക്കുറെ പൗരുഷഹീനന്മാരായി ഭവിക്കാൻ ഇടയായി എങ്കിലും അതിൻെറ അവശിഷ്ടം ഇന്നും ഇവരിൽ വിവിധരൂപത്തിൽ പ്രകാശിക്കാതിരിക്കുന്നില്ല. പരിതസ്ഥിതിയുടെ മാററംകൊണ്ടും മററും പഴയ പ്രാബല്യത്തിന് അല്പം ഇടിവു തട്ടിയിട്ടുണ്ടെങ്കിലും അവരുടെ സഹജമായ അഭിമാനത്തിനും ഔദാൎയ്യത്തിനും ഉല്പതിഷ്ണുത്വത്തിനും വലിയ ന്യൂനത സംഭവിച്ചതായി പറയാൻ തരമില്ല. അവർ ഇപ്പോൾ പല പുതിയ ഉപകരണങ്ങളെ സമ്പാദിച്ചും അവരെ ബാധിച്ചിരുന്ന അസ്വാതന്ത്ര്യത്തിൽ നിന്നും വിമുക്തരായും പുരോഗമനോന്മുഖന്മാരായി വൎത്തിക്കയാണ്. എന്നാൽ ഇന്നും ഇവർ നിശ്ശേഷം സ്വാസ്ഥ്യഹസ്തന്മാരായി എന്നുപറഞ്ഞു കൂടാ.

കേരളത്തിലെ മറെറാരു പ്രബലസമുദായം സിംഹളദ്വീപിൽനിന്നും വന്നവരെന്ന് ഊഹിക്കപ്പെട്ടിരിക്കുന്ന ഈഴവർ ആണ്. ഇവർ പ്രായേണ വ്യവസായശീലന്മാരും തൊഴിലാളികളുമായിട്ടാണു വാണിരുന്നത്. കേരവൃക്ഷവും ഇവരുമായിട്ട് ഒരു പ്രത്യേകബന്ധമുള്ളതായും ഇതു കേരളത്തിൽ ആദ്യം കൊണ്ടുവന്നത് ഇവരാണെന്നും പറയപ്പെടുന്നു. അല്പകാലം മുമ്പുവരെ യാഥാസ്ഥിതികന്മാരും വലിയ വിദ്യാഭ്യാസം ഇല്ലാതിരുന്നവരുമായ ഇവർ ശ്രീനാരായണഗുരുസ്വാമികളുടെ ഉച്ചൈസ്തരമായ സമാഹ്വാനത്താൽ സുപ്തോത്ഥിതന്മാരും പ്രബുദ്ധചിത്തന്മാരുമായി ഉല്ക്കർഷപ്രാപ്തിക്കായിക്കൊണ്ടു പ്രവൎത്തിച്ചുവരികയാണ്. അവർ ഇന്നു സാമ്പത്തികവിഷയത്തിലും ഇ

തര സമുദായങ്ങളോടൊപ്പം എത്തിയിരിക്കുന്നു എന്നു പറയാം. അവരുടെ ഭാവി ഭാസുരമായി തന്നെ ഇരിക്കുന്നു. ഒരിക്കൽ സ്വദേശം വിട്ടുവാൻ മടി കാണിച്ചിരുന്ന ഇവരും നായന്മാരും ഇന്നു ലോകത്തിൻെറ നാനാഭാഗങ്ങളേയും ജീവിതോപായസമ്പാദനത്തിനായി സധൈര്യം ആസ്കന്ദനം ചെയ്തു തുടങ്ങീട്ടുണ്ടെന്നുള്ളതും സ്മരണീയമാണു്.

കേരളത്തിലുള്ള മറെറാരു പ്രത്യേക സമുദായം, നഷ്ടരാഷ്ട്രന്മാരും നിർഗൃഹന്മാരും ലോകത്തിൽ അവിടവിടെ ചിതറിക്കിടക്കുന്നവരും ഇസ്രായലിൻെറ സന്താനങ്ങളുമായ യഹൂദവൎഗ്ഗക്കാരാണു്. ഇവർ ഇന്നു കേരളത്തിൽ അപൂൎവ്വം ചില സ്ഥലങ്ങളിൽ ചെറിയ ചെറിയ വിഭാഗങ്ങളായി പാൎത്തു വരുന്നുണ്ടു്. ഇവർ കേരളത്തിൽ പുരാതനകാലത്തു വന്നിട്ടുള്ളവരും ഇന്നും പുരോഗമനവിഷയത്തിലും അഭിവൃദ്ധിയിലും ഉത്സാഹം കുറഞ്ഞും യാഥാസ്ഥിതികത്വം അവലംബിച്ചും വൎത്തിക്കുകയാണു്. ഇവരിൽ വിദ്യാഭ്യാസം ലഭിച്ചവരും വലിയ ധനവാന്മാരും വളരെ കുറവാണു്. അവർ അവരുടെ മതാനുഷ്ഠാനങ്ങളും സമുദായാചാരങ്ങളും ഇന്നും സാസൂയം രക്ഷിച്ചും ആചരിച്ചും വരുന്നുണ്ടു്. ഇവർ ഇന്നും നഷ്ടമായ രാജ്യപ്രാബല്യാദികളെ സദാ സ്മരിച്ചിട്ടോ പണ്ടു് അനുഭൂതമായ കഷ്ടാവസ്ഥകളെക്കൊണ്ടോ എന്തൊ പ്രായേണ മ്ലാനമുഖന്മാരായിട്ടാണു കാണപ്പെടുന്നതു്. അവരുടെ ആശ മിഥ്യയാവാറും ഭാസുരമായ ഒരു ഭാവിയിലേയ്ക്കാണു പ്രവണമായിരിക്കുന്നതു്.

കേരളത്തിലെ വേറൊരു പ്രത്യേകസമുദായം പുരാതനകാലത്തുതന്നെ "ആൻറിയോക്കി"ൽ നിന്നും "വിശുദ്ധ തോമസ്സിൻെറ" നേതൃത്വത്തിൽ വന്നു അവിടവിടെ കുടിയേറിപ്പാർപ്പുറപ്പിച്ചിരിക്കുന്ന ക്രൈസ്തവവർഗ്ഗക്കാരാണ്. ഇവർ വളരെക്കാലം കൃഷിവാണിജ്യാദികളിൽ പ്രവേശിച്ച് ഇതരസമുദായങ്ങളുടെ മദ്ധ്യത്തിൽ മൈത്രീഭാവത്തോടും പരസ്പര സഹായ സഹകരണത്തോടും പ്രവർത്തിച്ചുവന്നിരുന്നു. ഇവർ വ്യവസായശീലന്മാരായിരുന്നതുകൊണ്ടു ഏറക്കുറെ ധനവാന്മാരുമായിഭവിച്ചു. ഇവർ ഇന്നു വിദ്യാഭ്യാസവിഷയത്തിലും രാഷ്ട്രീയാവകാശസ്ഥാപനവിഷയത്തിലും സോത്സാഹം പ്രവർത്തിക്കുകയും തീവ്രയത്നം ചെയ്കയും ചെയ്തുവരുന്നു. കൊച്ചിയിലും തിരുവിതാംകൂറിലും ഇവക്ക് അസാമാന്യമായ പ്രാബല്യം ഉണ്ട്. ഉൽപതനോദ്യമത്തിൽ ഇവർ ഇതരസമുദായങ്ങളെ പശ്ചാൽക്കരിച്ചു ദ്രുതഗതിയിൽ ചലിച്ചുവരുന്നു. ചുരുക്കത്തിൽ ഇതു് ഇന്നു് ഏററവും അഭിവൃദ്ധിയെ പ്രാപിച്ചിരിക്കുന്ന ഒരുസമുദായമാണ്.

ഇവരേക്കൂടാതേയും ക്രൈസ്തവവർഗ്ഗത്തിൽപ്പെട്ട കത്തോലിക്കരും മററുപല ഭിന്നസമുദായങ്ങളുമുണ്ട്. അവമിയ്ക്കുവാറും ഉല്ക്കർഷോന്മുഖങ്ങളായി പരിശ്രമിച്ചുവരികയാണ്. സാമതപ്രചരണ വിഷയത്തിലും ഇവർ ഏററവും ജാഗരൂകന്മാരായി പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ മതവിഷയത്തിൽ അല്പാല്പം ഭിന്നവിശ്വാസങ്ങളോടുകൂടിയവരാണെങ്കിലും രാഷ്ട്രീയാദിയായമററുകാര്യങ്ങളിൽ ഇവർഅസാധാരണമായ ഐകമത്യത്തോടുകൂടിസദാവർത്തിച്ചുവരുന്നു.

ഉത്തരകേരളത്തിൽ യുയുൽസുക്കളും ധീരന്മാരും സ്വമതത്തിൽ അത്യാസക്തിയുള്ളവരും മററുവിധത്തിൽ പ്രസിദ്ധിസമ്പാദിച്ചിട്ടുള്ളവരും ആയ "മാപ്പിളമാർ" എന്നുപറയപ്പെടുന്ന ഒരു ചെറിയസമുദായമുണ്ട്. ഇവർ ഭാരതത്തിൽ മറെറങ്ങുമില്ലാത്ത ഒരു സമുദായമാണ്. ഈ മാപ്പിളമാർ അറബിവംശക്കാരാണെന്ന് ഊഹിക്കപ്പെട്ടിരിക്കുന്നു. സമാധാനകാലത്ത് ഇവർ നല്ലഅധ്വാനികളും പരിശ്രമശീലന്മാരുമാണ്. ഈ പറഞ്ഞസമുദായങ്ങളേക്കൂടാതെ കേരളത്തിൽ മററസംഖ്യം വർഗ്ഗക്കാർഉണ്ട്. സ്വമതപ്രസക്തന്മാരും വ്യവസായോത്സുകരും ആയമഹമ്മദീയർ, ധനാർജ്ജനനിരതന്മാരും ധനവ്യാപാരികളും പരിശ്രമികളും മിക്കവാറും യാഥാസ്ഥിതികന്മാരും സ്വസമുദായാഭിമാനികളുമായ പരദേശബ്രാഹ്മണർ, പ്രായേണ വ്യാപാരശീലന്മാരും ശാന്തസ്വഭാവമുള്ളവരുംആയ കൊങ്കണസ്ഥബ്രാഹ്മണർ, ചെട്ടികൾമുതലായ പല പാരദേശികന്മാരും കേരളത്തിൽ കുടിപാർപ്പുറപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ ആദിമനിവാസികളെന്നു ഗണിക്കപ്പെടുന്ന മലയരയന്മാർ, വേടന്മാർ, കാണിക്കാർ, ഉള്ളാടന്മാർ, പുലയർ, പറയർ, മുതലായ പല അപരിഷ്കൃതസമുദായങ്ങളും കേരളത്തിൽ മിക്കപ്രദേശങ്ങളിലും കാണുവാനുണ്ട്. ഇവയിൽ ആദ്യം പറഞ്ഞവർ മലയിൽ പ്രായേണ മൃഗസഖ്യതകൊണ്ടു ഏററവും അപരിഷ്കൃതസ്ഥിതിയിൽ തന്നെ വസിക്കുന്നവരാണ്. ഇവർ മനുഷ്യവർഗ്ഗത്തിന്റെ പ്രാഥമികദശയുടെ സ്മരണയെ നശിച്ചുപോകാതെ സംരക്ഷിച്ചുവരുന്നു. പുലയർ അല്ലെങ്കിൽ ചെ

റുമർ, പറയർ മുതലായവർ, സമപ്രദേശങ്ങളിൽ ഇതരസമുദായങ്ങളോടിടപെട്ട കൃഷിസ്ഥലങ്ങളിൽ പല ജോലികൾ ചെയ്തുവരുന്നു. ഇവർ ഒരുകാലത്തു ക്രയവിക്രയത്തിനധീനന്മാരായ അടിമകളായിരുന്നു. എന്നാൽ ഇപ്പോൾ ഇവർ വിദ്യാഭ്യാസവിഷയത്തിലും മററും അല്പാല്പമായി അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നതായി കാണുന്നു. മനുഷ്യവംശവിജ്ഞാനീയവിദഗ്ദ്ധന്മാർക്ക്, ഈ വർഗ്ഗക്കാർ ഒരുരസകരമായ ഗവേഷണവിഷയമായിരിക്കുമെന്നുള്ളതിനു സംശയമില്ല. അവരുടെ മുഖലക്ഷണങ്ങളും മററുംഒരു പ്രത്യേകമനുഷ്യവംശത്തെ സൂചിപ്പിക്കുന്നുണ്ട്. കേരളത്തിലുള്ള വിവിധസമുദായങ്ങളുടെ മദ്ധ്യേവസിച്ചിരുന്നിട്ടും അവരുടെ ആദിമപ്രകൃതിയേയും ജീവിതരീതിയേയും ഇന്നും അവർ ഉപേക്ഷിച്ചതായികാണുന്നില്ല. ഇവരിൽ പലരും കൃസ്തുമതം സ്വീകരിച്ചുവർത്തിക്കുന്നവരാണ്. ഇതു് അവൎക്കു "തീണ്ടൽ" എന്നൊരുവിധം വിലക്കുകല്പിക്കപ്പെട്ടിരിക്കുന്നതുകൊണ്ടാണ് എന്നുപറയപ്പെടുന്നു.

ഇനികേരളത്തിലെ ഒരു വിശേഷസമുദായം യൂറോപ്പിലെ "ജിപ്സി"കളുടെ സ്ഥാനംവഹിക്കുന്ന "കാക്കാലന്മാർ"ആണ്. ഇവരിൽ വേലചെയ്തു ജീവിക്കുന്നവർ ചുരുക്കമാണ്. ഇല്ലെന്നുതന്നെപറയാം. ഇവർ മിക്കവരും യാചകവൃത്തിഅവലംബിച്ചും മോടിവിദ്യകൾകൊണ്ടും മററുചപ്പടികൾകൊണ്ടും ഉപജീവിക്കുന്നവരാണ്. ഇവരുടെസ്ത്രീകൾ കൈനോക്കി ഭാവിഫലങ്ങളെപറയുന്നതിൽ അതിവിദഗ്ദ്ധകളാണത്രെ. ഇവർ ജിപ്സികളെപ്പോലെ ഒരുസ്ഥലത്തു സ്ഥ

സ്ഥിരവാസം ഇല്ലാത്ത സഞ്ചാരജീവികളാണ്. ഇവരുടെ ഉൽപത്തിയും ചരിത്രവും ഗവേഷണയോഗ്യങ്ങളായ വിഷയങ്ങളാണ്. പരിഷ്കാരതരംഗം ഇവരുടെ ചുററും നിരന്തരം നിർഘോഷിക്കുന്നുണ്ടെങ്കിലും "പാലംകുലുങ്ങിയാലും കേളൻ കുലുങ്ങുകയില്ല" എന്നമട്ടിലാണ് ഇവരുടെജീവിതം. ഇവരെപ്പോലെ സ്വാവസ്ഥയിൽ സംതൃപ്തിയോടുകൂടി വർത്തിക്കുന്ന മറെറാരു സമുദായവും ഉണ്ടെന്നുതോന്നുന്നില്ല.

ഇനി തൊഴിലിനെ അടിസ്ഥാനപ്പെടുത്തി സ്ഥാപിതങ്ങളായ അനേകം സമുദായങ്ങൾ കേരളത്തിൽ ഭാരതത്തിൻെറ ഇതരഭാഗങ്ങളെ അപേക്ഷിച്ചു ഒട്ടധികമുണ്ട്. "കമ്മാളർ" അതായത് ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ, ക്ഷുരകൻ, രജകൻ, കണിയാൻ, പുള്ളോൻ, കുറവൻ, വേലൻ, പാണൻ, മണ്ണാൻ, പരവൻ, എന്നിവർ ഗ്രാമങ്ങളിലും മരയ്ക്കാൻ, അരയൻ, വാലൻ, മുക്കുവൻ, മുതലായവർ കായൽ, സമുദ്രം ഇവയുടെ തീരങ്ങളിലും കുടിപാർക്കുന്നുണ്ട്. ഇവരിൽ പലരും ക്രമേണ പരിഷ്കാരപരിധിയിലേക്ക് ആകർഷിക്കപ്പെട്ടുവരുന്നുണ്ട്. എന്നാൽ ഇവർ അവരുടെ പാരമ്പര്യമായ കുലവൃത്തിയെ ഏറക്കുറെ വിമുഖതയോടെ ഉപേക്ഷിക്കുന്നുണ്ടെന്നുള്ളത് അത്ര ആശാസ്യമാണെന്ന തോന്നുന്നില്ല.

ഇനി കേരളത്തിലെ ചില ചരിത്രപ്രസിദ്ധങ്ങളായ സ്ഥലങ്ങളേയും വിശ്രുതന്മാരായ പുരുഷന്മാരേയും പററിയും അല്പം പ്രസ്താവിക്കാം. സർവ്വഭാരതീയരുടേയും മതാചാര്യനും "ഭാഷ്യം" മുതലായ പ്രൗഢകൃതികളുടെ കർത്താവും, അതിവിദഗ്ദ്ധനും

കുശാഗ്രബുദ്ധിയും, സവ്ജ്ഞപീഠം അഹിച്ച ആളും, ഒരു തരത്തിൽ ഭാരതം മുഴുവൻ കുലുക്കിയ മഹാനുഭാവനും, വലിയ ശിവഭക്തനും, കേരളത്തിലെ ആചാരസ്ഥാപകനെന്നു പ്രസിദ്ധപ്പെട്ട ദേഹവും ദിവ്യനുമായ ശ്രീമൽ ശങ്കരാചാൎയ്യരുടെ പാവനമായ ജന്മഭൂമിയായ "കാലടി" കേരളത്തിനു സവ്വോൽകൃഷ്ടമായ പ്രസിദ്ധി നൽകീട്ടുണ്ട്. മററൊന്നുമില്ലെങ്കിലും ഈ ഒററ സംഗതി മാത്രംമതി കേരളത്തിൻെറ വൈശിഷ്ട്യത്തെ സ്ഥാപിക്കുന്നതിന്. ഇതിനും പുറമേ ദിവ്യജ്ഞാനിയും, മതോപദേഷ്ടാവും, കവിയും, ഗുരുവുമായ തുഞ്ചത്തുഗുരുനാഥൻെറയും, അതുപോലെ തന്നെ ആത്മജ്ഞാനിയും, മതസ്ഥാപകനും, യതിയും, ആചാൎയ്യനുമായ ശ്രീനാരായണഗുരുസ്വാമിയുടേയും മററനേകം മഹാന്മാരുടേയും ജന്മഭൂമി കേരളം തന്നെയാണ്. ഇതിനുംപുറമേ ദൃഗ്ഗണിതത്തിൽ പ്രസിദ്ധനായ പരമേശ്വരൻനമ്പൂതിരിയും, ജ്യോതിശ്ശാസ്ത്രവിശാരദന്മാരായ വരരുചിയും, തലക്കുളത്തു ഭട്ടതിരിയും കേരളീയരാണല്ലൊ.

യൂറോപ്യൻദേശക്കാർ ആദ്യമായി വാസ്കോഡിഗാമായുടെനേതൃത്വത്തിൽ സുമുഹൂത്തത്തിൽ ഇൻഡ്യയിൽ കാൽവച്ചതു കേരളത്തിലെ പ്രധാന തുറമുഖമായ കോഴിക്കോട്ടാണല്ലൊ. ലഘുവായ ഈ സംഭവം-ആകസ്മികമായ ഈ പദവിന്യാസം-ഭാരതത്തിൻെറ-അഥവാ ലോകത്തിൻെറ-ഭാവിയെ ഏതെല്ലാം തരത്തിൽ എത്രത്തോളം ഗുരുതരവും ഫലഭൂയിഷ്ഠവുമായവിധത്തിൽ എത്രദീഘകാലത്തേക്കു ഭേദപ്പെടുത്തി എന്നു ഭാരതത്തിൻെറ അപരചരിത്രം

തന്നെ പറയട്ടെ. ഇതു കൂടാതെ ഭാരതം ഒട്ടുക്കു പ്ര സിദ്ധിയുള്ള കന്യാകുമാരി, അനന്തശയനം, ജനാർദ്ദനം ഗോകർണ്ണം,ആലുവ,സത്യാഗ്രഹംകൊണ്ടു ലോകപ്രസി ദ്ധമായ വൈക്കം, ഗുരുവായൂർ ഇവ കേരളത്തെ അ ലങ്കരിക്കുന്നതും തീർത്ഥയാത്രക്കാർക്കു ആകർഷണീയങ്ങ ളുമായ പുണ്യസ്ഥലങ്ങളാണു്. ആദ്യം സേതുബന്ധ നത്തിനു ശ്രീരാമൻ നിശ്ചയിച്ചതായ "മൻചിറ" അ ല്ലെങ്കിൽ "പൂർവ്വസേതു" എന്നസ്ഥലവും ഹനുമാൻ ഔ ഷധപർവ്വതം എടുത്തു കൊണ്ടുപോകുന്ന സമയം അ ടർന്നു വീണതായിപ്പറയുന്ന 'മരുത്വാമല'യും, കേരള ത്തിൽ തന്നെയാണു്. ദേവേന്ദ്രനു പാപത്തിൽ നി ന്നും ശുചിത്വം ലഭിച്ച സ്ഥലമായി വിചാരിക്കപ്പെട്ടു ന്ന "ശുചീന്ദ്ര"വും കേരളത്തിൽ സ്ഥിതിചെയ്യുന്നു. മൈസൂർവ്യാഘ്രം എന്നു പ്രസിദ്ധിയുള്ള ടിപ്പുവിൻെറ അഭിമാനത്തിനും ഒരു ഭംഗലക്കും ആദ്യമായി വൈ കല്യം സംഭവിച്ചതും കേരളത്തിൻെറ ഒരുഭാഗത്തു വച്ചാണു്. ഹനുമാൻ സമുദ്രലംഘനത്തിനായി ആ രോഹണം ചെയ്തതെന്നുപറയപ്പെടുന്ന "മഹേന്ദ്രപ ർവ്വത"വും കേരളത്തിലാണു സ്ഥിതി ചെയ്യുന്നതു്. ഇ തുപോലെ ഇനിയും ചരിത്രപ്രസിദ്ധങ്ങളും പുരാണ പ്രസിദ്ധങ്ങളുമായ പലസ്ഥലങ്ങളും കേരളത്തിൽ ഉണ്ടു്. കേരളം ഒട്ടുക്കുനടപ്പുള്ള കൊല്ലവർഷത്തിനു് അതിൻെറ നാമവും ജന്മവും നൽകിയതും ഒരിക്കൽ വലിയ തുറമുഖമായിരുന്നതുമായ കൊല്ലം കേരളത്തി ലാണു്. പെരുമാക്കന്മാരുടെ രാജധാനിയായ തിരു വഞ്ചിക്കുളവും ഇവിടെയാണല്ലോ.

കേരളത്തിലെ ഗൃഹങ്ങൾ പരദേശങ്ങളിലെ ഗ്രാമങ്ങളിലെപോലെ തൊട്ടുതൊട്ടല്ല ഇരിക്കുന്നതു്. അവ മിക്കവാറും വലിയ തോട്ടങ്ങളുടെ മദ്ധ്യത്തിലാണു സ്ഥിതി ചെയ്യുന്നതു്. ഗൃഹങ്ങളുടെ നിർമ്മാണവും ഒരു പ്രത്യേക രീതിയിലും ശാസ്ത്രോക്തപ്രകാരവുമാണ്. മിക്ക ഗൃഹപരിസരങ്ങളിലും നാഗപ്രതിഷ്ഠയും അവിടെ പതിവായി നാഗാരാധനയുമുണ്ടു്. ഇതു കേരളത്തിൻെറ ഒരു പ്രത്യേകതതന്നെയാണ്. ഇതിൻെറ ആഗമം എന്താണെന്നുള്ള ഗവേഷണം ഇതുവരേയും തീർച്ചയായ ഒരു ഘട്ടത്തിൽ എത്തീട്ടില്ല. നായന്മാർ നാഗന്മാരായിരുന്നു എന്നും മററും ചില വെറും ഊഹങ്ങൾ ഇല്ലാതേയും ഇല്ല. ഇതു നിമിത്തം കേരളത്തിൽ വിഷവൈദ്യവും അസാമാന്യമായ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടു്. ഇതുപോലെ തന്നെ കേരളത്തിൽ ആയുർവേദവും ജ്യോതിഷവും മന്ത്രവാദവും ഭാരതത്തിൻെറ ഇതരഭാഗങ്ങളെ അപേക്ഷിച്ചു കൂടുതൽ പുഷ്ടിയെ പ്രാപിച്ചിട്ടുണ്ടെന്നുള്ളതിന്നും സംശയമില്ല. ഇടക്കാലംവരെക്കും കേരളത്തിലെ പ്രധാന സമുദായങ്ങളുടെ ദായക്രമവും മറെറങ്ങും ഇല്ലാത്ത വിധത്തിൽ ഒരു പ്രത്യേക രീതിയിലുള്ളതായിരുന്നു. എന്നാൽ ഈ വിഷയത്തിൽ വലിയ മാററം വന്നിട്ടുണ്ടു്. കേരളത്തിലുള്ള എല്ലാ ജാതിക്കാരും ശുഭ്രങ്ങളും ധൗതങ്ങളുമായ വസ്ത്രങ്ങൾ ധരിക്കുന്നവരാണെന്നുള്ളതും മഹാത്മഗാന്ധി മുതലായ മഹാന്മാരുടേയും ശ്ലാഘക്കു പാത്രീഭവിച്ചിട്ടുള്ള ഒരു സംഗതിയാണ്. ഗൃഹദേഹാദികളുടെ ശുചിത്വവിഷയത്തിലും ഇപ്രകാരം തന്നെയാണ്. ഇന്നു നിര

ത്ഥകങ്ങൾ എന്നു വിചാരിക്കപ്പെടുന്ന "തീണ്ടൽ" "തൊടീൽ"മുതലായ അനാചാരങ്ങൾ ഒരിക്കൽ സാത്ഥകങ്ങൾ തന്നെയായിരുന്നിരിക്കാം. ഇവ രണ്ടും സവ്വപ്രധാനമായ ശുചിത്വസംരക്ഷണത്തിനു വേണ്ടി പൂവ്വന്മാർ ഏപ്പെടുത്തിയ നടപടികളാണെന്നും വിശ്വസിക്കപ്പെടുന്നു. എന്നാൽ ഇവ ഇന്ന് അനാശാസ്യങ്ങളായ സാമുദായിക പ്രതിബന്ധങ്ങളായി ഭവിച്ചിട്ടുണ്ട്. എന്നാൽ പുതിയ പരിഷ്കാരത്തിൻെറ ആവിർഭാവത്തോടുകൂടി പല അശുചിത്വങ്ങളും ജനങ്ങളുടെ ജീവിതരീതിയിൽ കടന്നുകൂടീട്ടുണ്ടെന്നുള്ളതും പറയാതെ കഴികയില്ല. ഒരിക്കൽ സത്വഗുണപ്രധാനന്മാരായിരുന്ന കേരളീയരിൽ ഇന്നു രജോഗുണമല്ല, തമോഗുണമാണു സ്ഥൂലിച്ചുനില്ക്കുന്നതു്. കാലഭേദം കൊണ്ടായിരിക്കാം.

സഞ്ചാരസൗകയ്യവിഷയത്തിലും കേരളം ഇന്ന് അദ്വിതീയമായിട്ടാണിരിക്കുന്നതു്. സമുദ്രംവഴിക്കും കായൽ വഴിക്കും, നദികൾ വഴിക്കും, കരവഴിക്കും സുഖമായി സഞ്ചരിക്കുന്നതിന് അനന്യസാധാരണമായ സൗകയ്യത്തെ പ്രകൃതിതന്നെ നൽകീട്ടുണ്ട്. വ്രീഹിസസ്യവൃക്ഷാദികളുടെ ഫലപുഷ്ടിക്കുപയുക്തങ്ങളായ "കാലവഷം" "തുലാവഷം" എന്നു രണ്ടു വഷത്തുക്കൾ കേരളത്തിലെപ്പോലെ ഇത്ര സമയനിശ്ചയത്തോടുകൂടി മറെറങ്ങും സംഭവിക്കുന്നുണ്ടോ എന്നു സംശയമാണു്. സസ്യാദികളുടെ ഫലസമൃദ്ധിക്കു പ്രത്യേകം ഉതകുന്നതായ "തിരുവാതിര ഞാററുവേല" എന്നതും കേരളത്തിനു പ്രത്യേകമായിട്ടുള്ളതാണ്. ഒരു സംഗതി ഇവിടെ ഓമ്മ വരുന്നു. പണ്ടു മുളകുകൊ

ടിയുടെ കുറെവള്ളികൾ വേണമെന്നു തിരുവിതാംകൂർ മഹാരാജാവിനോടു ചില വിദേശീയർ അപേക്ഷിക്കയും അവക്കു വേണ്ടതു കൊടുക്കാൻ മന്ത്രിയോടു കല്പിക്കുകയും ചെയ്തപ്പോൾ ഇങ്ങനെ കൊടുത്താൽ നമ്മുടെ മുതലെടുപ്പു വളരെ കുറഞ്ഞുപോകുമെന്നു മന്ത്രി തടസ്സം പുറപ്പെടുവിച്ചതിനു മറുപടിയായി "മുളകുകൊടി കൊണ്ടുപോകയല്ലേ ഉള്ളൂ, തിരുവാതിര ഞാററുവേല കൊണ്ടുപോകയില്ലല്ലോ" എന്നു പറഞ്ഞതായി ഇതു സംബന്ധിച്ച രസകരമായ ഒരൈതിഹ്യമുണ്ടു്. കേരളത്തിലെ വനങ്ങളിലുള്ള ഉന്നതങ്ങളായ ദൃതക്കുതടികളും ഗജങ്ങളും അവയുടെ വിശേഷ ഗുണങ്ങൾകൊണ്ടു ലോകപ്രസിദ്ധി സമ്പാദിച്ചിട്ടുണ്ടു്. ഇതരഭാഗങ്ങളിൽ ഇല്ലാത്ത അനേകം ആചാരങ്ങളും അധികം അനാചാരങ്ങളും അന്യപ്രദേശങ്ങളിൽ അഭയം ലഭിക്കാഞ്ഞിട്ടോ എന്നു തോന്നുമാറു് കേരളത്തിൽ വന്നു വാസം ഉറപ്പിച്ചിട്ടുണ്ടു്. എന്നാൽ സുദൎശനത്താൽ അനുധാവനം ചെയ്യപ്പെട്ട ദൂൎവ്വാസസ്സിനെപ്പോലെ ഇവിടേയും പരിഷ്കാരശല്യം നിമിത്തം അവയ്ക്കു രക്ഷയില്ലെന്നുള്ള നിലയിലായിരിക്കുന്നു. അചിരേണ അവയും നാമാവശേഷമായിത്തീരാനിടയുണ്ടു്.

## കേരളം.

## II

വിദ്യാഭ്യാസവിഷയത്തിൽ കേരളീയർ ഇന്നു പ്രാപിച്ചിരിക്കുന്ന ഔന്നത്യം പൂൎവ്വകേരളീയർ വിവേകബുദ്ധ്യാ സ്ഥാപിച്ചിരുന്ന അടിസ്ഥാനത്തിൽ നി

ന്നും അനുക്രമം ഉയൎന്നു വന്നിട്ടുള്ള ഒന്നാണ്. കേരളം അസ്മാൽകാലം മുതൽക്കുതന്നെ വിദ്യാഭ്യാസത്തിൽ യേനകേനപ്രകാരേണ പ്രവൎത്തിച്ചു വന്ന അനേകായിരം എഴുത്തച്ഛന്മാരെക്കൊണ്ടു സങ്കീൎണ്ണമായിരുന്നു. ഇവർ ഇവരുടെ ബുദ്ധിശക്തിയും,വ്യുൽപത്തിയും, സൗമനസ്യവും, ജ്ഞാനതൽപരതയും അനുസരിച്ചു സ്ത്രീപുരുഷഭേദമെന്യേ കേരളീയൎക്കു സാധാരണ അൎത്ഥത്തിൽ "അക്ഷരജ്ഞാനം" മുതൽ വിശേഷാൎത്ഥത്തിൽ "അക്ഷരജ്ഞാനം" വരെ വിദ്യയെ പ്രതിഫലേച്ഛ കൂടാതെ വിതരണം ചെയ്തുവന്നുവെന്നുള്ളതു് കേരളത്തെസംബന്ധിച്ചു ശ്ലാഘനീയമായ ഒരു പരമാൎത്ഥമാണ്. ഇന്നത്തെ വിദ്യാഭ്യാസം പഴയ രീതിയിൽ നിന്നും വ്യത്യാസപ്പെട്ട മാൎഗ്ഗത്തിൽ കൂടിയാണ് എന്നുമാത്രമേ പറയേണ്ടതുള്ളു.

സ്ത്രീവിദ്യാഭ്യാസവിഷയത്തിൽ-വിശേഷിച്ചും ഉൽകൃഷ്ടവിദ്യാഭ്യാസത്തിൽ-കേരളീയർ ഇന്നു ഭാരതീയരുടെ നാസീരസ്ഥാനം വഹിക്കുന്നുണ്ടെന്നുള്ളതും കേരളത്തിന്റെ ഒരു വിശേഷമാണ്. അടുത്തുകഴിഞ്ഞകൊല്ലം വരേയ്ക്കും കേരളത്തിന്റെ ദക്ഷിണഭാഗത്തെ ഭരിച്ചിരുന്നതു് ഒരു അഭ്യസ്തവിദ്യയും ഗുണവതിയും മഹതിയുമായ സ്ത്രീരത്നമാണെന്നുള്ളതും കേരളത്തിന്റെ വിശേഷതകളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ്. ഇതിനുമുമ്പും കൊല്ലവൎഷം ൯൦൨-ാമാണ്ടു മുതൽ കൊല്ലവൎഷം ൧൦൦൪ വരേയും വിദുഷികളും വിദഗ്ദ്ധകളും ആയ രണ്ടുസ്ത്രീരത്നങ്ങൾ കേരളത്തിലെ ഈ ഭാഗത്തെതന്നെ പ്രശസ്തമായ രീതിയിൽ ഭരിച്ചിരുന്നതും ചരിത്രപ്രസിദ്ധമാണ്.

തിരുവിതാംകൂറിനെ ഭരിച്ചുപോരുന്ന രാജവംശം എത്രയും പുരാതനമായിട്ടുള്ളതും ഹിന്ദുശാസ്ത്രോക്തങ്ങളായ ധൎമ്മാചാരണവിഷയത്തിലും മതാനുഷ്ഠാനത്തിലും ശ്രദ്ധമൂലമായ പ്രതിപത്തിയോടുകൂടിയും എന്നാൽ പരിഷ്ക്കാരവിഷയത്തിൽ ഭാരതത്തിൻെറ ഇതരഭാഗങ്ങളെ അപേക്ഷിച്ചു മുന്നണിയിലും വൎത്തിച്ചുവരുന്നതുമായ ഒന്നാണെന്നുള്ളതു കേരളത്തിന് അഭിമാനഹേതുകമാണ്. കേരളത്തിൻെറ മദ്ധ്യഭാഗവും പെരുമാക്കന്മാരിൽനിന്നും രാജാധികാരം സിദ്ധിച്ച ഒരു പുരാതന രാജകുടുംബംതന്നെ ഭരിച്ചുവരികയാണ്. കൊച്ചിരാജ്യം ഇന്നു വിദ്യാഭ്യാസവിഷയത്തിലും മററുവിധ പരിഷ്കാരത്തിലും നാട്ടുരാജ്യങ്ങളെ അപേക്ഷിച്ച് ഒട്ടും പിന്നോക്കമായിട്ടല്ല നില്ക്കുന്നതു് തിരുവിതാംകൂറിനെപ്പോലെതന്നെ കൊച്ചിയിലും ഇപ്പോൾ ഏറക്കുറെ പാശ്ചാത്യഭരണരീതിയെ അനുകരിച്ചുതന്നെയാണു ഭരിച്ചുവരുന്നതെങ്കിലും പഴയ ഭരണരീതിയെ തീരെ കൈവിട്ടിട്ടില്ല. പല പഴയ ആചാരങ്ങളേയും പരമ്പരയാ സംരക്ഷിച്ചുപോരുന്നുണ്ടു്. എങ്കിലും ഭരണരീതി ബ്രിട്ടീഷ് ഭരണത്തിൽ ഇരിക്കുന്ന ഉത്തരകേരളത്തെ മിക്കവാറും അനുസരിച്ചു തന്നെയാണ് ഇരിക്കുന്നതു്.

ഇതിനും പുറമേ പണ്ടു് പൂൎണ്ണരാജാധികാരം വഹിച്ചിരുന്ന അനേകം സാമന്തരാജാക്കന്മാരും നാടുവാഴികളും ഇടപ്രഭുക്കന്മാരും ഇന്നുകേരളത്തിൽ പല കാരണം നിമിത്തം നഷ്ടരാഷ്ട്രന്മാരായി അതാതു ഗവൎമ്മെൻറിൻെറ കീഴിൽ "മാലിഖാൻ" "അടുത്തൂൺ" മുതലായ അനുഭവങ്ങൾപററിയും ചില സ്ഥാനമാന

ങ്ങളോട്ടക്കൂടിയും വൎത്തിക്കുന്നുണ്ട്. ഒരുകാലത്തു കേരളത്തിന്റെ വൈചിത്ര്യത്തിനു ഹേതുഭൂതന്മാരായ ഇവർ ഇന്നു് സമാധാനപരമായ ജീവിതത്തിൽ ഒരു വിധം തൃപ്തിപ്പെട്ടു വൎത്തിക്കയാണു്. കേരളചരിത്രം ആരെങ്കിലും എഴുതാൻ തുനിയുന്നുണ്ടെങ്കിൽ ഇവരുടെ ചരിത്രംതന്നെ അതിൽ ഒരുവലിയ ഭാഗം വഹിക്കുന്നതായിക്കാണാം. അഥവാ ഇവർ കേരളത്തിൽ അവിടവിടെയായി ചിതറിക്കിടക്കുന്ന ചരിത്രശകലങ്ങൾ തന്നെയാണെന്നുവേണം പറവാൻ.

ഇവരെക്കൂടാതെ കേരളത്തിൽ ജന്മിമാർ (ഭൂസ്വാമികൾ) എന്നു് ഒരു കൂട്ടരുണ്ട്. ഇവർ അധികവും നമ്പൂരിമാരാണു്. ഇടപ്രഭുക്കന്മാരായ നായന്മാരും ചിലർ കേരളത്തിൽ ഇല്ലാതില്ല. കേരളത്തിൽ ഒട്ടേറെ ഭൂസ്വത്തുകൾ ഈ ഇനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈവക സ്വത്തുകൾ പരശുരാമനാൽ ദാനം ചെയ്യപ്പെട്ടതാണെന്നു വിചാരിക്കപ്പെട്ടിരിക്കുന്നു. ഈ സ്വത്തുകൾ ഇന്നു ഭരണവൈകല്യംകൊണ്ടു പ്രായേണ ഋണബാധിതങ്ങളായിട്ടാണു് ഇരിക്കുന്നതു്. ഇവയുടെ "ജന്മം" ജന്മികൾക്കാണെങ്കിലും കാണം ചാൎത്തികൊടുത്തിരിക്കുന്നതിനാൽ അനുഭവം മിയ്ക്കവാറും കുടിയാന്മാൎക്കാണു്. ജന്മിക്കു മിച്ചവാരവും മററു ചില അവകാശങ്ങളും മാത്രമേ ഉള്ളു. ജന്മി കുടിയാൻപ്രശ്നം അന്നും ഇന്നും ഒരു ദുൎഘടവും വിഷമവുമായ കാൎയ്യമായിട്ടാണിരിക്കുന്നതു്. അതു വളരെക്കാലമായിട്ടു് ഒരു രൂപത്തിൽ അല്ലെങ്കിൽ മറെറാരു രൂപത്തിൽ നിയമസഭയുടെ മുമ്പിൽ വന്നുകൊണ്ടിരിക്കുന്നുണ്ട്. ഇരുകൂട്ടൎക്കും ആസ്വാദ്യമായ

ഒരു തീരുമാനം ഇനിയും ഉണ്ടായിട്ടില്ല*. ഉത്തരകേരളത്തിൽ ഇതു പലപ്പോഴും ലഹളക്കും മററും ഹേതുവായും ഭവിക്കുന്നുണ്ട്. ഇരുകക്ഷികൾക്കും അസ്വാസ്ഥ്യം നൽകുന്ന ഈ ബാധയെ കഴിയുന്നതും വേഗത്തിൽ ഒഴിക്കേണ്ടതത്യാവശ്യമായിരിക്കുന്നു. ഇരുകൂട്ടരുടേയും പിടി അല്പം അയക്കുന്നതായാൽ മാത്രമേ ഇതു സാധിക്കാൻ തരമുള്ളു. ബ്രിട്ടീഷ് മലബാറിൽ ഇതാ ഇപ്പോൾ ഒരു നിയമം നടപ്പായിട്ടുണ്ട്. ജന്മികൾ മിക്കവാറും അവിഭക്തകുടുംബക്കാരായതുകൊണ്ട് അവരുടെ ഭൂസ്വത്തുകൾ പ്രായേണ കൈമാററത്തിനും വിഭജനത്തിനും അധീനമാകാതെയാണ് ഇരിക്കുന്നത്. എന്നിരുന്നാലും വർദ്ധന വളരെ കുറവായിട്ടാണു കാണുന്നത്. എന്നാൽ അപ്രതിഹതമായ കാലശക്തി ഇവരുടെമേലും വ്യാപിച്ചുതുടങ്ങീട്ടുണ്ട്. ദീർഘകാലമായി യാഥാസ്ഥിതികത്വത്തിൽ ഉറച്ചിരുന്ന ഇവരുടെ മനോഭാവവും മന്ദഗതിയിലാണെങ്കിലും മാറിത്തുടങ്ങിയിട്ടുണ്ട്. തിരുവിതാംകൂറിൽ പലരുടേയും ഉത്സാഹത്തിൽ ഒരു "നമ്പൂതിരിനിയമം" ഇപ്പോൾ ഉണ്ടായിട്ടുണ്ട്.

കേരളം.

## III

ഇനി കേരളത്തിലെ പ്രത്യേക വിനോദങ്ങളെപ്പററിയും ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. ചി

---

* ഈയിടെ തിരുവിതാംകൂറിൽ ഒരുനിയമം നിർമ്മിച്ചിട്ടുണ്ട്

(പ്രസാധകന്മാർ)

ലവ മാനസികങ്ങളും മററുചിലവ കേവലം കായികങ്ങളും ആയിട്ടാണിരിക്കുന്നതു്. "ശാസ്ത്രക്കളി", "ചാക്യാർക്കൂത്തു്" ഇവരണ്ടിനും ഒരു മതവശം കൂടിയുണ്ടു്. ഇതുകൂടാതെ "തുള്ളൽ", "കഥകളി" ഇവയും ഉണ്ടു്. സ്ത്രീകൾക്കു "കൈകൊട്ടിക്കളി"യും പ്രത്യേകമായിട്ടുള്ളതാണു്. "ശാസ്ത്രക്കളി" കേരളത്തിൻെറ പുരാതന ചരിത്രത്തോടു ബന്ധിച്ചിരിക്കുന്ന ഒന്നാണെന്നു അതിലെ ചില ചടങ്ങുകളും സൂചിപ്പിക്കുന്നുണ്ടു്. നായർ നാടുവാഴികളുടെ പ്രാബല്യത്തിൻെറ ക്ഷയവും നമ്പൂരിസമുദായത്തിൻെറ ശക്തിയുടെ വദ്ധനയും മററും ഇതിൽ ഉദാഹരിക്കപ്പെട്ടിട്ടുണ്ടു്. "ശാസ്ത്രക്കളി" ഐശ്വയ്യഹേതുകമായ ഒരു വൈദികകമ്മമായിട്ടാണു സാധാരണ ഗണിച്ചുവരുന്നതു്. എന്നാൽ ഇതും ഇപ്പോൾ വളരെ അപൂവ്വമായിട്ടേ നടക്കുന്നുള്ളു. "ചാക്യാർക്കൂത്തു്" കേരളത്തിലെ ഒരു പുരാതനമായ സ്ഥാപനമാണു്. ഇതു ക്ഷേത്രങ്ങളിൽ മാത്രമേ നടത്താവുള്ളു. ഇതിനും മതപരമായ ഒരു വശമുണ്ടു്. ഇതാണു കേരളത്തിൽ ആദ്യം ഉത്ഭവിച്ച അഭിനയകല. പുരാതനകഥകളെ ആസ്പദമാക്കീട്ടാണു കൂത്തുപറയുന്ന പതിവു്. ഇതിനായി പ്രത്യേക പ്രബന്ധങ്ങളുമുണ്ടു്. അവ ചൊല്ലി ഒരുവിധം വ്യാഖ്യാനിക്കുകയാണു ചെയ്യുന്നതു്. ഇതിനുള്ള വിശേഷം പല പാത്രങ്ങളുടേയും ഭാഗം ഒരാൾ തന്നെ ആംഗികവും സാത്വികവുമായ അഭിനയംകൊണ്ടു സാധിക്കുമെന്നുള്ളതാണു്. ഇതു നാടകത്തിൻെറ ഒരു സ്ഥൂലവും അപൂണ്ണവും ആയ രൂപമാണെന്നു പറയാം. കൂത്തുള്ള ക്ഷേത്രങ്ങളിൽ ഇതിനായി "കൂത്ത

മ്പലം" എന്നു പ്രത്യേകം ഒരു സ്ഥാനമുണ്ടു്. ഉത്സവത്തോടു സംബന്ധിച്ചാണു പ്രായേണ ഇതു നടത്തുന്ന പതിവു്. ഇതിനുള്ള വാദ്യം "മിഴാവു്" എന്നൊരുതരം ആനദ്ധമാണു്. ചാക്യാർക്കൂത്തു വിദ്യാഭ്യാസപരവും സന്മാർഗ്ഗപരവും ആയ ഒരു വിനോദവുംകൂടി ആകുന്നു. കൂത്തുപറയുന്ന ചാക്യാൎക്കു ചില പ്രത്യേക സ്വാതന്ത്ര്യങ്ങൾ അനുവദിച്ചു കൊടുത്തിട്ടുണ്ടു്. കൂത്തിനു "ചാക്യാരെ" കൂടാതെ ഒരു "നമ്പ്യാരും" "നങ്ങ്യാരും" കൂടി ആവശ്യമുണ്ടു്. ഇതിൽ പ്രത്യേകം ചില നേപഥ്യവിധാനവും ഉണ്ടു്. "തുള്ളൽ" എന്നുള്ളതു കൂത്തിന്റെ ഒരു ഹാസ്യരൂപത്തിലുള്ള അനുകരണമാണു്. ഇവിടേയും പല പാത്രങ്ങളുടെ ഭാഗവും ഒരാൾ തന്നെ അഭിനയിക്കേണ്ടതായിരിക്കുന്നു. ഇതു സരസനായ കുഞ്ചൻനമ്പ്യാരുടെ സൃഷ്ടിയാണു്. ഇതിനുള്ള വേഷവും അല്പം ബീഭത്സമായിട്ടുള്ളതാകുന്നു. ഇതു ചാക്യാരെ പരിഹസിക്കുന്നതിനായിട്ടു നമ്പ്യാർ അമ്പലപ്പുഴ വച്ചു സൃഷ്ടിച്ച ഒരു നവീനവിനോദമാണെന്നു പറയപ്പെട്ടിരിക്കുന്നതിൽ എന്തുമാത്രംവാസ്തവമുണ്ടെന്നറിഞ്ഞുകൂടാ. ഇതിനു വേണ്ട പ്രബന്ധങ്ങൾ (തുള്ളൽക്കഥകൾ) നമ്പ്യാർ തന്നെ നിൎമ്മിച്ചിട്ടുമുണ്ടു്. ഇതു് ഇപ്പോൾ ഉത്സവസ്ഥലങ്ങളിൽ മാത്രമേ പ്രയോഗിച്ചു കാണുന്നുള്ളു. ഇനി ഒരു വിനോദമുള്ളതു കഥകളിയാണു്. ഇതു കൂത്തിന്റേയും തുള്ളലിന്റേയും സ്ഫുടവും വികസിതവുമായ ഒരു രൂപമാണു്. ഇവിടെ കഥാപാത്രങ്ങളുടെ ഭാഗങ്ങൾ എല്ലാം പ്രത്യേകം ആളുകൾ തന്നെ അഭിനയിക്കുകയാണു്. ഇവയ്ക്കൊക്കെ നാടകത്തിന്റെ സ്വഭാവവുമുണ്ടു്. ക

ഥകളിയിൽ ക്രൂത്തും, തുള്ളലും, ആട്ടവും, അഭിനയവും എല്ലാം കൂടികലൎന്നിട്ടുണ്ട്. പാത്രങ്ങൾ തമ്മിലുള്ള സംഭാഷണം ഒക്കേയും കൈമുദ്രകൾ കൊണ്ടാണു സാധിക്കുന്നത്. പദങ്ങൾ പാടുന്നതിന്നു പ്രത്യേകം ഒരു "ഭാഗവതർ" ഉണ്ടായിരിക്കും. ചെണ്ടയും, മദ്ദളവും, ചേങ്ങിലയും, ആണു പ്രധാന വാദ്യങ്ങൾ. നേവഥ്യവിധാനങ്ങളും പലവിധമാണ്. അവ എല്ലാ രസങ്ങളേയും പ്രതിനിധീകരിക്കത്തക്കവണ്ണമാണു നിശ്ചയിക്കപ്പെട്ടിരിക്കുന്നതു്. ഭാരതം, രാമായണം, മുതലായ പുരാണങ്ങളിൽ നിന്നും പല കഥകളും എടുത്താണ് ഇതിലേക്കു വേണ്ട പ്രബന്ധങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. ഇവയ്ക്കു വിദ്യാഭ്യാസം, സന്മാൎഗ്ഗം, വിനോദം ഇങ്ങനെ മൂന്നു വശങ്ങൾ ഉണ്ട്. എന്നാൽ പല ആട്ടക്കഥകളും ഇവയെ വേണ്ടതുപോലെ ഫലിപ്പിക്കുന്നുണ്ടോ എന്നു സംശയമാണ്. ശൃംഗാരത്തിന്റെ അനാശാസ്യപ്രയോഗം പലപ്പോഴും ഈ ഉദ്ദേശ്യങ്ങളെ ദൂഷിപ്പിക്കുന്നില്ലയോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ കഥകളിയും ഇപ്പോൾ അപൂൎവ്വമായിത്തീൎന്നിട്ടുണ്ട്. കൈകൊട്ടിക്കളി സ്ത്രീകൾക്കു പ്രത്യേകമായുള്ള ഒരു വിനോദമാണ്. അതിലേക്ക് വേണ്ട പാട്ടുകളും മററും പുരാണകഥകളെ അടിസ്ഥാനമാക്കി നിൎമ്മിക്കപ്പെട്ടിട്ടുണ്ട്. ഇതു് ഒരുമാതിരി നൃത്തവിശേഷമാണെന്നു വേണം പറവാൻ. അവർ ഇതിനെ ദൂഷിക്കാതെ തന്നെ സംരക്ഷിച്ചു വരുന്നു. ഇതിന്നു പ്രത്യേകവാദ്യം ഒന്നും തന്നെയില്ല. അതിന്റെ നാമം സൂചിപ്പിക്കുന്നതു പോലെ "കൈകൊട്ടു" തന്നെയാണു പ്രധാനം.

ഇനി കേവലം കായികമായ പല വിനോദങ്ങ ളും കേരളത്തിലുണ്ട്. പന്തുകളി ലോകത്തിൽ മററു ള്ള ദേശങ്ങളിലെന്നപോലെ കേരളത്തിലും പുരാത നകാലംമുതൽ നടപ്പുള്ള ഒരു വിനോദമാണ്. ഇ തു് ഒരു വിനോദത്തിനും പുറമേ ഒരുതരം നല്ല വ്യാ യാമവുംക്രൂടിയാണ്. ശരീരാവയവങ്ങൾക്കു വ്യായാ മം നൽകി അവയെ പുഷ്ടിയും ബലവും ഉള്ളവയാ ക്കിത്തീക്കുന്നതിനു് ഇതു പററിയ ഒരു കളിയാണ് സ്ത്രീകളെ സംബന്ധിച്ചു "കന്ദുകലീല" എന്ന ചെറി യ പന്തുകൊണ്ടുള്ള ഒരു വിനോദമുണ്ട്. ഇതു് ഇരു ന്നുംകൊണ്ടുള്ള കളിയാണ്. ഇതുക്രൂടാതെ കുമ്മി, കോലാട്ടം, ഊഞ്ഞാലാട്ടം മുതലായി പല വിനോദ ങ്ങളുമുണ്ട്. അഭ്യാസവും വിനോദവും ക്രൂടിക്കലന്ന മ ററനേകം വിനോദങ്ങളുമുണ്ട്. വാളേറു്, പാറാവള യംചാട്ടക, അമ്മാനാട്ടം, ഞാണിന്മേൽകളി മുത ലായി പലതും ഈക്രൂട്ടത്തിൽപ്പെട്ടതാണ്. ഇവയ്ക്കു് ഒക്കെയും ഏറക്കുറെ ശിക്ഷ (അഭ്യാസം) ആവശ്യമാ ണ്. ഇവയ്ക്കും പുറമെ വേലകളി എന്നൊരു വി നോദവും ദക്ഷിണകേരളത്തിലുണ്ട്. ഇതിനു കളരിക ളിൽ കച്ചകെട്ടും അഭ്യാസവും ആവശ്യമാകുന്നു. ഇതു പണ്ടത്തെ യുദ്ധത്തിൻെറ ചടങ്ങുകളെ അഭിനയിക്കു കയാണ്. ഇതിൽ പലഅടവുകളും വെട്ടും തടയും മ ററും പഠിക്കാനുണ്ട്. വേലതുള്ളുന്നവക്കു പ്രത്യേക രീതിയിൽ ഉടുത്തുകെട്ടും മററും വേണം. വാളും പ രിചയുംകൊണ്ടുള്ള വിവിധപ്രയോഗങ്ങളും ഇവർ അ റിഞ്ഞിരിക്കേണ്ടതാണ്. ഇതിന് ഒരു തരം പ്രത്യേ ക ഭേരിവാദ്യവും ഉണ്ട്. ഇതു് ആകപ്പാടെ ഒരു

രസകരമായ കാഴ്ചതന്നെയാണ്. എന്നാൽ ഇത് ഇപ്പോൾ ചില ക്ഷേത്രങ്ങളിൽ ഉത്സവകാലത്തു മാത്രമേ നടപ്പുള്ളൂ. ഇതിനുംപുറമേ പല ഗൃഹവിനോദങ്ങളും ഉണ്ട്. ചതുരംഗം, കമ്പിത്തായം (ഒരുമാതിരി ചൂതുകളി) മുതലായവ ഇതിൽ ഉൾപ്പെട്ടവയാണ്. ഇവകൂടാതെ ചില സമുദായങ്ങൾക്കു പ്രത്യേകം ചില വിനോദങ്ങളുണ്ട്. അവയൊക്കെയും വിസ്താരഭയംകൊണ്ട് ഇവിടെ വിവരിക്കുന്നില്ല.

ഇനി കേരളീയരുടെ തൊഴിലിനെപ്പററി നോക്കാം. കേരളീയരുടെ പ്രധാന തൊഴിൽ കൃഷി, വാണിജ്യം, പശുപാല്യം ഇവയാണ്. കൃഷിയിൽ നെൽകൃഷി, തെങ്ങുകൃഷി ഇവയ്ക്കുപുറമെ കരിമ്പുകൃഷി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, മരച്ചീനി, തേയില, കാപ്പി, റബ്ബർ മുതലായവ ഉൾപ്പെടും. നെൽകൃഷിയാണു പ്രധാനമായ ഉപജീവനമാർഗ്ഗം എങ്കിലും കേരളീയർ അതിൽ വളരെ അനാസ്ഥയാണു കാണിക്കുന്നത്. ഇന്നു കേരളീയരുടെ ദൃഷ്ടി എളുപ്പം ലാഭംകിട്ടുന്ന വഴിക്കു തിരിഞ്ഞിരിക്കയാണ്. കൃഷികവൃത്തി ജനങ്ങൾ ഏററവും അഭിമാനകരമായി ഗണിച്ചുവരുന്നു. ഭൂസ്വത്തുടമസ്ഥതയും നികുതിദായകത്വവുമാണ് ഉത്തമ പൗരലക്ഷണമായി ഗണിച്ചുവന്നിരുന്നത്. ഇപ്പോൾ പലരും ഉദ്യോഗത്തെയാണു പൗരത്വത്തെക്കാൾ വിലയുള്ളതായി ഭ്രമിച്ചുവശമായിരിക്കുന്നത്. ഇതിൻെറ അർത്ഥം പാരതന്ത്ര്യമാണു സ്വാതന്ത്ര്യത്തേക്കാൾ അഭിലഷണീയമായിട്ടുള്ളത് എന്നാകുന്നു. എങ്കിലും ആധാരങ്ങളിലും മററും ഉണ്ടെങ്കിലും ഇല്ലെങ്കിലും തൊഴിൽ കൃഷിയാ

യിട്ടാണു മിക്കവാറും എഴുതാറുള്ളതു്. ഇതു കൃഷി യുടെ ശ്ലാഘ്യതയെ ഒരുവിധം മൗനമായിട്ടെങ്കിലും സമ്മതിക്കയാണു്. റബ്ബർകൃഷിയിൽ അമിതമായ ലാഭം പലരേയും അതിലേക്കു് ആകർഷിച്ചിട്ടുണ്ടു്. ഇപ്പോൾ അവിടേയും അല്പം മാന്ദ്യമാണു കാണപ്പെടുന്നതു്.

കേരളം പണ്ടു പല നല്ല വ്യവസായങ്ങൾക്കും പ്രസിദ്ധി സമ്പാദിച്ചിരുന്നു. എന്നാൽ ഇപ്പോൾ അവ മിക്കവാറും നാമാവശേഷമായി ഭവിച്ചിട്ടുണ്ടു്. കോട്ടാററു പണ്ടു ഉണ്ടാക്കിവന്ന കസവുന്തൽ അതിവിശേഷവും ലോകപ്രസിദ്ധവുമായിരുന്നു. എന്നാൽ ഇപ്പോൾ വിദേശങ്ങളിൽനിന്നും ധാരാളമായി വന്നുകൊണ്ടിരിക്കുന്ന താണതരം കസവു് ഇതിനെ ബഹിഷ്ക്കരിക്കയാണു ചെയ്യുതു്. അതിമൃദുലങ്ങളും വിശേഷങ്ങളുമായ വസ്ത്രങ്ങളും ഇവിടെ നെയ്യുവന്നിരുന്നു. ഇപ്പോൾ ഈ വ്യവസായവും മന്ദീഭവിച്ചിരിക്കയാണു്. എങ്കിലും നെയ്ത്തു് ഇന്നും കേരളത്തിൽ പലയിടത്തും നടന്നുവരുന്നു. ഇതിനുംപുറമേ പുല്ലുപാ, മെത്തപ്പാ മുതലായവയുടെ നെയ്ത്തും, കയററുപിരിയും, കയററുപാനെയ്ത്തും ഇന്നും അങ്ങുമിങ്ങും നടന്നുവരുന്നുണ്ടു്. ഇവകൂടാതെ കരുപ്പെട്ടി, ശക്കര മുതലായവ പല ദിക്കിലും ഉണ്ടാക്കിവരുന്നുണ്ടു്. ലോഹവ്യവസായങ്ങളും കേരളത്തിൽ ഒട്ടും കുറവല്ല. ആറന്മുള ഒരുതരം ലോഹക്കണ്ണാടി നിർമ്മിക്കപ്പെടുന്നുണ്ടു്. ദന്തവേലയും തിരുവനന്തപുരം മുതലായ സ്ഥലങ്ങളിൽ ചെയ്യുവരുന്നുണ്ടു്. ഓട്ടുപാത്രം, മൺപാത്രം മുതലായവ ധാരാളം ഉണ്ടാക്കിവരു

ന്നുണ്ട്. ഇപ്പോൾ ഔഷധനിൎമ്മാണവും ഒട്ടും കുറവി
ല്ല. ഒരുകാലത്തു തൊട്ടപുഴ മൂവ്വാററുപുഴ ഈ സ്ഥല
ങ്ങളിൽ നല്ല ചീനഭരണികൾ ഉണ്ടാക്കിക്കൊണ്ടിരു
ന്നതായും കേൾവിയുണ്ട്. എന്നാൽ വ്യവസായ
ങ്ങൾ ഒക്കേയും പ്രോത്സാഹനക്കുറവുനിമിത്തം ക്ഷ
യോന്മുഖങ്ങളായിട്ടാണിരിക്കുന്നതു്. നാമെല്ലാവരു
മിപ്പോൾ പ്രതീചീനങ്ങളായ വസ്തുക്കളിൽ ഭ്രമിച്ചിരി
ക്കുന്ന കാലമാണല്ലോ. ഇതു നമ്മുടെ സ്വദേശാഭി
മാനക്കുറവുകൊണ്ടാണെന്നു വേണം വിചാരിക്കാൻ.
എന്നാൽ പല കാരണങ്ങൾകൊണ്ടും നാം സാവധാ
നത്തിൽ സ്വദേശിവ്യവസായങ്ങളെ സ്നേഹിച്ചുതുട
ങ്ങിയിട്ടുണ്ടെന്നുള്ളതിനു ലക്ഷ്യങ്ങൾ ഇല്ലാതില്ല. ഇ
ന്ന് എല്ലാ ഭരണാധികാരികളും വ്യവസായപോഷ
ണത്തിൽ ശ്രദ്ധിച്ചുവരുന്നതുകൊണ്ടു പക്ഷേ വല്ല
ഗുണവും സിദ്ധിച്ചേക്കാമെന്നു തോന്നുന്നു.

വാണിജ്യവിഷയത്തിലും കേരളം ഒട്ടും പി
ന്നാക്കമല്ല. ജലമാൎഗ്ഗവും കരമാൎഗ്ഗവും ഉള്ള സഞ്ചാ
രസൗകൎയ്യങ്ങളെപ്പററി പ്രസ്താവിച്ചു കഴിഞ്ഞുവല്ലോ.
ഇവയ്ക്കുംപുറമേ കേരളത്തിൻെറ സുദീൎഘമായ സ
മുദ്രതീരം കച്ചവടത്തിന്നനുകൂലമായ ഒരു പ്രാകൃതികാ
നുഗ്രഹമാണ്. പൂൎവ്വകാലംമുതൽക്കുതന്നെ അറബി
കൾ, ഫിനീഷ്യന്മാർ, ഈജിപ്തുകാർ മുതലായ പ
ല വിദേശീയരും കേരളവുമായി സമുദ്രമാൎഗ്ഗേണ വ്യാ
പാരം നടത്തിക്കൊണ്ടിരുന്നതായി പല ലക്ഷ്യങ്ങളു
മുണ്ട്. കേരളത്തിലെ ഗന്ധദ്രവ്യങ്ങൾക്കും മററു പ
ല സാധനങ്ങൾക്കും അവയുടെ അപൂൎവ്വതകൊണ്ട്
ഇതരദേശങ്ങളിൽ പ്രിയവും പ്രസിദ്ധിയും, വിലയും

ലഭിച്ചിരുന്നു. ഈ വ്യാപാരത്തിന് ഇന്നും അഭിവൃദ്ധിയല്ലാതെ ക്ഷയമില്ല. ഭാരതഖണ്ഡത്തിന്റെ പശ്ചിമതീരത്തിലെ തുറമുഖങ്ങളിൽ കേരളത്തിലുള്ള കോഴിക്കോട്ട, കൊച്ചി, ആലപ്പുഴ ഇവ പ്രാധാന്യം വഹിക്കുന്നവയാണ്. വിശേഷിച്ചും ഈയിടെ കൊച്ചിയിൽ നിമ്മിക്കപ്പെട്ട നൗകാശയം അചിരേണ പശ്ചിമതീരത്തിലെ വ്യാപാരത്തിൽ ഭൂരിഭാഗവും ആകഷിക്കത്തക്ക ഒരു കേന്ദ്രമായിത്തീരാനിടയുണ്ട്. കേരളത്തിന്റെ ദക്ഷിണഭാഗത്തു പൂന്തുറ, കുളച്ചൽ, മുട്ടം, കൊല്ലം മുതലായ സ്ഥലങ്ങൾ കാലാന്തരത്തിൽ അല്പമായ വ്യയംകൊണ്ട നല്ലതുറമുഖങ്ങളായി ഭവിക്കാൻ എളുപ്പമുണ്ട്. കരമാൎഗ്ഗമുള്ള കച്ചവടത്തിന കേരളത്തിൽ മിക്ക സ്ഥലങ്ങളിലും ആവിവണ്ടി ഗതാഗതം ചെയ്തുവരുന്നുണ്ട്.

കേരളം ഇപ്പോൾ ഭരണവിഷയത്തിൽ മൂന്നു വിഭാഗങ്ങളായിട്ടാണല്ലോ ഇരിക്കുന്നതു്. അതുകൊണ്ട് ഒരൈക്യകേരളം ഉണ്ടാവാൻ പ്രയാസമായിട്ടാണു കാണപ്പെടുന്നതു്. വിഭിന്നഭരണം സമുദായങ്ങളേയും മററും ഭിന്നസ്വഭാവികളും, ഭിന്നമാൎഗ്ഗഗാമികളും, ഭിന്നാദൎശാവലംബികളും ഭിന്നപ്രവൃത്തിനിരതന്മാരും, ഭിന്നാചാരനിബദ്ധന്മാരും ആക്കിത്തീക്കുന്നതു സാധാരണയാണ്. ഇപ്പോൾ തിരുവിതാംകൂർകാരെന്നും, കൊച്ചീക്കാരെന്നും, മലബാർകാരെന്നും നാം പേരു പറഞ്ഞു തമ്മിൽ തമ്മിൽ അകലവും അവിശ്വാസവും വദ്ധിപ്പിക്കയാണു ചെയ്തുവരുന്നതു്. ഇന്നു നാം ആരും തന്നെ കേരളീയരല്ലെന്നാണ് വന്നിരിക്കുന്നതു്. എന്നാൽ പണ്ടു കേരളത്തെ ഒന്നാ

ക്കി ബന്ധിച്ചിരുന്ന ആ ചരടിൻെറ ഒരു ന്നൂൽ പൊട്ടാതെ ഇനിയും അവശേഷിച്ചിട്ടുണ്ട്. അതിനെ ആസ്പദമാക്കിയെങ്കിലും നാം ഒരൈക്യം സമ്പാദിക്കുന്നതു നന്നായിരിക്കും. കേരളത്തിലെ ജനങ്ങളെല്ലാവരും ചിന്താവിനിമയത്തിനും ആശയപ്രകാശനത്തിനും അന്യോന്യസല്ലാപത്തിനും ചരിത്രസംരക്ഷണത്തിനും മററും രസനാമൂലവും, രേഖാമൂലവും ഉപയോഗിക്കുന്ന ഭാഷ മലയാളമൊന്നുതന്നെയാണ്. ഇതാണ് ഇന്നു കേരളീയരെ ആകമാനം ഒന്നാക്കി ബന്ധിച്ചിരിക്കുന്ന സൂത്രതന്തു. എന്നാൽ ഇതു കേവലം ദുർബലമായ ഒരു ബന്ധമാണെന്നു വിചാരിച്ചുകൂട. ഭാഷാബന്ധം ദേശീയബന്ധത്തേക്കാറം അധികം ബലവത്തായ ഒന്നാണെന്ന് അനുഭവംകൊണ്ട് അറിയാവുന്നതാണ്. ഭാഷ ഒരുവിധം മാതൃത്വം വഹിക്കുന്നതുകൊണ്ടു തിരുവിതാംകൂർകാരും, കൊച്ചിക്കാരും, മലബാർകാരും, നമ്പൂരിയും, നായരും, ഈഴവരും, കൃസ്ത്യാനികളും എല്ലാം അന്യോന്യം സഹോദരഭാവംവഹിച്ചു വത്തിക്കേണ്ടവരാണ്. വാസ്തവം അങ്ങിനെയാണൊ എന്നു സംശയമാണ്. ഭാഷാബന്ധത്തെ വിഗണിച്ചു പലരും ഇന്നു വഗ്ഗീയബന്ധത്തെ മുറുകിപ്പിടിച്ചാണു വത്തിക്കുന്നത്. എന്നാൽ ഇന്നു ഭാഷയും ഭാഷാസാഹിത്യവും ഏററക്കുറെ ഏകീകരണശക്തികളായി പ്രവത്തിച്ചുതുടങ്ങീട്ടുണ്ട്. ഒരു കേരളീയ സവ്വകലാശാല ഉണ്ടാകുന്നതായാൽ അതു് ഈ ബന്ധത്തെ ദൃഢീകരിക്കുന്നതിനു പയ്യാപ്തമാകുമെന്നുതന്നെ വിശ്വസിക്കാം. അതിൻെറ ആവിർഭാവം അടുത്തുവെന്നു ഒരിക്കൽ തോ

ന്നിയെങ്കിലും അതു് ഇപ്പോൾ സംശയഗ്രസ്തമായിട്ടാണിരിക്കുന്നതു്. എന്നാൽ അതു് ഇന്നല്ലെങ്കിൽ നാളെ വരാതിരിക്കാൻ തരമില്ല. ആസന്നമായിരിക്കുന്ന ഭരണപരിഷ്കാരം ഇതിന്നു് അനുകൂലമായി വരുമെന്നുതന്നെ ആശിക്കാം.

ഒരിക്കൽ ശുഷ്കവും ഇന്നു വൎദ്ധമാനവും ആയിരിക്കുന്ന കേരളത്തിലെ സാഹിത്യത്തെക്കുറിച്ചും ഇവിടെ ഒന്നുരണ്ടു വാക്കു പറയുന്നതും ആവശ്യമാണെന്നുതോന്നുന്നു. ആദ്യമായി തുഞ്ചത്തു ഗുരുനാഥന്റെ കൈയ്യിൽനിന്നാണു ഭാഷക്കും ഭാഷാസാഹിത്യത്തിനും അല്പമെങ്കിലും ഒരു സംസ്കാരം ലഭിച്ചതു്. അദ്ദേഹത്തിനെ തുടൎന്നു കോട്ടയത്തുതമ്പുരാൻ, കുഞ്ചൻനമ്പ്യാർ, ഉണ്ണായിവാരിയർ, കൊട്ടാരക്കരത്തമ്പുരാൻ മുതലായി പലരും ഇടക്കു സാഹിത്യകേദാരത്തിൽ വേല ചെയ്തുവെങ്കിലും കുറച്ചുകാലത്തേക്കു പ്രത്യക്ഷമായ ഒരഭിവൃദ്ധി സിദ്ധിച്ചില്ലെന്നുവേണം പറവാൻ. എന്നാൽ കേരളവൎമ്മ വലിയകോയിത്തമ്പുരാന്റെ സാഹിത്യപരിശ്രമാരംഭം മുതൽക്കു ഭാഷാസാഹിത്യത്തിന്നു് അനന്യസാധാരണമായ ഒരഭിവൃദ്ധി സിദ്ധിച്ചിട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല. അന്നു കൈവിരലുകളിന്മേൽ എണ്ണപ്പെടാവുന്ന സാഹിത്യഗ്രന്ഥങ്ങൾക്കുപകരം ഇന്നു് അവ ശതശഃ അഥവാ സഹസ്രശഃ വൎദ്ധിച്ചിട്ടുണ്ടെന്നു പറയുന്നതിൽ അത്യുക്തിയുണ്ടെന്നു പറവാൻ തരമില്ല. ഗദ്യങ്ങളും, പദ്യങ്ങളും, മിശ്രങ്ങളുമായ സാഹിത്യഗ്രന്ഥങ്ങൾ ഇന്നു പ്രതിദിനമെന്നപോലെ വൎദ്ധിച്ചുകൊണ്ടാണു് ഇരിക്കുന്നതു്. ഈ വിഷയത്തിൽ പ്രവൎത്തിച്ചിട്ടുള്ളവർ അധികം

ഉണ്ടെങ്കിലും ഇവരിൽ പ്രധാനികളുടെ പേരുമാത്രമെ ഇവിടെ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നുള്ളു. കേരളവൎമ്മ വലിയകോയിത്തമ്പുരാൻ, ഭാഗിനേയൻ രാജരാജവൎമ്മ, അപ്പൻതമ്പുരാൻതിരുമനസ്സുകൊണ്ട്, കൊച്ചുണ്ണിത്തമ്പുരാൻ, സി. വി. രാമൻപിള്ള, ഉള്ളൂർ പരമേശ്വരയ്യർ, വള്ളത്തോൾ നാരായണമേനോൻ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കുഞ്ഞുരാമൻ നയനാർ, എം. രാജരാജവൎമ്മത്തമ്പുരാൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, കുമാരനാശാൻ, പി. കെ. നാരായണപിള്ള, കണ്ടത്തിൽ വറുഗീസ് മാപ്പിള * ഇവരിൽ ചിലർ അല്പമായും, മററുചിലർ അധികമായും ഭാഷാസാഹിത്യത്തെ സഹായിച്ചിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. സാഹിത്യവിഷയത്തിൽ മലയാളഭാഷ ഇന്നു ഭാരതത്തിലെ ഇതരഭാഷകളെ അപേക്ഷിച്ച് ഒട്ടും പിന്നാക്കമല്ലെന്നുതന്നെ പറയാം. മലയാളഭാഷാസാഹിത്യം ഇന്നു രണ്ടുവിധമായിട്ടാണിരിക്കുന്നത്. സംസ്കൃതപ്രണയികളുടെ ഭാഷാസാഹിത്യം സംസ്കൃതസാഹിത്യത്തിൻെറ ഛായയേയും, ഇംഗ്ലീഷ് ഭാഷാപ്രണയികളുടെ സാഹിത്യം ആ ഭാഷയുടെ ശയ്യയേയും അവലംബിച്ചു കാണപ്പെടുന്നു. ഏതായാലും ഭാഷാസാഹിത്യം ഒരു നവീനപ്രസ്ഥാനത്തിലേക്കു കാൽവച്ചിരിക്കയാണ്. കേരളത്തിലെ വിവിധസമുദായങ്ങളും അപ്രകാരംതന്നെ. ഒരുയുവകേരളം അഥവാ ഒരു നവകേരളത്തിൻെറ അരുണോദയം ആസന്നമായിട്ടുണ്ടെന്നുതന്നെ പറയാം.

---

* ഇവിടെ ലേഖനകൎത്താവിൻെറ പേരു വിട്ടുകളഞ്ഞിരിക്കുന്നു. (പ്രസാധകന്മാർ)

# ഭാഷാകവികളും പ്രശംസകന്മാരും.

[ചില ചിന്തകൾ]

ഭാഷാസാഹിത്യം ഇപ്പോൾ പദാൽപദം വർദ്ധിച്ചുവരികയാണെന്നുള്ളതിന്ന തക്കമുണ്ടെന്നു തോന്നുന്നില്ല. പദ്യങ്ങളും ഗദ്യങ്ങളും ഇന്നു മലയാളഭാഷയിൽ ഒട്ടും കുറവില്ല. എങ്കിലും പദ്യങ്ങളാണു് സംഖ്യയിൽ കൂടിനില്ക്കുന്നതെന്നു വിചാരിപ്പാനും കാരണമുണ്ടു്. മാസികകൾ മിക്കവയും ഇന്നു പദ്യപക്ഷപാതികളായിട്ടാണു കാണപ്പെടുന്നതു്. ഇതിന്ന പല കാരണങ്ങളും ഉണ്ടായിരിക്കാം. പദ്യങ്ങൾക്കു പ്രായേണ ഗദ്യങ്ങളെക്കാൾ വശീകരണശക്തി കൂടിയിരിക്കും. അവ സുദീർഘവും അല്പം ദുർഘടങ്ങളുമായ ചിന്താസരണിയിൽ പ്രവേശിക്കാതെ, നേരിട്ടു നമ്മുടെ ഹൃദയത്തിലേക്കു കടന്നു വികാരങ്ങളെ സ്പർശിച്ചു താൽക്കാലികമായ ഒരു രസമോ, സുഖമോ, നൽകുന്നു. ഇന്നത്തെ പദ്യകൃതികളെ ആസ്വദിക്കുന്നതിന്ന നമുക്കു ബുദ്ധിയെ ക്ലേശിപ്പിക്കേണ്ട ആവശ്യം ഒട്ടും തന്നെയില്ല. അവയെ നിർമ്മിക്കുന്നതിന്നും ഇപ്രകാരം തന്നെ. വൃത്തങ്ങളുടെ വകഭേദങ്ങളും മററും അല്പം അറിഞ്ഞിരുന്നാൽ പദ്യം എഴുതി ഒപ്പിക്കുവാൻ വലിയ പ്രയാസമൊന്നുമില്ലെന്നാണു് ഇന്നാ

ത്തെ പദ്യസമൃദ്ധിയിൽ നിന്നും അവലംബിക്കേണ്ട അനുമാനം. ആദർശങ്ങളും ആശയങ്ങളും മററും വ ലിയ കാര്യമായി ഗണിക്കാനില്ലത്രെ. ശബ്ദഭംഗി യുണ്ടായാൽ എല്ലാമായി എന്നാണ മിക്കവരുടേയും വിചാരം. അല്പം വാസനകൂടി ഉണ്ടായാൽ പദ്യം എ ഴുതുവാൻ മറെറാന്നും ആവശ്യവുമില്ല.

ഇന്നത്തെ പദ്യങ്ങൾ മുക്കാലും ഒരുവക "കി ളിപ്പാട്ട്"കളാണ്. ഇപ്പോൾ പദ്യകൃത്തുകളായികാ ണപ്പെടുന്നവർ പ്രായേണ ചെറുപ്പക്കാരാണെന്നാണ തോന്നുന്നത്. യൗവനം പദ്യനിർമ്മാണത്തിന് അ നുകൂലമായ ഒരുപ്രായവുമാണ്. പ്രതിഭയുടെ പ്രസ രിപ്പും ഇക്കാലത്തു തന്നെയാണ് ഉണ്ടാവുന്നത്. പ്ര കൃതിവസ്തുക്കളെല്ലാം രമ്യങ്ങളായി തോന്നുന്നതും യു വദൃഷ്ടികളിലാണ്. ഏതു മനുഷ്യനും ഈ പ്രായ ത്തിൽ അല്പമെങ്കിലും "കവിതാ"മില്ലാതിരിപ്പാൻ തരമില്ല. ഇപ്പോൾ അല്പം അധികമുണ്ടെന്നേയുള്ളു. പ്രശംസയും സ്തുതിയും എല്ലാവക്കും രുചികരമായി ത്തന്നെയിരിക്കുമല്ലൊ. അതിൽ ആഗ്രഹവും ഉണ്ടാ വാം. ജീവിതത്തിന്റെ രൂക്ഷമായ വശവുമായിട്ടു പരിചയപ്പെട്ടിട്ടില്ലാത്തവരും വ്യാപാരരഹിതമായ സമയം ധാരാളമുള്ളവരുമായ പലരും പദ്യനിർമ്മാ ണം കേവലം നിർദ്ദോഷമായ ഒരു വിനോദമായി സ്വീകരിച്ചുവെന്നും വരാവുന്നതാണ്. തൊഴിലില്ലാ യ്മയെ പരിഹരിക്കാനായിട്ടും പക്ഷെ ചുരുക്കം ചിലർ പദ്യങ്ങൾ എഴുതുമെന്നുള്ളതും അസംഭാവ്യമല്ല. സ്വ ല്പമായ ധനേച്ഛയും ചിലരെ ഈ വിഷയത്തിൽ പ്രേരിപ്പിക്കുവാനിടയുണ്ട്. ഈകാരണങ്ങൾകൊണ്ടും

ഇതുപോലെയുള്ള മററുകാരണങ്ങൾകൊണ്ടും ഇന്നു മലയാളഭാഷയിൽ പദ്യമെഴുത്തുകാർ ഒട്ടധികം ഉണ്ടായിട്ടുണ്ട്. ഉണ്ടാകുന്നുമുണ്ട്. എന്നാൽ ഇവയിൽ "കവിത" എന്നു പറയത്തക്കവ എത്രയുണ്ടെന്ന് ഒരു സൂക്ഷ്മമായ പരിശോധനകൊണ്ടല്ലാതെ, നിൎണ്ണയിക്കുവാൻ പ്രയാസമാണ്. പദ്യങ്ങൾ എല്ലാം "കവിത" യാകുമെങ്കിൽ എല്ലാം ഒരുതരം കവിതതന്നെയാണെന്നുവേണം പറവാൻ. പക്ഷെ അങ്ങിനെ വിചാരിപ്പാൻ വഴികാണുന്നില്ല. അതുകൊണ്ടു പദ്യകൃത്തുകളൊക്കെയും കവികളായി ഗണിക്കപ്പെടുവാൻ തരമില്ല. എന്നാൽ കവികളേയും പദ്യകാരന്മാരേയും തിരിച്ചറിയുന്നതിന് അല്പം ശ്രമം വേണ്ടിയിരിക്കുന്നതിനാൽ, അതിൽ വിമുഖന്മാരായ നാം, മിക്കവരും എഴുതപ്പെടുന്നവയെല്ലാം കവിത തന്നെയെന്നു തീരുമാനിച്ച്, പ്രശംസാപത്രം നൾകുകയാണു പതിവ്. ഇത്ര മാത്രമേ ഉള്ളുവെങ്കിൽ അധികം തരക്കേടില്ലായിരുന്നു.

ഇന്നു പദ്യകൃത്തുകളുടെ സംഖ്യയോ, അവരുടെ പ്രശംസകന്മാരുടെ സംഖ്യയൊ, കൂടുതലായിരിക്കുന്നതെന്ന് അല്പം സംശയിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ സാരനിൎണ്ണയം ചെയ്യാതെയുള്ള പ്രശംസ ഗുണത്തേക്കാൾ അധികം ദോഷത്തെയാണു ചെയ്യുന്നത്. പ്രശംസാൎഹങ്ങളായ പദ്യങ്ങൾ അപൂൎവ്വം ചിലതു കണ്ടേക്കാം അതു ഗുണദോഷവിവേചനം കൊണ്ടു മാത്രമേ തിരിച്ചറിയാൻ തരമുള്ളു. ഇതു ഒന്നും കൂടാതെ പ്രശംസയെ വിതരണം ചെയ്യുന്നതു വാസ്തവത്തിൽ പദ്യകാരകന്മാരെ വഴിതെററിക്കുക

തന്നെയാണ്. അവരിൽ ഏറക്കുറെ അഹംഭാവം ജനിപ്പിക്കുകയും തൻമൂലം അവക്ക് അല്പം വല്ല വാസനയും ഉണ്ടെങ്കിൽതന്നെയും അതിനെ വികസിപ്പിക്കുന്നതിനും പരിഷ്ക്കരിക്കുന്നതിനും ഈ അഹംഭാവം ബാധകമായി ഭവിക്കുകയും ചെയ്യുന്നു. ഒരു കവിയാകട്ടെ, മററാരെങ്കിലുമാകട്ടെ, തനിക്കു വേണ്ട യോഗ്യതകളൊക്കെ, തികഞ്ഞിരിക്കുന്നുവെന്ന് അന്യന്മാരിൽനിന്നു ഗ്രഹിക്കുമ്പോൾ താൻ സൎവ്വജ്ഞനായി എന്നും, ഇനി ശ്രമം ഒന്നും ആവശ്യമില്ലെന്നും കരുതി അതിൽനിന്നും നിവൎത്തിക്കുവാനിടയുണ്ട്. അൎഹിക്കുന്ന പ്രശംസതന്നെ ഇങ്ങനെ ദോഷഹേതുകമായി ഭവിക്കുമെങ്കിൽ അനൎഹമായ പ്രശംസയുടെ കാൎയ്യം പറയേണ്ടതില്ലല്ലൊ. ഇതു നിമിത്തം സാഹിത്യവിഷയത്തിൽ നാം വിതരണം ചെയ്യുന്ന പ്രശംസയിൽ അധികം ഭാഗവും അസ്ഥാനത്തിലാണു പതിക്കുന്നതെന്നു നിശ്ചയമായും പറയാം. മനുഷ്യരുടെ ഇതരകൃത്യങ്ങളിൽ തന്നെയും യഥാൎത്ഥത്തിൽ പ്രശംസാൎഹങ്ങളായവ, വളരെ ചുരുക്കമായിട്ടാണിരിക്കുന്നത്. ഈ സ്ഥിതിക്കു പ്രത്യേകാനുഗ്രഹം വേണ്ടതായ ഭാഷാകവിതയിൽ, ഉണ്ടാകുന്നതൊ, ഉണ്ടാക്കുന്നതൊ എല്ലാം പ്രശംസാൎഹങ്ങളായി വരുന്നതു് എങ്ങിനെയാണൊ? ഹ്രസ്വവീക്ഷണമോ, വക്രദൃഷ്ടിയോ, പക്ഷപാതമൊ, അവ്യക്തഗ്രഹണമൊ മാത്രമാണ് ഇതിനുള്ള കാരണം. "അനൎഹമായ പ്രശംസ വേഷധരന്നമായ ആക്ഷേപമാണെന്നു" പറയപ്പെട്ടിരിക്കുന്നതും എത്രയോ വാസ്തവമാണ്. ലോകത്തിൽ ആക്ഷേപംകൊണ്ടു ദുഷിച്ചവരേക്കാൾ അനൎഹമായ

പ്രശംസമൂലം ദോഷപ്പെട്ടവരാണ് അധികമായി കാണപ്പെടുന്നത്. പ്രശംസ അത്ര ഉദാരഹസ്തത്തോടു കൂടി വിതരണം ചെയ്യേണ്ട ഒരു വസ്തു അല്ല; മിതവ്യയം വല്ല വിഷയത്തിലും ആവശ്യമുണ്ടെങ്കിൽ അതു പ്രശംസയുടെ വിഷയത്തിലാണെന്നുള്ളതിനു സംശയം ഇല്ല. ഇതിൻെറ അതിവ്യയവും ദുർവ്വ്യയവും അനാശാസ്യഫലത്തെ ജനിപ്പിക്കുന്നു. ചില ദിവ്യൗഷധങ്ങളെന്നപോലെ പ്രശംസ—മാത്രകുറച്ചു കൊടുക്കേണ്ട ഒരു സാധനമാണ്. രണ്ടും കൂടിപ്പോയാൽ വലിയ അപകടത്തിനിടയാകും. നാം നമ്മുടെ ഇടയിലുള്ള ചുരുക്കം ചില യഥാർത്ഥ ഭാഷാകവികൾക്കു നൽകുന്ന പ്രശംസതന്നെ അല്പം കടന്നുപോകുന്നില്ലയോ എന്നാണ് എൻെറ സംശയം. അവർ കവിത എഴുതിക്കഴിഞ്ഞിട്ടില്ല. പരിപൂർണ്ണതയെ പ്രാപിച്ചിട്ടുമില്ല. ഈ സ്ഥിതിക്കു നമ്മുടെ പ്രശംസയിൽ അല്പമെങ്കിലും ഭാവിയിലേക്കു കരുതൽധനമായി സൂക്ഷിക്കാതെ, വാരിചൊരിയുന്നതു സാഹസമാണ്. കിട്ടുവാനുള്ള പ്രശംസ മുഴുവൻ കിട്ടി എന്നു വരുമ്പോൾ കവികൾ അശ്രദ്ധന്മാരായി ഭവിക്കുവാനും അലസതയെ അവലംബിക്കുവാനും ഇടയുണ്ട്. ഇതു ലോകത്തിനു വലിയ ഒരു നഷ്ടമാണല്ലോ; എത്രയോ നല്ല കൃതികൾ ലഭിക്കാതെ പോകുവാനിടവരുന്നു. സമകാലീനന്മാരുടെ പ്രശംസ തന്നെ ഒരിക്കലും പക്ഷപാതരഹിതമായിരിക്കാൻ പ്രയാസമാണ്. അതു പ്രായേണ വാസ്തവത്തെ അതിശയിച്ചിരിക്കുവാനാണ് എളുപ്പം. നിഷ്പാക്ഷിണ്യമായ ഒരു നിരൂപണത്തിൻെറ ഫലമല്ലാത്ത എല്ലാപ്രശംസ

യും വാസ്തവത്തിൽനിന്നും കൂടിയോ കുറഞ്ഞോ ഇരിപ്പാനെ തരമുള്ളു. മേൽപ്രകാരമുള്ള പ്രശംസയല്ല, നാം ഇന്നു കവികൾക്കു വിതരണം ചെയ്യുന്നതു്. സ്നേഹത്തെ ആസ്പദമാക്കിയൊ,കക്ഷിപിടിച്ചോ ഗതാനുഗതികത്വത്തെ അവലംബിച്ചോ വല്ലാതെ ഭ്രമിച്ചോ ആണ് ഇന്നത്തെ പ്രശംസയുടെ പോക്കു്. ഇതു ഗുണത്തിനെയല്ല, ദോഷത്തിനെയാണു ചെയ്യുന്നതു് എന്നു മുമ്പു പറഞ്ഞതുപോലെ കവികളിൽ അടിസ്ഥാനരഹിതമായ അഹംഭാവം ജനിപ്പിക്കുകയും വായനക്കാരെ വഴിതെററിക്കുകയും ചെയ്യു എന്നുള്ളതാണു പ്രധാന ദോഷം.

വല്ല പദ്യഖണ്ഡമോ മററൊ ആരെങ്കിലും എഴുതിക്കഴിഞ്ഞാൽ ഉടനെ അയാൾക്കു "ഭൃതകവി" യെന്നോ "യുവകവി" എന്നോ "സരസകവി" എന്നോ ഒരു പേരും പ്രശംസയും വല്ല സ്നേഹിതനോ മററൊ നൾകുന്നു. ഇങ്ങനെ സ്ഥാനം ലഭിച്ചവർ ഇന്നു അനേകം പേരുണ്ടെന്നാണു തോന്നുന്നതു്. ഇന്നത്തെ ഭാഷാകവികൾ പ്രായേണ പ്രശംസാലോലുപന്മാരായതുകൊണ്ടു കിട്ടിയതിനെ ഉപേക്ഷിക്കാൻ വൈമനസ്യവുമുണ്ടു്. അവതാരികാരൂപത്തിലോ അഭിപ്രായഭാവത്തിലൊ ഉള്ള പ്രശംസയുംകൊണ്ടാണു പലരുടേയും രംഗപ്രവേശം തന്നെ. അവക്കു പിന്നെ വേറെ മാർഗ്ഗം അന്വേഷിക്കേണ്ട ആവശ്യം ഇല്ല. ഇതു നോക്കുമ്പോൾ പ്രശംസ കിട്ടുവാൻ മാത്രമായിട്ടാണു കവിതയൊ പദ്യമൊ എഴുതുന്നതെന്നുകൂടി തോന്നിപ്പോകും. യഥാൎത്ഥകവികൾ സ്വാതന്ത്ര്യാഗികളാണു്. പ്രകൃതിയെ നമുക്കു വേണ്ടി വ്യാഖ്യാനിക്കുക

യും, ലോകത്തെ ഉയൎത്തുകയും മനസ്സിന്നു നിൎമ്മലമായ
സുഖവും ജ്ഞാനവും നൽകുകയും മററുമാണ് ഇവരു
ടെ ഹിതവും വിഹിതവുമായ കൃത്യം. അല്ലാതെ പ്ര
ശംസാമൃഗവ്യമല്ല. ഭാഷയിൽ ഉത്തമസാഹിത്യം കു
റഞ്ഞിരിക്കുന്നതിന്നുള്ള ഒരുകാരണം വിവേചനശൂന്യ
മായ പ്രശംസാവിതരണമായിരിക്കുമെന്നുതന്നെ വി
ചാരിക്കേണ്ടിയിരിക്കുന്നു. സാഹിത്യവിഷയത്തിൽ
ഗുണദോഷവിവേചനം ചെയ്യുന്നതിന്നു പ്രാപ്തന്മാരാ
യി ഇന്നു നമ്മുടെ ഇടയിൽ എത്രപേരുണ്ട്? കവി
തകളേയൊ, പദ്യങ്ങളേയൊ മററൊ നിൎവ്വിശങ്കം പ്ര
ശംസിക്കുന്നവൎക്ക് ഭാഷാസാഹിത്യത്തോട് ഒരു ഉ
ത്തരവാദിത്വവും ഇല്ലെന്നുവരുമൊ? നമുക്കു സാഹി
ത്യവിഷയത്തിൽ ഗുണദോഷവിവേചനം ചെയ്വാൻ
ശേഷിയില്ലെങ്കിൽ ആ ശേഷിക്കുറവിനെ പ്രശം
സകൊണ്ടു മറയ്ക്കാതെ, അതിന്നു പ്രാപ്തിയുള്ളവൎക്കു
ആ കൃത്യത്തെ വിട്ടുകൊടുക്കുന്നതല്ലയൊ ഉത്തമം?

മലയാളഭാഷയിൽ ഇന്നു ചുരുക്കം ചില ന
ല്ലകവികളുമുണ്ട്. രണ്ടോ, മൂന്നോ കാണുമായിരി
ക്കും. അവർ പ്രശംസയ്ക്കൎഹന്മാരാണെന്നുമുള്ളതിന്നു
സംശയമില്ല. എന്നാൽ അവരുടെ വിഷയത്തിലും
നാം ഔചിത്യത്തിന്റെ സീമയെ, അതിക്രമിക്കുന്നു
ണ്ടെന്നു പറയാതെ തരമില്ല. ഇതിരിക്കട്ടെ—അ
ൎഹതയില്ലാത്തവരെ പലരേയും നമ്മുടെ പ്രശംസാ
വാരിധാരകൊണ്ട് അഭിഷേകം ചെയ്യുന്നതു ഭാഷാ
സാഹിത്യത്തിന്റെ ഗുണത്തിന്നും പോഷണത്തിന്നും
ഹാനികരമല്ലയോ എന്നാണു ചിന്തിക്കേണ്ടതു്. പ്ര
ശംസ അതിരു കവിഞ്ഞതായിരുന്നാൽ അതിന്നു തീരെ

വിലയില്ലാതെ വരാനിടയുണ്ട്. പ്രശംസയെപ്പോലെ നാം വിലമതിക്കുന്ന വസ്തു ലോകത്തിൽ മറെറാന്നുമുണ്ടെന്നു തോന്നുന്നില്ല. സമരവിജയിക്കും, രാജ്യതന്ത്രജ്ഞനും, സാർവ്വഭൗമനും, സാഹിത്യകാരനും, ശില്പിക്കും മറെറല്ലാവക്കും ഇതിൽ ആഗ്രഹമുണ്ടായിരിക്കും. പ്രശംസ അതി ആസ്വാദ്യമധുരമായിട്ടുള്ള വസ്തുവാണ്. എന്നാൽ ഏതു വസ്തുവിനും വില കല്പിക്കുന്നതു് അതിൻെറ ഗുണദോഷങ്ങളെപ്പററി ചിന്തിച്ചതിനുമേൽ മാത്രം വേണ്ടതാണല്ലൊ. കവിതകൾ ഇതിനു വ്യത്യസ്തങ്ങളല്ല.

ഇന്നത്തെ സ്ഥിതി നോക്കുക. ഏതു മലയാളമാസിക എടുത്തു നോക്കിയാലും അതിൽ പാതിയിലധികംഭാഗം ഏതെങ്കിലും പദ്യംകൊണ്ടു നിറഞ്ഞിരിക്കുന്നതായി കാണാം. ഇതിൽനിന്നും പലതും ചിന്തിക്കേണ്ടതായുണ്ട്. വായനക്കാരിൽ അധികംപേരും പദ്യപ്രിയന്മാരായിരിക്കാം. അല്ലെങ്കിൽ പദ്യരചന, ഗദ്യരചനയേക്കാൾ സുകരമായിരിക്കാം. അല്ലാത്തപക്ഷം, മാസികാപ്രവത്തകന്മാക്ക് ഗദ്യമെഴുത്തുകാരെ കിട്ടാൻ പ്രയാസമായിരിക്കാം. അഥവാ പദ്യങ്ങൾക്കു പ്രശംസ ലഭിക്കാൻ പ്രയാസമില്ലായിരിക്കാം. ഇതൊക്കയും നോക്കുമ്പോൾ ഭാഷാസാഹിത്യത്തിന് ഇപ്പോൾ അല്പം അപകഷം സംഭവിച്ചുതുടങ്ങീട്ടുള്ളതായി ശങ്കിക്കാൻ ഇടയുണ്ട്. കവികളുടെ കൃത്യം ജനങ്ങളുടെ അഭിരുചിയെ ദുഷിക്കാതേയും അധഃപതിക്കാതേയും ഒരുന്നതപദത്തിൽ നിലനിത്തുകയാണ്. ഇതിനു പരിപക്വമായ ബുദ്ധിയും, അനന്യസാധാരണമായ നിരീക്ഷണശ

ക്തിയും അലൌകികസാമാന്യമായ വിജ്ഞാനവും പ്രതിഭാവിലാസവും ഉണ്ടായിരിക്കേണ്ടതാണ്. ഈ ഗുണങ്ങളില്ലാത്തവർ കവികളല്ലയൊ എന്ന ചോദിക്കയാണെങ്കിൽ അല്ലെന്നുതന്നെയാണ് ഉത്തരം പറയേണ്ടതു്. പദ്യം നിർമ്മിക്കുന്നതിനും ഇതെല്ലാം വേണമോ എന്ന ചോദിക്കുമായിരിക്കാം. എഴുതുന്നതിന് ഇതൊന്നും വേണമെന്ന തോന്നുന്നില്ല. പക്ഷെ മുൻപറഞ്ഞ ഫലം സിദ്ധിക്കണമെങ്കിൽ ഇവകൂടാതെ സാധിക്കുമെന്ന വിചാരിപ്പാൻ വഴികാണുന്നില്ല. ഇന്ന് ഏതു ഭാഷയിൽ നോക്കിയാലും ചിന്തകന്മാർ കൂടിയും കവികൾ കുറഞ്ഞും ഇരിക്കുന്നതായി കാണാം. ഇങ്ങനെ അല്ലാതെ വരാൻ തരമില്ല. കവിതയ്ക്കുവേണ്ടുന്ന വിവിധങ്ങളായ പ്രത്യേകഗുണങ്ങൾ വളരെ ചുരുക്കം ആളുകൾക്കു മാത്രമേ ലോകത്തിൽ ഉണ്ടായിരിക്കാൻ തരമുള്ളൂ. പ്രകൃതിവീക്ഷണത്തിൽ അഗാധദൃഷ്ടി, അനുഭവജ്ഞാനം, പ്രതിഭാവിലാസം, വാസന, പകൽപബുദ്ധി, മുതലായ അവശ്യഗുണങ്ങൾ തികഞ്ഞവർ ലോകത്തിൽ വളരെ ചുരുക്കമായിട്ടേ, കാണ്മാൻ തരമുള്ളൂ. കവികൾ കുറച്ചു മാത്രമേ ഉള്ളുവെങ്കിൽ കവിതാമർമ്മജ്ഞന്മാരും രസജ്ഞന്മാരും അതിലും കുറഞ്ഞിരിക്കാനേ തരമുള്ളൂ. നിർമ്മാണത്തെക്കാൾ പ്രയാസംകൂടിയ കൃത്യമാണു നിരൂപണം. എന്നാൽ ഇന്നു മലയാളഭാഷയിൽ കാണുന്നതു നേരെ മറിച്ചാണ്. നിർമ്മാണം എളുപ്പം, നിരൂപണം അതിലുമെളുപ്പം, ഇതിൽ നിന്നും നമുക്ക് അല്പം മാർഗ്ഗഭ്രംശം പററിയതായിവേണം വിചാരിപ്പാൻ.

കവിതകൾ അവയുടെ യഥാൎത്ഥ വൈശിഷ്ട്യത്തെത്തന്നെ ആശ്രയിച്ചുവേണം ലോകത്തിൽനിലനില്ക്കാൻ. അന്യന്മാരുടെ പ്രശംസയാകുന്ന പൊയ്ക്കാലിന്മേൽ കയറിനിന്നാൽ താഴെ ഇറങ്ങേണ്ടതായിത്തന്നെ വരും. പ്രശംസയ്ക്കുമാത്രം വേണ്ടി പദ്യമോ, കവിതയോ, എഴുതുന്നവർ ഇതു് ഓൎത്താൽ നന്ന്. സാഹിത്യവും പ്രത്യേകിച്ചു കവിതയും ഒരു കളിപ്പാട്ടവും മററുമല്ല. അതു ഭാഷയ്ക്കു പ്രാപിക്കാൻ കഴിയുന്നതായ അത്യുൽകൃഷ്ടമായ രൂപമാണ്. അതിന്നു നാം നമ്മുടെ വിക്രിയകൾകൊണ്ടു വൈരൂപ്യം വരുത്താതെ ഇരിക്കയാണു വേണ്ടതു്. പദ്യങ്ങൾ പോരാത്തതുകൊണ്ടു മലയാളഭാഷയ്ക്കു് ഇന്നു വലിയ ന്യൂനത ഉണ്ടെന്നു തോന്നുന്നില്ല. അധികമായതുകൊണ്ടു വല്ലദോഷവും ഉണ്ടെങ്കിലേ ഉള്ളു. പാഠ്യപുസ്തകമാക്കി വിദ്യാൎത്ഥികളെ വിഷമിപ്പിക്കുന്നതിന്നു വേണ്ടി എഴുതപ്പെടുന്ന പദ്യങ്ങൾതന്നെ ഭാഷയ്ക്കു വലിയ ഭാരമാണ്. പ്രശംസയ്ക്കുവേണ്ടി എഴുതുന്നവയും കൂടിച്ചേൎന്നാൽ ഭാഷയ്ക്കു കുബ്ജതാഭ്രമോ മററൊ വന്നേക്കാൻ ഇടയുണ്ടു്. അതുകൊണ്ടു പദ്യങ്ങളെ പ്രശംസിക്കുന്നതിന്നു മുമ്പു കുറഞ്ഞ പക്ഷം രണ്ടു തവണയെങ്കിലും ചിന്തിച്ചു നോക്കേണ്ടതാണ്. പ്രശംസ അതിരു കവിഞ്ഞാൽ നമ്മുടെ പൌരുഷത്തെ ഹനിക്കുന്നതാണ്.

സാഹിത്യവിഷയത്തിലും ഇതു വാസ്തവം തന്നെയാണ്. യോഗ്യത എവിടെ ഇരുന്നാലും പ്രകാശിക്കാതെ ഇരിക്കയില്ല. പ്രശംസകനെ അന്വേഷിച്ചു പോകേണ്ട ആവശ്യവും ഇല്ല. "നരത്തമന്വി

ഷ്യതി, മൃഗ്യതേഹിതൽ” എന്നാണല്ലൊ കവിത
ന്നെ പറഞ്ഞിരിക്കുന്നതു്. എന്നാൽ നമ്മുടെ പല
കവികൾക്കും ഇതു് ഒരു ചാപല്യമായിട്ടു കാണപ്പെട്ടു
ന്നുണ്ടു്. ആത്മവിശ്വാസത്തിന്റെ കുറവായിരിക്കാം
ഇതിനുള്ള കാരണം.

> വിജ്ഞന്മാരഭിനന്ദിച്ചേ
> വിജ്ഞാനം സാധുവാസ്സുരു.
> നല്ലശിക്ഷകഴിച്ചോക്കു-
> മില്ലവിശ്വാസമാത്മനി.”

എന്നു പറഞ്ഞിട്ടുള്ളതു ശരിതന്നെയാണു്, എന്നാൽ “വിജ്ഞന്മാർ”എന്നു വിവക്ഷിച്ചിട്ടുള്ളതു് അല്പജ്ഞന്മാരായ തൂലികാഹസ്തന്മാരല്ലെന്നു് അറിഞ്ഞിരിക്കേണ്ടതാണു്. പ്രശംസയുടെ വില അതിന്റെ ഉല്പത്തിസ്ഥാനത്തെ ആശ്രയിച്ചിരിക്കുന്നതാണു്. ദത്തമായ പ്രശംസയേക്കാൾ വില കൂടുന്നതു് അദത്തമോ, അപൂൎവ്വദത്തമോ ആയിരിക്കുന്ന പ്രശംസയ്ക്കാണെന്നുള്ളതിനു സംശയമില്ല.

നമ്മുടെ യഥാൎത്ഥ കവികൾ തന്നേയും തങ്ങളെപ്പററി അകമെ ബഹുമാനമുണ്ടെങ്കിലും പുറമെ പ്രശംസിക്കാതെയിരിക്കുന്നവരുടെ അഭിപ്രായത്തിനാണു കൂടുതൽ വില കല്പിക്കുന്നതു്. മഹാകവികളെ പ്രശംസിക്കുക എന്നുള്ളതുതന്നെ അതിസുകരമായ ഒരു കാൎയ്യമല്ല. അവരുടെ ആശയങ്ങളെ അനുഗമിക്കാൻ നമുക്കു സാധിക്കയില്ല. അവ ചിലപ്പോൾ പാതാളഗംഗയെപ്പോലെ മറഞ്ഞും ചിലപ്പോൾ ആകാശഗംഗയെപ്പോലെ ഉയൎന്നും അപൂൎവ്വം ചിലപ്പോൾ ഭൂഗംഗയെപ്പോലെ പരന്നും ഒഴുകുന്നു.

വാല്മീകി, ഷെക്സ്പിയർ, ഹോമർ, കാളിദാസൻ, മുതലായവരുടെ എത്രയോ ആശയങ്ങൾ ഇന്നും അജ്ഞാതങ്ങളും അതലസ്പർശങ്ങളും ആയി കിടക്കുന്നു ഇവരെ നാം സ്തുതിക്കുന്നുണ്ടെങ്കിൽ അതു അല്പം ശങ്കയോടുകൂടിത്തന്നെയാണ്. നമ്മുടെ പ്രശംസ അസ്ഥാനത്തിലാകാനാണ് എളുപ്പം. ഇങ്ങനെ ഇരിക്കെ വല്ല മുറിപ്പദ്യമൊ മറെറാ കണ്ടാലുടനെ സ്തുതിക്കാൻ പുറപ്പെടുന്നതു് എത്രയൊ അബദ്ധമാണ്. സാഹിത്യത്തിലേക്ക് എത്തിനോക്കുന്നവരേയും അതിലേക്കു കാൽവയ്ക്കാൻ ഭാവിക്കുന്നവരേയും പ്രശംസിച്ചു ശകുനം മുടക്കാതിരിക്കയാണു വേണ്ടതു്. പദ്യകൃത്തുകൾ പദ്യങ്ങൾ ധാരാളം എഴുതട്ടെ. പക്ഷെ അവർ ഒരിക്കൽ കവികളായി എന്നുവരാം. അതിന് അവൎക്ക് അവസരം നൽകുന്നതിനു വേണ്ടി എങ്കിലും കുറച്ചു ക്ഷമിച്ചിരിക്കയാണു വേണ്ടതു്. പ്രശംസക്കു് ആവശ്യപ്പെടുന്നവരോടു് അല്പം ക്ഷമിച്ചിരിക്കുവാൻ ഉപദേശിക്കുകയും വേണം. എന്നാൽ യഥാകാലം പക്ഷെ അതുലഭിച്ചു എന്നുവന്നേക്കാം: ഭാഷാസാഹിത്യത്തിന് ഇപ്പോൾ യൌവനദശയാണ്. അതുകൊണ്ടു് അതിനെ പോയവഴിക്കു വിട്ടയക്കുകയല്ല വേണ്ടതു്. വിമൎശനരശ്മികൊണ്ടു് അതിനെ യഥാക്രമം നിയമനം ചെയ്കയാണത്യാവശ്യം. അന്യന്മാരെ പ്രശംസിക്കുന്നതിനുള്ള സൌമനസ്യം നമുക്കുണ്ടെങ്കിൽ അതിനെ അപത്തുവൎഷംപോലെ ചൊരിയാതെ സൂക്ഷിച്ചു വച്ചുകൊണ്ടു് അവസരോചിതമാകുംവണ്ണം ഉപയോഗിക്കുന്നതു യുക്തമായിരിക്കും.

ഞാൻ ഇത്രയും പറഞ്ഞതുകൊണ്ടു പദ്യമെ

ഴുത്തുകാരെ നിരാശപ്പെടുത്തുകയാണെന്നു വിചാരിക്കേണ്ട ആവശ്യമില്ല. പ്രശംസ യഥാകാലം മിതമായിമാത്രം മതിയെന്നാകുന്നു പറയുന്നതു്. മററു ഭാഷകളിൽ കുറഞ്ഞിരിക്കുന്നതിന്റെ കാരണവും ചിന്ത്യമാണു്. വാസന, പ്രതിഭ, പ്രകൃതിനിരീക്ഷണവിചക്ഷണത, മുതലായ അനുഗ്രഹങ്ങൾ ലഭിച്ചിട്ടുള്ളവർ വളരെ കുറഞ്ഞിരിക്കുന്നതാണു് ഇതിനുള്ള കാരണം. കവിതകൾ നമുക്കത്യാവശ്യംതന്നെയാണു്. വിവിധലോകവ്യാപാരനിരതന്മാരായി, സദാ അസ്വസ്ഥന്മാരായിരിക്കുന്ന നമുക്കു് ഇടയ്ക്കിടെ വിശ്രമവിനോദസുഖലാഭത്തിനു് ഇവ ഏററവും ഉപയുക്തങ്ങളാണു്. എന്നാൽ ഒരു ആംഗളേയകവി പറയുന്നതുപോലെ വായനക്കാൎക്കു് ഉറക്കംവരുത്തുവാൻവേണ്ടി രാത്രിമുഴുവൻ പ്രജാഗരം അനുഷ്ഠിച്ചു് എഴുതപ്പെടുന്നവയല്ല, ഇന്നു ലോകം ആവശ്യപ്പെടുന്നതു്. നാം പഴയ കവിതകളെക്കൊണ്ടു തൃപ്തിപ്പെട്ടിരുന്നാൽമാത്രം പോരതാനും. ലോകത്തിൽ പ്രതിക്ഷണമെന്നപോലെ സംഭവിച്ചുകൊണ്ടിരിക്കുന്ന മാററങ്ങളെ അനുഗ്രഹീതദൃഷ്ട്യാ അവലോകനംചെയ്തു് അവയിൽ നിർലീനമായ വിജ്ഞാനമധുവിനെ സരഘകളേപ്പോലെസംഗ്രഹിച്ചു ലോകൎക്കു് ആസ്വാദനാൎത്ഥം നൽകേണ്ടതത്യാവശ്യം തന്നെയാണു്. എന്നാൽഇതിനു പ്രാപ്തിയുള്ളവർ ഇന്നു് എത്രയുണ്ടെന്നാണു സംശയിക്കേണ്ടതു്. ഗതാനുഗതികത്വം പോരാ—സൂക്ഷ്മമായ നിഗ്രഹണശക്തിയും സ്വതസ്സിദ്ധമായ നിൎമ്മാണശക്തിയും സരസമധുരമായ പ്രതിപാദനരീതിയും ഒഴിച്ചുകൂടാത്തവയാണു്. ഈ മാനസികോപകരണങ്ങൾ കു

ടാതെ കവിതാസൃഷ്ടിയിൽ കൈവെയ്ക്കുന്നതു് അല്പം സാഹസമായി വന്നേക്കാം.

## ഭാരതീയരുടെ ഭാവി.

ഭാരതീയരായ നാം അനാശാസ്യമായ ദൈൎഘ്യത്തോടുകൂടിയ ഒരു നിദ്രയെ സേവിച്ചു പരാധീനശയ്യയിൽ കിടന്നു കാലം കഴിച്ചു വരികയായിരുന്നു. ഒരുകാലത്തു നാം നിൎന്നിമേഷന്മാരായി ലോകോപകാരാൎത്ഥം പ്രവൎത്തിച്ചുവന്നുവെന്നുള്ളതിനു ലക്ഷ്യങ്ങൾ ഇല്ലാതില്ല. അനേകം എതിർശക്തികളുടെ നിരന്തരവ്യാപാരം ഉണ്ടായിരുന്നിട്ടും ഇന്നും നശിക്കാതെ സചേതനമായി വൎത്തിക്കുന്ന പൌരസ്ത്യപരിഷ്കാരം ഇതിനു് ഒരുത്തമലക്ഷ്യമാകുന്നു. അതിൻെറ കിരണങ്ങൾ അല്പംമങ്ങിയെന്നിരുന്നാലും ഇന്നും ദിഗന്തവിശ്രാന്തങ്ങളായിത്തന്നെ ഇരിക്കുന്നു. എന്നാൽ തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരുന്ന വിദേശീയാക്രമണവും സുദീൎഘമായ വിദേശീയഭരണവും നിമിത്തം നാം അനന്യഗതികരായി നിരാശപ്പെട്ടു പരാധീനതയിൽ നിദ്രോന്മുഖന്മാരായി വൎത്തിച്ചുവന്നിരുന്നു. എന്നാൽ എത്ര ദീൎഘമായ നിദ്രയ്ക്കും ഒരവസാനം ഉണ്ടാകാതെ കഴികയില്ലല്ലൊ. കാലശക്തി അതിൻെറ അപ്രതിഹതമായ ഗതിയിൽ യാതൊരു വസ്തുവിനേയും സ്പൎശിക്കാതെ ഉപേക്ഷിക്കപ്പെതിവില്ല. നിദ്രാലുക്കളായ ഭാരതീയരേയുംഅതു വിട്ടുകളഞ്ഞില്ല. നാം ദോഷ

ങ്ങളായി ഗണിക്കുന്ന സംഗതികൾ പലപ്പോഴും സു ഖപൎയ്യവസായികളായിത്തീരുന്നതു ലോകത്തിൽ അ സാധാരണമല്ല. പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ വ ൎദ്ധിച്ചു വരുന്ന പ്രചാരവും അതു നൽകിയ നവീനാദ ൎശങ്ങളും ആശയങ്ങളും പാശ്ചാത്യരാജ്യചരിത്രങ്ങളി ൽ നിന്നും ഗ്രാഹ്യങ്ങളായ പാഠങ്ങളും ഭാരതീയരായ നമുക്കു ലോകത്തേയും മനുഷ്യവൎഗ്ഗത്തേയും കുറിച്ച് ഒ രു വിശാലവീക്ഷണം നൽകാതിരുന്നില്ല. ഇംഗ്ലീഷു ചരിത്രം തന്നെ യഥാൎത്ഥത്തിൽ ആദ്യവസാനം സ്വാ തന്ത്ര്യലാഭത്തിനുള്ള ഒരു നിരന്തരപരിശ്രമത്തിന്റെ ചരിത്രം തന്നെയാണ്. ഈ വിധത്തിലുള്ള ഒരു വിദ്യാഭ്യാസം കേവലം ഫലശൂന്യമായി ഭവിക്കാൻ ഇടയില്ലല്ലൊ. ഭാഗ്യവശാൽ വാസ്തവത്തിൽ അ ങ്ങനെ ഭവിച്ചുമില്ല. പക്ഷെ ചില വൃക്ഷബീജങ്ങ ളെപ്പോലെ വേരൂന്നി മുളക്കുന്നതിന് അല്പകാലതാ മസം വേണ്ടതായി വന്നുവെന്നേയുള്ളു. ഏതായാ ലും ഈ രീതിയിലുള്ള വിദ്യാഭ്യാസം നമ്മെ നമ്മുടെ സ്ഥിതിയെപ്പററി ചിന്തിക്കുന്നതിനും നമ്മുടെ ചുററും നോക്കുന്നതിനും നമുക്കവസരം നൽകി. ഈ പൎയ്യ വേക്ഷണത്തിന്റെ ഫലമായി നമുക്കു സ്വന്തരാജ്യ മില്ലെന്നും നാം സൎവ്വത്ര പരാധീനന്മാരാണെന്നും ന മ്മിൽ ബുദ്ധിമാന്മാൎക്കു പലൎക്കും തോന്നിത്തുടങ്ങി. നമ്മുടെ ഭരണകൎത്താക്കന്മാരിൽ തന്നെ പലൎക്കും ഈ കാൎയ്യത്തിൽ നമ്മോടനുകമ്പയുള്ളതായും കണ്ടു തുട ങ്ങി. ഇപ്രകാരമുള്ള ഒരു ചിത്തവൃത്തിയുടെ ബാഹ്യ ചിഹ്നമായിട്ടാണു ഭാരതമഹാജനസഭ ആദ്യമായിഅ വതരിച്ചതു്. ഇതാണു ഭാരതീയരുടെ സുപ്തപ്രബോ

ധനത്തിൻെറ പ്രഥമവും അവിതൎക്കിതവുമായ ലക്ഷണം. അതായിരുന്നു സ്വാതന്ത്ര്യപ്രസ്ഥാനത്തിനായി ജ്വലിപ്പിച്ച പ്രഥമദീപം. ഈ മഹാജനസഭ ആരംഭത്തിൽ ഒരു മിതമായ രീതിയിലും ഒരു ചെറിയ പരിധിയിലുമാണു പ്രവൎത്തിച്ചുവന്നതു്. എങ്കിലും അതിൻെറ ശൈശവരോദനത്തിന് അന്നും വിലയില്ലാതിരുന്നില്ല. അതിൻെറ അപേക്ഷരൂപേണയുള്ള നിശ്ചയങ്ങൾ ഓരോന്നായി ഭരണകൎത്താക്കന്മാർ സ്വീകരിച്ചു പ്രവൎത്തിച്ചിട്ടും ഉണ്ടു്. ദീൎഘദൎശികളും ബുദ്ധിമാന്മാരും സ്വദേശാഭിമാനികളും സുപ്രസിദ്ധന്മാരുമായ ഭാരതീയരുടെ നേതൃത്വത്തിൽ ആരംഭിച്ചു നടത്തിവന്ന ഈ സഭ ശക്തിയിലും കാൎയ്യക്ഷമതയിലും ഗൌരവത്തിലും പദാൽപദം വൎദ്ധിച്ചു ശാഖോപശാഖാരൂപത്തിൽ ഭാരതംമുഴുവനും മുക്കിലും മൂലയിലും വ്യാപിച്ചു സ്വരാജ്യലാഭാൎത്ഥം പ്രവൎത്തിച്ചുവരികയാണ്. എന്നാൽ ഈ മഹാസഭ പ്രധാനമായി ചെയ്തിട്ടുള്ളതു് അവകാശസമ്പാദനമല്ല. നമുക്കു നഷ്ടമായിപോയ അവകാശങ്ങൾ ഇന്നവയെല്ലാമാണെന്നും നമ്മുടെ ഇന്നത്തെ നില എവിടെയാണെന്നും നമ്മുടെ ആദൎശങ്ങൾ എന്തായിരിക്കണമെന്നും നഷ്ടപ്രായങ്ങളായ അവകാശങ്ങളെ വീണ്ടും സമ്പാദിക്കുന്നതിനുള്ള ന്യായമാൎഗ്ഗങ്ങൾ എന്തെല്ലാമാണെന്നും ലോകത്തിലുള്ള മററു രാജ്യങ്ങളെ അപേക്ഷിച്ചു നമ്മുടെ സ്ഥിതി എത്ര ശോച്യമാണെന്നും നമ്മുടെ അഭിമാനസംരക്ഷണത്തിനു മേൽ എന്താണു കൎത്തവ്യമെന്നും മററുമാണ് ഈ സഭ നമ്മെ ഉൽബോധിപ്പിക്കുന്നതു്. ലോകൈകവന്ദ്യനും, സൎവ്വസംഗപരിത്യാഗിയും, ദീൎഘ

ദശിയും, പരാത്ഥജീവിയും, പ്രശാന്തഗംഭീരനുമായ മഹാത്മാഗാന്ധിയുടെ നേതൃത്വവും ഉപദേശങ്ങളും നയോപായങ്ങളും ഭാരതീയക്ക് ലഭിച്ചതോടുകൂടി സംഗതികളുടെ സ്ഥിതിക്ക് ഒരു പ്രത്യേക ഊജ്ജിതവും ശീഘ്രതയും ലഭിക്കാൻ ഇടയായി. ഭാരതീയരുടെ സ്വാതന്ത്ര്യപ്രസ്ഥാനത്തിനു സവ്വപ്രകാരേണ ഇദ്ദേഹം സൂത്രധാരനായി വത്തിച്ചു. ഇദ്ദേഹത്തിൻെറ പ്രധാന ഉപകരണം നിസ്സഹകരണമായിരുന്നു. ഇതുകൂടാതെ ഡാക്ടർ ആനിബസൻറ മദാമ്മയും പ്രേക്ഷാവത്തുക്കളും പ്രവൃത്തിധീരന്മാരുമായി മററു അനേകം ഭാരതീയരും ഇതിൽ ഭാഗഭാക്കുകളായും തീന്നു. ഇന്നു ഭാരതീയരിൽ അസാമാന്യമസ്തിഷ്കയുക്തന്മാരെല്ലാവരും അല്പം ചില അഭിപ്രായവ്യത്യാസത്തോടുകൂടി ഈ പ്രസ്ഥാനത്തിൽ ഒരുവിധം അല്ലെങ്കിൽ മറെറാരുവിധം ആസക്തചിത്തന്മാരായി പ്രവത്തിക്കുന്നുമുണ്ട്. ഇതുനിമിത്തം ഭരണാധികാരികൾ മുറുകിപ്പിടിച്ചിരുന്ന കൈയ് അല്പാല്പമായി അയക്കുന്നുമുണ്ട്. പൂണ്ണസ്വാതന്ത്ര്യം നൽകുന്നതിനുള്ള വൈമനസ്യം ഇനിയും തീന്നിട്ടില്ല. കുറച്ചുകാലംമുമ്പുണ്ടായ മഹായുദ്ധത്തിനുശേഷം ലോകത്തിലുള്ള മിയ്ക്ക രാജ്യങ്ങളും സ്വാതന്ത്ര്യം സമ്പാദിച്ചുകഴിഞ്ഞു. ഭാരതം മാത്രം ഇനിയും ഏക വ്യത്യസ്തമായി ഇന്നും നില്ക്കുന്നു. പല ആംഗ്ലേയചിന്തകന്മാരും രാജ്യതന്ത്രവിശാരദന്മാരും ഇന്നു ഭാരതീയരുടെ പ്രയത്നത്തിന് അനുകമ്പ പ്രദശിപ്പിച്ചുവരുന്നുണ്ട്. എന്നാൽ മിസ്സ് മേയെ മുതലായി ഭാരതീയരുടെ മേൽ പങ്കപ്രക്ഷേപം ചെയ്യുന്നവരും ഇടക്കിടക്കില്ലാതില്ല. ഭാരതീയക്ക് പൂണ്ണ

സ്വാതന്ത്ര്യം നൽകാതിരിക്കുന്നതിന് എതിരാളികൾ പുറപ്പെട്ടുവിക്കുന്ന യുക്തികളിൽ ഒന്ന് അവർ ഇന്നും ഈ വിഷയത്തിൽ സുശിക്ഷിതരായിക്കഴിഞ്ഞിട്ടില്ലെന്നും പരിശീലനഘട്ടത്തിൽ മാത്രം ഇരിക്കുന്നതെ ഉള്ളു എന്നും, മറെറാന്നു, ഭാരതം വിവിധജാതിമതക്കാരാൽ അധിവസിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു യോജിച്ചു പ്രവൎത്തിക്കുന്നതു പ്രയാസമാണെന്നും തമ്മിൽതമ്മിൽ കലഹിച്ചുകൊണ്ടു വൎത്തിക്കുന്നവരാണെന്നും മററുമാണ്. എന്നാൽ മഹമ്മദീയരും ഹിന്ദുക്കളും തമ്മിൽ ചേൎന്നു പല അവസരങ്ങളിലും ചെയ്തിട്ടുള്ള സഖ്യവും, ശപഥവും, അതനുസരിച്ചു ചെയ്തിട്ടുള്ളതും ചെയ്തുവരുന്നതുമായ മൈത്രീസൂചകങ്ങളായ പ്രവൃത്തികളും ഈ യുക്തിയുടെ അടിസ്ഥാനത്തെ ആകമാനം ധ്വംസിച്ചിരിക്കുന്നു. കലഹങ്ങളും മററും മനുഷ്യസ്വഭാവത്തിൻെറ അപരിഷ്കൃതാംശങ്ങൾ അവശേഷിച്ചിരിക്കുന്ന ദിക്കുകളിൽ ഒക്കെയും ഇടക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നതു സാധാരണയാണ്. ഭാരതത്തിനു പ്രത്യേകമല്ല. ഭാരതീയരുടെ നിരന്തരപരിശ്രമത്തിൻെറ ഫലമായി അഞ്ചെട്ടുകൊല്ലം മുമ്പു ഭരണസമിതിയുടെ ഏതാനുംഭാഗം ചില വ്യവസ്ഥകളോടുകൂടി അവൎക്ക് വിട്ടുകൊടുത്തിട്ടുണ്ട്. എന്നാൽ ഇതുകൊണ്ടു ഭാരതീയപ്രധാനികൾ ഒട്ടുംതന്നെ തൃപ്തിപ്പെട്ടിട്ടില്ല. ഇതിനെ ഇന്നും പലരും സംശയദൃഷ്ട്യാ വീക്ഷിച്ചുകൊണ്ടിരിക്കയാണ്. ഈ ഏൎപ്പാട് എത്രമാത്രം വിജയപ്രദമായിട്ടുണ്ടെന്നും ഇനി ഭരണവിഷയത്തിൽ എന്തെല്ലാം അവകാശങ്ങൾ കൂടുതലായി നൽകാമെന്നും അന്വേഷണം നടത്തു

ന്നതിന് ഇപ്പോൾ "സൈമൺ കമ്മീഷനെ" *
ഇംഗ്ലീഷ് പാർല്ലമെൻറിൽ നിന്നും നിയമിച്ചിരിക്ക
യാണ്. എന്നാൽ അതിൽ ഭാരതീയർക്കു പ്രാതിനിധ്യ
സ്ഥാനം നൾകാത്തതുകൊണ്ടു ഭാരതീയർ ഏറിയകൂ
റും ഇവരോടു നിസ്സഹകരണനയം അനുവർത്തിക്കണ
മെന്നാണു തീർച്ചയാക്കിയിരിക്കുന്നത്. ഒന്നുകിൽ ക്യാ
നഡ, ആസ്ത്രേലിയ ഇവയെപ്പോലെ നാമമാത്രമേധാ
വിത്വത്തോടുകൂടിയ സ്ഥിതിയൊ അല്ലാത്തപക്ഷം
പൂർണ്ണസ്വാതന്ത്ര്യമൊ ലഭിക്കണമെന്നാണു ഭാരതീയ
രുടെ ഇത്തത്തെവാദം. ഇതിലേതാണു നമുക്ക് അവ
സാനമായി ലഭിക്കാൻ പോകുന്നത് എന്ന് ഇപ്പോൾ
തീർച്ചയായി പറയുന്നതിന് ഇന്നത്തെ സ്ഥിതിഗതി
കൾ അനുവദിക്കുന്നില്ല എങ്കിലും ഇതിൽ രണ്ടിലൊ
രു സ്ഥാനം അചിരേണ നമുക്കു ലഭിക്കുമെന്ന് ആശി
ക്കുന്നതിനു, സ്വാതന്ത്ര്യത്തിനുവേണ്ടി ദീർഘകാലം സ
മരംചെയ്തു വിജയം പ്രാപിച്ചവരും ജന്മനാ സ്വാത
ന്ത്ര്യപ്രണയികളും ഇന്നു നമ്മെ ഭരിക്കുന്നവരുമായ
ബ്രിട്ടീഷുകാരുടെ നാം വായിച്ചിട്ടുള്ള പൂർവ്വചരിത്രം
നമുക്കവകാശം നൽകാതിരിക്കുന്നില്ല. ഇന്നൊ നാ
ളെയൊ എന്നു മാത്രമെ സംശയിക്കാനുള്ളു. ഇന്ന്
എല്ലാ പരിഷ്കൃതലോകങ്ങളുടേയും ദൃഷ്ടി സാകൂതം
ഭാരതത്തിലേക്കു തിരിഞ്ഞിരിക്കയാണ്. ഭാരതത്തി
ൻെറ ഇന്നത്തെ സ്ഥിതി അലോകസാധാരണമായ
ഒന്നാണ്. നിരായുധസമരംകൊണ്ടു വിജയംപ്രാപി
ച്ച രാജ്യങ്ങൾ ലോകത്തിൽ അപൂർവ്വമാണ്. ഈ വി

---

*സൈമൺ കമ്മിഷൻ ഇൻഡ്യയിൽ വരുന്നതിനു മുമ്പാണ്
ഈ ലേഖനം എഴുതിയത് (പ്രസാധകന്മാർ).

ഷയത്തിൽ ഭാരതമാണു പ്രഥമപരീക്ഷ ചെയ്യാൻ പോകുന്നതു്. ഇന്നു ലോകത്തിൽ നിഃശ്ശേഷം പരാധീനമായി വൎത്തിക്കുന്ന രാജ്യം വേറെയുണ്ടെന്നും തോന്നുന്നില്ല. യുദ്ധാനന്തരം യൂറോപ്പിലുള്ള അനേകം ചെറിയ രാജ്യങ്ങൾ മോചനം സമ്പാദിച്ചുകഴിഞ്ഞു. ഭാരതത്തിന് ഈയവസരത്തിൽ മോചനം ലഭിച്ചില്ലെങ്കിൽ അതു് അനിതരലോകസാധാരണമായ ഒരു വിശേഷരീതിയിൽ സമ്പാദിക്കാൻ പോകുകയാണെന്നുവേണം ഊഹിപ്പാൻ. ഏതായാലും ഭാരതത്തിനു വിദൂരമല്ലാത്തതും ഭാസുരമായതുമായ ഒരു ഭാവിയുടെ ഉദയകിരണങ്ങൾ കാണാറായി വരുന്നുണ്ടു്. നമ്മുടെ ഭരണാധികാരികൾ നമുക്കു പൂൎണ്ണസ്വാതന്ത്ര്യം നല്കാൻ താമസിക്കുന്നതു കേവലം വൈമനസ്യംകൊണ്ടു മാത്രമായിരിക്കാൻ തരമില്ല, അല്പം പരീക്ഷിച്ചതിനുശേഷം ആവാമെന്നുകരുതി മാത്രമാണെന്നുവേണം ഊഹിപ്പാൻ. "മുടി ധരിച്ചതും മകുടം ധരിച്ചതുമായ അധൎമ്മത്തെ അധഃകരിച്ചവരുടെ സന്താനങ്ങൾ" എന്നഭിമാനിക്കുന്ന ബ്രിട്ടീഷുകാർ വേറെവിധം പ്രവൎത്തിക്കുമെന്നു വിചാരിക്കുന്നതു് ഒരബദ്ധമായ അനുമാനമായിരിക്കുവാനെ തരമുള്ളു. നമ്മുടെ ഭാവി നമ്മുടെ ഭരണകൎത്താക്കന്മാരുടേയൊ നമ്മുടേയൊ ഉള്ളംകയ്യിലല്ല വൎത്തിക്കുന്നതു്. അതു്, ലോകവ്യാപാരങ്ങളെ മനോഗിരങ്ങൾക്കു വിദൂരമായ വൈദഗ്ദ്ധ്യത്തോടും അപ്രമേയമായ ജ്ഞാനത്തോടുംകൂടി നിയന്ത്രിക്കുന്ന ഒരദൃശ്യശക്തിയുടെ അധീനത്തിലാണു സ്ഥിതിചെയ്യുന്നതു്. കാലം പക്വമാകുമ്പോൾ നമുക്കു് ആ ദിവ്യാനുഗ്രഹം അനപേക്ഷിതമായി ഹസ്ത

ഗ്തമായി ഭവിക്കുമെന്നു പൂൎണ്ണമായി വിശ്വസിക്കാം; എന്നു വിചാരിച്ചു നമ്മുടെ വിഹിതപ്രയത്നങ്ങളിൽ നിന്നും വിരമിച്ചു സ്വസ്ഥമായി വൎത്തിക്കാൻ തരമില്ല. "പ്രകൃഷതന്ത്രാഹിരണേജയശ്രീ" — എന്നുള്ള തത്വത്തെ ഒരിക്കലും വിസ്മരിച്ചുകൂടാത്തതാകുന്നു.

അലക്സാണ്ടർ മഹാന്റെ കാലം മുതല്ക്കോ അതിനു മുമ്പു തന്നെയോ ഭാരതത്തിലെ വിജ്ഞാനനിൎഝരങ്ങൾ പടിഞ്ഞാറോട്ടു മന്ദം മന്ദം പ്രവഹിച്ചു പാശ്ചാത്യരുടെ മാനസികശാലേയത്തെ ഫലപ്രദമാക്കിവന്നിരുന്നു. എന്നാൽ ഇടക്കാലത്ത് അവയുടെ ഉൽപത്തിസ്ഥാനം കാടും കല്ലും കേറി അടഞ്ഞു പോയിരുന്നു. ഇപ്പോൾ ഉൽപത്തിസ്ഥാനം ക്രമശഃ തെളിഞ്ഞു പഴയതുപോലെയോ അതിൽ കവിഞ്ഞോ, ഗീത—വേദാന്ത—കാവ്യശാസ്ത്രരൂപേണ ആ വിജ്ഞാനപ്രവാഹം തുടൎന്നുകൊണ്ടിരിക്കയാണ്. പാശ്ചാത്യപ്രാജ്ഞന്മാർ പലരും അതിനെ അതിന്റെ ഉൽപത്തിസ്ഥാനത്തു വന്ന് ആസ്വദിക്കാനും തുടങ്ങീട്ടുണ്ട്. ഇങ്ങിനെ പാശ്ചാത്യരും പൌരസ്ത്യരും തമ്മിൽ ഒരു മൈത്രീഭാവം പണ്ടേതന്നെയുണ്ട്. അതു് ഇന്നും വൎദ്ധിച്ചുവരികയാണ്. എന്നാൽ ഈ വിജ്ഞാനപ്രവാഹംകൂടാതെ ഒരു ജനപ്രവാഹവും ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. വിദ്യാൎത്ഥികളായിട്ടും, ഉദ്യോഗാൎത്ഥികളായിട്ടും വ്യാപാരവ്യവസായാൎത്ഥികളായിട്ടും ആരോഗ്യസുഖാൎത്ഥികളായിട്ടും,മതതത്വപ്രചാരകന്മാരായിട്ടും ഇന്ന് പാശ്ചാത്യദേശങ്ങളിലേക്കുപോകുന്നവർ സംഖ്യാതീതമാണ്. ഇവർമൂലം പ്രാചിയും പ്രതീചിയും ത

മ്മിലുള്ള പൂർവ്വബന്ധം സവിശേഷം ദൃഢീകൃതമായിവരുന്നുമുണ്ട്. ഇങ്ങിനെ മിത്രഭാവത്തിൽ ഇരിക്കുന്ന രണ്ടു ദേശക്കാർ തമ്മിൽ ഭരണാധികാരികൾ എന്നും ഭരണാധീനന്മാരെന്നുമുള്ള അസമത്വം നീണ്ടുനില്ക്കുക എന്നുള്ളതു സ്വാഭാവികമല്ല. സമനിലയിലുള്ള സഖ്യമാണ് അതിന്റെ സഹജമായുള്ള പരിണാമം. ഇങ്ങനെയുള്ള ഒരു പരിണാമഫലം അചിരേണ ഉണ്ടാകുമെന്നു പറയുന്നതിന് ഒരു ദീർഘദർശിയുടെ ദൃഷ്ടിയും മററും ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇതു് അനുഭവത്തിൽനിന്നും പ്രകൃതിനിയമത്തിൽ നിന്നും അനുമേയമായ ഒരു തത്വമാണ്. ഇനിമേൽ ഭാരതീയരും ബ്രിട്ടീഷുകാരും തമ്മിൽ ഉണ്ടാകുന്ന ബന്ധം കേവലം രാഷ്ട്രീയബന്ധമായിരിക്കയില്ല.

"ദുദോഹഗാംസയജ്ഞായ,
സസ്യായമഘവാദിവം,
സമ്പദ്വിനിമയേനൊഭൌ,
ദധതുർഭുവനദ്വയം."

എന്നു കാളിദാസൻ ഒരവസരത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ഭാരതവും ഇംഗ്ലണ്ടും അവരവരുടെ വിശിഷ്ടങ്ങളായ ചിന്താസന്താനങ്ങളേയും, നിർമ്മാണചാതുരിയുടെ വിവിധ ഫലങ്ങളേയും അന്യോന്യം വിനിമയംചെയ്തു കൈയ്യുംകൈപിടിച്ചു ദൃഢസൌഹാർദ്ദത്തോടുകൂടി വർത്തിക്കുന്ന ഉഭയശ്രേയോദർക്കമായ അവസ്ഥയാണു നാം ഇനി കാണ്മാൻ പോകുന്നതു്. ഈ സുവർണ്ണാവസരത്തെ ത്വരിതപ്പെടുത്തുന്നതിനു ഭാരതീയരും ഭരണാധികാരികളും ഒററയ്ക്കും

ഒന്നിച്ചും യഥാശക്തി ഉത്സാഹിക്കുമെന്നു തന്നെ നമുക്കു പൂൎണ്ണമായി വിശ്വസിക്കാം. ഭാരതത്തിനുള്ളിലുള്ള വിവിധമതക്കാരും വൎഗ്ഗക്കാരും അവരുടെ മതപരമൊ വൎഗ്ഗപരമൊ ആയ വ്യത്യാസത്തെ പ്രതിബന്ധമായി ഗണിക്കാതെ ദേശീയത്വത്തെമാത്രം അടിസ്ഥാനപ്പെടുത്തി അന്യോന്യം സഹകരണവും സഹായവുംകൊണ്ടു സ്വരാജ്യഭരണം സുഗമവും, കാൎയ്യക്ഷമവും, ക്ഷേമപ്രദവുമാക്കിത്തീൎക്കുന്നതിനു സൎവ്വാത്മനാ യത്നിച്ച്, ലോകദൃഷ്ടിയെ അദൃഷ്ടപൂൎവ്വവും അത്യത്ഭുതകരവുമായ ഒരു കാഴ്ചകൊണ്ട് ആനന്ദിപ്പിക്കുമെന്ന് ആശിക്കുന്നതിൽ അബദ്ധമില്ലെന്നു വിശ്വസിക്കുന്നു.

—:o:—

# വിപത്തിന്റെ ഫലങ്ങൾ മധുരങ്ങളോ?

"ഷേക്സ്പിയരുടെ കൃതികൾ വായിക്കുമ്പോൾ ഒക്കെയും നാം പടിക്കു വെളിയിൽ നില്ക്കുന്നതെയുള്ളൂ" എന്നാരോ ഒരു മഹാൻ പറഞ്ഞിട്ടുണ്ട്. ഇതു് എത്രയോ വാസ്തവമാണ്. നാം അദ്ദേഹത്തിന്റെ കൃതികളെ സതൃഷ്ണം പാരായണം ചെയ്യുന്നുണ്ടെങ്കിലും അവയിലെ ഓരോ വരിയിലും ഗോപനം ചെയ്യപ്പെട്ടിരിക്കുന്ന അൎത്ഥങ്ങളേയോ ആശയങ്ങളേയോ ആരാണു പൂൎണ്ണമായി ഗ്രഹിക്കുന്നതു്? സാമാന്യ വായനക്കാർ ഉപരിപ്ലവരീത്യാ വല്ലതും ഗ്രഹിക്കുന്ന

തുകൊണ്ടു തൃപ്തിപ്പെട്ടുകയാണു് പതിവു്. അതിരിക്കട്ടെ. അദ്ദേഹത്തിന്റെ കൃതികളിൽ അവിടവിടെ ചിതറിക്കിടക്കുന്ന സദ്വാക്യങ്ങളുടെ സാരം മുഴുവനും അഥവാ അല്പമായിട്ടെങ്കിലും ഗ്രഹിച്ചിട്ടുള്ളവർ എത്രയോ ചുരുക്കമാണു്. ഈ വിഷയത്തിൽ സാമാന്യവായനക്കാരായ നാം നിശ്ചയമായും വാതലിനു വെളിയിൽത്തന്നെയാണു സ്ഥിതിചെയ്യുന്നതു്. ഇപ്രകാരമുള്ള "പരിചിതോദ്ധൃതവാക്യ"ങ്ങളിലൊന്നിനെപ്പററിയാണു് ഇവിടെ അല്പം ചിന്തിക്കാമെന്നു വിചാരിക്കുന്നതു്. ലൌകികവിഷയങ്ങളെ തന്റെ തീക്ഷ്ണബുദ്ധികൊണ്ടു നിർമ്മഥനംചെയ്തു സാരാംശം ഗ്രഹിച്ച ആ മഹാകവി തന്റെ ഒരു കൃതിയിൽ ഇപ്രകാരം പറയുന്നു:—

"വിപത്തിന്റെ ഫലങ്ങൾ മധുരങ്ങളാണു്. അതു് ഒരുക്ഷുദ്രമണ്ഡൂകത്തെപ്പോലെ വിരൂപിയായ വിഷജന്തുവാണെങ്കിലും അതിന്റെ ശിരസ്സിൽ ഒരു നല്ലരത്നം വഹിക്കുന്നു."

ഈ മഹാകവി മറെറാരിടത്തും ഇങ്ങനെ പറയുന്നു. "ഏതു ദോഷത്തിലും അതിന്റെ തത്വാംശമായി ഒരു ഗുണവുമില്ലാതിരിക്കയില്ല. അതു നിരീക്ഷണമാകുന്ന അഭിഷവംകൊണ്ടു മാത്രമേ നമുക്കു ഗ്രഹിക്കാൻ സാധിക്കയുള്ളു."

ഇവയിൽ രണ്ടിലും പ്രഥമദൃഷ്ടിയിൽ അഗ്രാഹ്യമായ ഒരു തത്വം അന്തർലീനമായിക്കിടപ്പുണ്ടു്. അതെത്രമാത്രം അഗാധത്തിലാണു കിടക്കുന്നതെന്നു ചിന്താരൂപമായ ലംബസൂത്രംകൊണ്ടു് അല്പം പരീക്ഷിച്ചു നോക്കാമെന്നു മാത്രമെ വിചാരിക്കുന്നുള്ളു.

എത്രമാത്രം പൎയ്യാപ്തമാകുമെന്നു വളരെ സംശയവും ഇല്ലാതില്ല. എങ്കിലും ശ്രമിക്കാതിരിക്കുന്നതിനേക്കാൾ ശ്രമിച്ചു പരാജയപ്പെട്ടുകയാണ് ഉത്തമമെന്നു തോന്നുന്നു.

ലോകത്തിൽ മനുഷ്യനു വിപത്തെന്നും സമ്പത്തെന്നും രണ്ടവസ്ഥകൾ ഉണ്ട്. ഒന്നു ഗുണഭൂയിഷ്ഠവും മററതു കേവലം ദോഷഭൂയിഷ്ഠവുമായിട്ടാണ് നാം സാധാരണ ഗണിച്ചു വരുന്നതു്. ഇവയിൽ സമ്പത്തിന് ഒരു വല്ലാത്ത ആകൎഷണശക്തിയുള്ളതുകൊണ്ടു നാമെല്ലാവരും അതിനെ സതൃഷ്ണം അന്വേഷിക്കുന്നു. നേരെ മറിച്ചു വിപത്തിനെ അതിൻെറ നിഷ്ഠുരസ്വഭാവംകൊണ്ട് എല്ലാവരും വെറുക്കുന്നു. എന്നാൽ സമ്പത്തിൻെറ സമാശ്ലേഷം മനുഷ്യനെ പലപ്പോഴും ഉദ്ധതനാക്കിത്തീക്കുമെന്നുള്ള ഒരു വലിയ ദോഷം അതിനുണ്ട്. ലോകത്തിൽ ഗുണവും ദോഷവും പ്രായേണ സമ്മിശ്രമായിരിക്കുന്നതുകൊണ്ടു ഗുണത്തിൽ അല്പം ദോഷവും അതുപോലെ ദോഷത്തിൽ അല്പം ഗുണവും ഇല്ലാതിരിക്കയില്ല. ഇവ രണ്ടും ലോകത്തിൽ അന്യോന്യപ്രതിഘാതകശക്തികളാണ്. അതുകൊണ്ടു ലോകവ്യാപാരങ്ങളുടെ സമീകരണത്തിന് ഇവ രണ്ടുംകൂടാതെ കഴികയില്ല. വിപത്തു മിക്കവാറും ആകസ്മികസംഭവമായതുകൊണ്ട് അതിൻെറ നിൎഘാതം സാധാരണ മനുഷ്യനെ തൽക്കാലം ഹതചിത്തനും നഷ്ടധൈൎയ്യനും ഇതികൎത്തവ്യതാമൂഢനമാക്കിത്തീക്കുന്നു. സമ്പത്തിനു നമ്മുടെ പരമാൎത്ഥസ്ഥിതിയെ വിസ്മരിപ്പിക്കുന്നതിനു ശക്തിയുള്ളതുപോലെ ആപത്തിന് അതിനെ അനുസ്മരിപ്പിക്കു

ന്നതിനും ശക്തിയുണ്ട്. സമ്പത്തു പലപ്പോഴും അതിൻെറ വശീകരണശക്തി നിമിത്തം വിഹിത മാർഗത്തിൽ നിന്നും നമ്മെ വ്യതിചലിപ്പിക്കുന്നു. ആപത്തു നമ്മെ വൽഗകൊണ്ടെന്നപോലെ പെട്ടെന്ന് അതിൽ നിന്നു നിവർത്തിപ്പിക്കുന്നു. സമ്പത്തിനു നാം സ്വാഗതം അരുളുന്നു. ആപത്തിനെ ഭയന്നു പിന്മാറുന്നു. സൂക്ഷ്മം നോക്കിയാൽ സമ്പത്തും വിപത്തും ജീവിതത്തിൻെറ രണ്ടു വശങ്ങൾ മാത്രമാണ്. അതുകൊണ്ട് ഒന്നിനോടു നമുക്കുള്ള സ്നേഹവും മററതിനോടുള്ള വെറുപ്പും യഥാർത്ഥത്തിൽ നീതീകരിക്കത്തക്കതല്ല. ഒരു വസ്തുവിൻെറ ഗുണം അനുഭവിപ്പാൻ ആഗ്രഹമുണ്ടെങ്കിൽ അതിൻെറ ദോഷവുംകൂടി ചിലപ്പോൾ ആസ്വദിക്കേണ്ടിവന്നേക്കാം. ഇവിടെ വിപത്തിൻെറ സ്വഭാവമെന്താണെന്നും അതിൽ വല്ല ഗുണാംശവുമുണ്ടോ, അതു മനുഷ്യനു പഥ്യമോ അപഥ്യമോ എന്നും മററും അല്പം ചിന്തിക്കുന്നതു് അസ്ഥാനത്തിലാകയില്ലെന്നു വിശ്വസിക്കുന്നു.

മനുഷ്യർ ലോകത്തിൽ അവരുടെ ചുററുമുള്ള വസ്തുക്കളിലും ജനങ്ങളിലും മററും ഹൃദയത്തെ നിവേശിപ്പിച്ചും അവയെ പ്രേമപ്രണയാദിപാശങ്ങൾ കൊണ്ടു തങ്ങളോടു ദൃഢമായി ബന്ധിച്ചും അനുവർത്തിക്കുന്നു. ഇങ്ങിനെ ഇവയിൽ നമുക്കും ഒരു "മമത്വം"വന്നു കൂടുന്നു. എന്നാൽ ഈ ദൃഢബന്ധത്തിനു ആകസ്മികമായി വല്ല ഭംഗവും സംഭവിക്കുമ്പോൾ തന്നിമിത്തം ഉണ്ടാകുന്ന അഭിഘാതംകൊണ്ടു ഹൃദയത്തിന് അതിയായ വേദന തട്ടുന്നു. അപ്രതീക്ഷിതമായുണ്ടാകുന്ന അർത്ഥനാശം, മിത്രനാശം, മാനഹാനി

അംഗവൈകല്യം മുതലായ രൂപത്തിലാണ് ഇവ സാധാരണമായി സംഭവിക്കുന്നത്. ഇതാണു നാം 'വിപത്ത്', എന്നു സങ്കല്പിക്കുന്നതും നിർവ്വചിക്കുന്നതും. അതിൻെറ ആഗമനം എത്രമാത്രം അപ്രതീക്ഷിതമായിരിക്കുന്നുവോ, സ്നേഹബന്ധം എത്രമാത്രം ദൃഢമായിരിക്കുന്നുവോ അതിൻെറ ഹനനശക്തിയും അത്രമാത്രം തീക്ഷ്ണമായിരിക്കും. ഇതു ലൌകികജീവിതത്തെ അവലംബിച്ചു വർത്തിക്കുന്നവർക്കൊക്കെയും ഒരിക്കലെല്ലെങ്കിൽ മറെറാരിക്കൽ സംഭവിക്കാവുന്നതാണ്. വ്യത്യസ്തം വളരെ ചുരുക്കമാണ്. യോഗികളോ ത്യാഗികളോ ആയി ജീവിക്കുന്നവർക്ക് പക്ഷെ ഇല്ലായിരിക്കാം. വിപത്തു മനുഷ്യന് ആവശ്യമായിട്ടുള്ളതോ അല്ലാത്തതോ എന്നുള്ള ഗഹനവിഷയത്തെപ്പററി ഇപ്പോൾ ഇവിടെ ചിന്തിക്കുന്നില്ല. ഈ വിഷയത്തിൽ വലിയതത്വജ്ഞന്മാരും ഭിന്നാഭിപ്രായമുള്ളവരാണ്. എന്നാൽ ഇതിനെ ആരുംതന്നെ സ്വാഗതം വരിക്കുന്നതിനു സന്നദ്ധരല്ലെന്നു തീർച്ചയാണ്. ഇതു മിക്കവാറും അപരിഹാര്യമായിരിക്കുന്നതുകൊണ്ടു പലരും തല താഴ്ത്തി അതിനെ ക്ഷമാപൂർവ്വം സഹിക്കയാണു ചെയ്യുന്നത്. ഇവരുടെ മതം—

ആയാതമായാതമപേക്ഷണീയം
ഗതംഗതംസർവ്വമുപേക്ഷണീയം
അലംവൃഥാമോദനഖേദനാഭ്യാം
അലംഘനീയാകമലാസനാജ്ഞാ"

എന്നാകുന്നു. മററു ചിലർ പരിദേവനരൂപത്തിലും അതിനെ ശമിപ്പിക്കുവാൻ ശ്രമിക്കുന്നു. മററുചിലർ പൊരുതുനോക്കാതെ കീഴടങ്ങുന്നു. ഇതിനെ സ

16545
3838
032:6N02
ERSITY LIBR

ധൈൎയ്യം അഭിമുഖീകരിക്കുന്നവർ ആരെങ്കിലും ഉണ്ടോ എന്ന് അല്പം സംശയമുണ്ട്. ചുരുക്കം ചിലർ അതിൻെറ ഗതിയെ സാവധാനം വീക്ഷിച്ചും കഴിയുമെങ്കിൽ വല്ല പരിഹാരമാൎഗ്ഗവും തേടുന്നതിൽ ഉദ്യുക്തരായും കാണുന്നുണ്ട്. എന്നാൽ മിത്രങ്ങളുടെ ജീവനാശരൂപത്തിൽ വരുന്ന വിപത്തു കേവലം "അപരിഹരണീയവിധിയന്ത്രത്തിരുപ്പു" തന്നെയാണ്. പക്ഷേ ഏതു വിപത്തിനും തല്ക്കാലം ഒരു കഠിനമായ ഹനനശക്തിയുണ്ടെങ്കിലും കാലക്രമംകൊണ്ട് അതിൻെറ തൈക്ഷ്ണ്യം കുറഞ്ഞു കുറഞ്ഞു വരുന്നതു സഹജമാണ്. ഇതാണു കാലത്തിനുള്ള ഒരു വലുതായ ഗുണം. "കാലം സകല വ്രണങ്ങളേയും ശമിപ്പിക്കുന്നു. അതു പരന്ന നെററിയിൽ ചുളുക്കുണ്ടാക്കുന്നുവെങ്കിലും ചുളുക്കുള്ള ഹൃദയത്തെ അതിൻെറ ചുളുക്കുതീൎത്തു സമീകരിക്കുന്നു" എന്നു പറയപ്പെട്ടിരിക്കുന്നു. ഇതിൻെറ താല്പൎയ്യം കാലക്രമം കൊണ്ട് ഏതു വിപത്തിനും ഏറക്കുറെ ശമനം വരുമെന്നാണ്.

എന്നാൽ വിപത്തിൽ നിന്നും മനുഷ്യനു വല്ല തത്വവും ഗ്രഹിക്കാനുണ്ടോ എന്നും നോക്കേണ്ടതാണ്. വിപദനുഭവത്തിൽക്കൂടി കടക്കാത്ത മനുഷ്യനു മനുഷ്യജീവിതത്തിൻെറ ഒരു വശം, അതും സാരമില്ലാത്ത വശം മാത്രമേ ഗ്രഹിക്കാൻ കഴിയുന്നുള്ളു. മുമ്പു പറഞ്ഞതു പോലെ സമ്പത്തിൽ വൎത്തിക്കുന്ന ഒരു മനുഷ്യൻ അതിൻെറ സഹജമായ ലഹരികൊണ്ടു സദാ മയങ്ങിയാണു സ്ഥിതിചെയ്യുന്നത്. അയാളുടെ ദൃഷ്ടി മിക്കവാറും സ്വാൎത്ഥപരമായ വ്യാപാരപരിധിക്കു വെളിയിൽ പോകുന്നില്ല. എല്ലാ

കാൎയ്യങ്ങളിലും വല്ലാത്തുള്ള ഒരു മമത്വം, മുമ്പിട്ടു നില്ക്കും. ജീവിതത്തിൻെറ യഥാൎത്ഥജ്ഞാനത്തിന് ഈ 'മമത്വ'ഭാവം പ്രതിബന്ധമായി ഭവിക്കുന്നു. ഇതു നമ്മെ ഹ്രസ്വദൃഷ്ടികളും സംകുചിതചിത്തരുമാക്കിത്തീൎക്കുന്നു. സ്വാൎത്ഥത്തിൻെറ വിലയത്തിൽ മാത്രമേ മനുഷ്യനു പരമാൎത്ഥജ്ഞാനം ഉണ്ടാവാൻ തരമുള്ളു.

വിപത്തു തല്ക്കാലം അതി ദാരുണമായി തോന്നാമെങ്കിലും കാലാന്തരത്തിൽ മനുഷ്യഹൃദയത്തെയും, സ്വഭാവത്തേയും, ജീവിതത്തെ തന്നേയും ഉരുക്കി കറകളയുന്നതിനും ശുദ്ധീകരിക്കുന്നതിനും അതിനു ശക്തിയുണ്ട്. വിപത്തെന്ന അൎത്ഥത്തിൽ ഉപയോഗിച്ചു വരുന്ന- 'Tribulation' എന്ന ഇംഗ്ലീഷുപദത്തിൻെറ ധാത്വൎത്ഥം നിസ്തുഷീകരണയന്ത്രം (ധാന്യത്തിൽ നിന്നും ഉമിയെ വേർതിരിക്കുന്ന ഉരൽ) മെന്നാണ്. ഇതിൽ നിന്നു വിപത്തിനു മനുഷ്യഹൃദയത്തെ ആവരണം ചെയ്യുന്ന നിഷ്പ്രയോജനപദാർത്ഥത്തെ വേർതിരിക്കുന്നതിനുള്ള ശക്തിയുണ്ടെന്നു തീൎച്ചപ്പെട്ടത്തേണ്ടിയിരിക്കുന്നു. "വിപത്തു മനുഷ്യസ്വഭാവത്തിൻെറ മാററു നോക്കുന്നതിനുള്ള 'നികഷപാഷാണ'മാണെ"ന്നും പറയപ്പെട്ടിരിക്കുന്നു. അതുകൊണ്ടു നാം അനിൎവ്വാൎയ്യമായ വിപത്തിനധീനന്മാരാകുമ്പോഴും ഒക്കെയും നൈരാശ്യോപഹതന്മാരായി ഭവിക്കാതെ സാവധാനമായി ചിന്തിച്ച്, അതിനു വല്ല പാഠവും നമുക്കു നൽകാനുണ്ടെങ്കിൽ, നമ്മുടെ പൂൎവ്വരീതിയെ ഒന്നു മാററണമെങ്കിൽ, നമ്മുടെ അഹംകാരത്തെ ശമിപ്പിക്കണമെങ്കിൽ, നമ്മുടെ വ്യാ

മോഹത്തെ ദൂരീകരിക്കണമെങ്കിൽ, നമ്മുടെ ജീവിതരീതി അപാദമൂഢം മാററണമെങ്കിൽ, അപ്രകാരം ചെയ്യുകയാണു വേണ്ടതു്. വിദുരവാക്യം നോക്കുക.

"നഷ്ടമായതുചിന്തിച്ചേതുമേഖേദിയാതെ
ദുഷ്ടമായപ്രാപ്യമായുള്ളതുകാമിയാതെ
ആപത്തുവരുന്നേരമേതുമേമോഹിയാതെ
താപത്തെത്യജിപ്പവൻപണ്ഡിതശ്രേഷ്ഠനല്ലോ"

ഗീതയിലും—

"ക്ലൈബ്യംമാസ്മ ഗമഃ പാർത്ഥ!
നൈതൽത്വയ്യുപപദ്യതെ
ക്ഷുദ്രംഹൃദയദൌർബല്യം
ത്യക്ത്വോത്തിഷ്ഠപരന്തപ!"

ഇതിലേക്കു വിശിഷ്ടമെന്നു വിധിച്ചിരിക്കുന്ന "വിപദിധൈര്യം" നാം അവലംബിക്കേണ്ടതു് അത്യാവശ്യമാണു്. എന്നാൽ ധനാസക്തന്മാരും വിഷയാസക്തന്മാരുമായ പലരും വിപത്തുനൽകുന്ന സന്മാർഗ്ഗപാഠത്തെ അവഗണിച്ചു പൂർവ്വവൽ അഥവാ പൂർവ്വാധികം കുത്സിതമാർഗ്ഗത്തെ അവലംബിച്ചു് ഒരുതരം സൂകരവൃത്തികളായി ജീവിക്കുന്നു.

വിപത്തിനു മനുഷ്യനെ സങ്കുചിതചിത്തവൃത്തിയിൽനിന്നും വിമുക്തനാക്കുന്നതിനുള്ള ശക്തിയുണ്ടു്. വിപത്തുവഴിക്കു നമ്മുടെ അശരണത്വവും അല്പത്വവും നമുക്കു ബോദ്ധ്യം വരുമ്പോഴാണു നാം നമ്മുടെ ചുററും നോക്കി പരമാത്മമന്വേഷിപ്പാൻ തുടങ്ങുന്നതു്. സൂർയ്യോദയത്തിൽ താമരപോലെ

വിപത്തിൽ മനുഷ്യന്റെ ഇതേവരെ നിമീലിതമായിരുന്ന ആന്തരദ്ദൃഷ്ടി തുറക്കുന്നു. മാംസദ്ദൃഷ്ടിക്ക് അഗോചരമായിരുന്ന ജീവിതത്തിന്റെ കോണുകളും മൂലകളും തെളിഞ്ഞുകാണുന്നു. ജീവിതത്തിന്റെ പരുഷമായ മറുവശം നാം കാണുകയും അറിയുകയും ചെയ്യുന്നു. ഉള്ളിൽ പൊങ്ങിനില്ക്കുന്ന കാമക്രോധാദികൾ അടിക്കു താഴുന്നു. ഹൃദയം ആകപ്പാടെ കലങ്ങി തെളിയുന്നു. മനുഷ്യശക്തിക്കതീതമായ മറെറാരു ശക്തിയുണ്ടെന്നും നാം അപരായത്തന്മാരല്ലെന്നും നമുക്കു ബോധം ജനിക്കുന്നു. നമ്മുടെ ജീവിതവും ചിന്തയും വേറൊരുവഴിക്കു തിരിയുന്നു. ചുരുക്കത്തിൽ നമുക്കു ആത്മബോധമുണ്ടാകുന്നു. ഇതാണു വിപത്തിന്റെ വിശിഷ്ടമായ അംശം. ജീവിതതത്വങ്ങൾ മിക്കവാറും ദൃഷ്ട്യഭേദ്യങ്ങളായ ഭൌതികവ്യാപാരങ്ങളുടെ കീഴിൽ മറഞ്ഞുകിടക്കുകയാണ്. ജീവിതത്തിന്റെ സാധാരണഗതിയിൽ നാം അവയെ കാണുകയൊ ഗ്രഹിക്കുകയൊ ചെയ്യുന്നില്ല. വിപത്തിനു മാത്രമെ അവയുടെ കഠിനചമ്മം തുളച്ച് അവയെ നമുക്കു ദൃഷ്ടിഗോചരങ്ങളാക്കുവാൻ ശക്തിയുള്ളു. വിപത്തു നൽകുന്ന ഈ അവസരത്തെ നാം ഉപേക്ഷിക്കുന്നതായാൽ നാം മൃഗതുല്യരായി അതായത് അല്പജീവികളായിത്തന്നെ കാലം നയിക്കേണ്ടിവരുന്നു. ജീവിതവും പ്രപഞ്ചവും മിക്കവാറും നമുക്കവിഭാവ്യമായിട്ടാണിരിക്കുന്നത്. ആ സ്ഥിതിക്കു വിപദ്വാരാ നമുക്കു ലഭിക്കുന്ന അപൂർവ്വാവസരത്തെ ഉപേക്ഷിക്കുന്നതായാൽ നാം ലോകത്തിൽ മിക്കവാറും നിമീലിതാക്ഷന്മാരായിത്തന്നെ യാത്ര ചെയ്യേണ്ടി വരും.

വാസ്തവത്തിൽ വിപത്തു ഒരു തരം ജീവിതത്തിൻെറ വിരാമവും മറെറാരു ജീവിതത്തിൻെറ ആരംഭവുമായി ഗണിക്കണം. 'Adversity'എന്ന ഇംഗ്ലീഷ് പദത്തിൻെറ അർത്ഥം തിരിയുക എന്നാണ്. പഴയ വഴിയിൽ നിന്നും ഒരു നവീനപന്ഥാവിലേക്കു നമ്മെ തിരിക്കയാണു വിപത്തു യഥാർത്ഥത്തിൽ ചെയ്യുന്നതു്. അതു മനുഷ്യനിർമ്മിതമായ ശിക്ഷാനിയമത്തിൽ ഉൾപ്പെടാത്തതും അവയേക്കാൾ കൂടുതൽ വിനിയമനശക്തിയുള്ളതുമായ ഒരു തരം ശിക്ഷയാണ്, ശിക്ഷയിൽകൂടി മാത്രമേ മനുഷ്യനു യഥാർത്ഥരക്ഷ ലഭിക്കുവാൻ തരമുള്ളു. "ദുഃഖമാർഗ്ഗമൊന്നല്ലാതെ മനുഷ്യനെ ദുഃഖഹീനമായ സ്ഥലത്തേക്കു നയിക്കയില്ല" എന്നൊരു കവി പറയുന്നു. ശാണോഘഷ്ണംകൊണ്ടല്ലാതെ രത്നം പ്രശോഭിക്കയില്ലല്ലൊ. അതുപോലെ തന്നെ വിപത്തു കൂടാതെ മനുഷ്യൻ പൂർണ്ണതയെ പ്രാപിക്കയുമില്ല. വിദ്യുൽപാതം അന്തരീക്ഷത്തെ ശുദ്ധീകരിക്കുന്നതുപോലെ വിപത്തു മനുഷ്യഹൃദയത്തേയും ജീവിതത്തേയും മാലിന്യം നീക്കി പരിശുദ്ധമാക്കുന്നു. എന്നാൽ ആരും വിപത്തിനെ വരിക്കണമെന്നല്ലാ താൽപര്യം. വിപത്തു വരുന്ന അവസരത്തിൽ അതിനെ അഭിമുഖീകരിക്കത്തക്കവണ്ണം നാം നമ്മുടെ ജീവിതത്തെ ക്രമീകരിക്കണമെന്നേയുള്ളു. അതു സാധിച്ചില്ലെങ്കിലും വിപത്തിനു ശേഷം മലിനങ്ങളും പാപപങ്കിലങ്ങളുമായ ജീവിതരീതികളേയും, ലോകവ്യാപാരങ്ങളേയും സന്ത്യജിച്ചു, ഗംഗയിലെ ഹ്രദംപോലെ, പ്രശാന്തപ്രസന്നചിത്തന്മാരും, കർത്തവ്യബോധജ്ഞന്മാരും

പരോപദ്രവവിമുഖന്മാരും, ലോകോപകാരികളും, സമദൎശികളും, ത്യാഗശീലന്മാരും, ലോകതത്വവിചാരവിശാരദന്മാരുമായി ജീവിക്കാൻ ശ്രമിക്കണം.

മനുഷ്യജീവിതം രണ്ടു ലോകങ്ങളിൽകൂടിയാണു നയിക്കുന്നതു്. ഒന്നു ദൃശ്യമായ ഭൌതികലോകവും മററതു അദൃശ്യമായ ചിന്താലോകവുമാണു്. ഭൌതികലോകത്തിൽ മാത്രം വൎത്തിക്കുന്നവൎക്കു വിപത്തു പ്രായേണ തിക്തമായിട്ടാണിരിക്കുന്നതു്. ചിന്താലോകവൎത്തികൾക്കു് അതു അല്പം മാധുൎയ്യരസത്തോടുകൂടിയും ഇരിക്കുന്നു. കവികൾ, വിദ്വാന്മാർ, തത്വജ്ഞന്മാർ ഇവർ അല്പം ഭൌതികലോകത്തിലും അധികം ചിന്താലോകത്തിലും ജീവിക്കുന്നു. ഇവരാണു മിക്കവാറും ലോകവ്യാപാരങ്ങളുടെ യഥാൎത്ഥസ്വഭാവം ഗ്രഹിക്കുന്നതു്. അവർ ഭൌതികലോകജീവികൾക്കു് അദൃശ്യമായ ജീവിതരഹസ്യങ്ങളെ സൂക്ഷ്മബുദ്ധ്യാ ഗ്രഹിക്കുന്നു. അതുകൊണ്ടാണു്, ഷേക്സ്പിയർ മഹാകവി "വിപത്തിൽ" മാധുൎയ്യഗുണം ആരോപിച്ചിരിക്കുന്നതു്. അദ്ദേഹത്തിന്റെ ആന്തരദൃഷ്ടിക്കു "സ്രവൽസരിത്തിൽ ഗ്രന്ഥങ്ങളും പ്രസ്തരങ്ങളിൽ ധൎമ്മോപദേശങ്ങളും എല്ലാവസ്തുക്കളിൽ നന്മയും" കാണാൻകഴിയുന്നു അതുപോലതന്നെ വിപത്തിൽ മാധുൎയ്യവും.

"എല്ലാ മേഘങ്ങൾക്കും രജതവൎണ്ണമായ ഒരു അന്തരാഛാദനം ഉണ്ടു്." ഈ വിഷയം അതിലെ ഗഹനമായ ഒന്നാകുകൊണ്ടു് ഈ ഉപന്യാസത്തെ തൽക്കാലം ഉപസംഹരിക്കുന്നു.

# സമുദായസേവനം.

"സർവ്വലോകസൌഹൃദമാണ് നിർവ്യാജമായ
ദൈവഭജനം"

(കോൾറിഡ്ജ്)

മനുഷ്യവർഗ്ഗത്തിൻെറ ഒരു ഭാഗം അംഗവൈകല്യംകൊണ്ടോ അംഗഹീനതകൊണ്ടോ നിർദ്ധനത്വംകൊണ്ടോ രക്ഷകാഭാവത്വംകൊണ്ടോ വ്യാധികൊണ്ടോ മററുവല്ല അവശതകൾകൊണ്ടോ, എന്നും പരസഹായംവിനാ ജീവിക്കുന്നതിനും ഉപജീവിക്കുന്നതിനും നിവൃത്തിയില്ലാതെ വർത്തിക്കുന്നുണ്ട്. അവക്കും ജനനംമൂലം ലോകത്തിൽ ജീവിതം നയിക്കേണ്ടതായിട്ടാണിരിക്കുന്നത്. ഇങ്ങിനെയുള്ളവക്ക് ഈ ന്യൂനതകൾ ഒന്നും ഇല്ലാതിരിക്കുന്നവരുടെ ഭൂതദയാപരമായ സഹായത്തിനു, സമസൃഷ്ടങ്ങൾ എന്ന നിലയിൽ, അവകാശമുണ്ട്. കൂടാതെ ഇതു് ഇതരഭാഗക്കാരുടെ കർത്തവ്യവുമാണ്. സമുദായസേവനം ഈ കർത്തവ്യത്തിൻെറ വെറും നിർവ്വഹണം മാത്രമാണ്. ഈ മുമതലാബോധം മനുഷ്യക്ക് എല്ലാപേക്കും വേണ്ടതാണെങ്കിലും അപൂർവ്വം ചിലക്ക് മാത്രമെ അതു ഉള്ളതായി കാണുന്നുള്ളൂ. ഇവരാണ് ലോകത്തിൽ സർവ്വഥാ അനുഗ്രഹീതന്മാരായിരിക്കുന്നത്. സുഖം എല്ലാവരും കാംക്ഷിക്കുന്ന ഒരു ദുർല്ലഭവസ്തുവാണ്. എന്നാൽ അതു വാസ്തവത്തിൽ എന്താണെന്ന് ആക്കുംതന്നെ നിശ്ചയമില്ലാത്ത ഒന്നാകുന്നു. അതു് എ

ന്നം ഭാവിയായിട്ടുള്ള ഒരനുഗ്രഹം മാത്രമായിട്ടല്ലാതെ വൎത്തമാനത്തിൽ ആൎക്കും ലഭിക്കുന്നില്ല. എങ്കിലും സാമാന്യജനങ്ങളെ സംബന്ധിച്ചു ക്ഷുൽപിപാസാദിശമനം, വൎഷവാതാതപനിവാരണം, രോഗാഭാവം, ദേഹാച്ഛാദനം മുതലായവകൊണ്ടു സിദ്ധിക്കുന്ന ഒരു മനഃസ്ഥിതിയായിട്ടാണു ഗണിച്ചുവരുന്നതു്. ഈ വിഷയത്തിൽ അവശന്മാൎക്കും വേണ്ട സഹായം ചെയ്തുകൊടുക്കുന്നതു് ഒരുവിധം സമുദായസേവനം തന്നെയാണു്. ഇതിനുംപുറമെ ബുദ്ധിസംസ്കരണത്തിനു് ജ്ഞാനസമ്പാദനത്തിനും സഹായിക്കുന്നതു് ഇതിലും ഉൽകൃഷ്ടമായ ഒരുതരം സമുദായസേവനമാണു്.

ലോകവ്യാപാരങ്ങൾ സംഖ്യാതീതങ്ങളാണു്. അവയിൽ ഭൂരിഭാഗവും ഒരുവിധം അല്ലെങ്കിൽ മറെറാരുവിധം സമുദായസേവനത്തിൽ ഉൾപ്പെട്ടിരിക്കുന്നവയാകുന്നു. മനുഷ്യവൎഗ്ഗം പരിഷ്കൃതജീവിതത്തിൽ സ്വല്പമായി പ്രവേശിച്ച കാലംമുതല്ക്കുതന്നെ സമുദായസേവനവും ആരംഭിച്ചിട്ടുണ്ടെന്നുതന്നെ പറയാം. അതുകൊണ്ടു സമുദായസേവനം പലരും വിചാരിക്കുന്നതുപോലെ ഒരു പുതിയ പ്രസ്ഥാനമായി വിചാരിക്കാൻ തരമില്ല. നമ്മുടെ സമസൃഷ്ടങ്ങളുടെ ജീവിതസരണിയെ വിഷമതകൾനീക്കി കഴിയുന്നതും നിരപ്പാക്കണമെന്നുള്ള താല്പൎയ്യവും അതനുസരിച്ചുള്ള പ്രവൃത്തിയുമായിരുന്നു സമുദായസേവനത്തിന്റെ ആദ്യവും പക്ഷെ അവ്യക്തവുമായ രൂപം. എന്നാൽ മനുഷ്യവൎഗ്ഗത്തിന്റെ പദാൽപദമുള്ള പുരോഗമനംമൂലം സമുദായസേവനത്തെ സംബന്ധിച്ചുള്ള നമ്മുടെ ആദൎശങ്ങളും അതുപോലെതന്നെ ഉയൎന്നു

വന്നു. അതിൻെറ ഫലമായി ഇന്നു ഈ വിഷയത്തിലുള്ള ആദശ്ം ഒരു പ്രശസ്തമായ പദത്തിൽ എത്തീട്ടുണ്ട്. എന്നാൽ പരമകാഷ്ഠയിൽ എത്തുവാൻ ഇനിയും വളരെ ദൂരം ഉണ്ട്. ആദശ്ം ഇങ്ങിനെയാണെങ്കിൽ തൽസംബന്ധമായ പ്രവൃത്തി എത്രയോ പിന്നിലാണ് ഇന്നു വത്തിക്കുന്നതു്. എന്നാൽ ഉപകരണങ്ങളുടെ അപൂൎണ്ണതനിമിത്തം ആദശ്വും പ്രവൃത്തിയും തമ്മിൽ എല്ലായ്പ്പോഴും വലിയ അന്തരമുണ്ടായിരിക്കാനെ തരമുള്ളൂ. എങ്കിലും ആ പരമമായ ലക്ഷ്യത്തെ നാം അല്പാല്പമായി സമീപിച്ചു വരികയാണെന്നു സമാധാനപ്പെടാം.

സമുദായസേവനം ഒരു ഉൽകൃഷ്ടമായ ആദശ്മായിട്ടാണു നമ്മുടെ പൂൎവ്വികന്മാർ വിചാരിച്ചിരുന്നതെന്നുള്ളതിനു ലക്ഷ്യങ്ങൾ ഇല്ലാതില്ല. എന്നാൽ ഇന്നു നാം വിദേശീയരീതി അനുസരിച്ചു പറഞ്ഞുവരുന്നതുപോലെ സമുദായസേവനം എന്നല്ല അവർ പറഞ്ഞുവരുന്നതു്. ഇതിനേക്കാൾ അത്ഥവ്യാപ്തിയുള്ളതായ "പരോപകാരം" എന്ന പദമാണ് അവർ പലപ്പോഴും ഉപയോഗിച്ചുവരുന്നതു്. പേരെന്തായിരുന്നാലും അതു സൂചിപ്പിക്കുന്ന വസ്തുവാണല്ലോ പ്രധാനമായി ഗണിക്കേണ്ടതു്. അതിൻെറ മാഹാത്മ്യം ഇന്നത്തേക്കാൾ അധികമായി അവർ ഗ്രഹിച്ചിരുന്നു എന്നു സമ്മതിക്കാതെ കഴികയില്ല.

"പരോപകാരാത്ഥമിദംശരീരം"
,:പരോപകാരായവസന്തിസന്തഃ"
"പരോപകാരായസതാംവിഭൂതയഃ"
"സന്തസ്വയംപരഹിതേവിഹിതാഭിയോഗഃ"

എന്നിങ്ങനെ ഉത്തമആദൎശത്തെ ഗഭീകരിച്ചിരിക്കുന്ന പലമഹദവാക്യങ്ങളും നമ്മുടെ പുരാണകാവ്യാദികളിൽനിക്ഷിപ്തങ്ങളായി കാണപ്പെടുന്നുണ്ട്. സമുദായസേവനം ഒരു ശ്രേഷ്ഠമായ കൃത്യം മാത്രമല്ല, അതു ജീവിതത്തിൻെറ പരമാദൎശമായിട്ടാണു കാണപ്പെട്ടിരിക്കുന്നതു്. ഇതാ ഇതു നോക്കുക:—

"യസ്മിൻജീവതിജീവന്തി
ബഹവഃസതുജീവതി"

ഇതിലും ഉൽകൃഷ്ടമായ ജീവിതാദൎശം എവിടെ കാണും. ഇനിയും നോക്കുക:—

"ഉദാരചരിതാനാംതു
വസുധൈവകുടുംബകം"

ഇങ്ങിനെ ഇനിയും സമുദായസേവനത്തിൻെറ മാഹാത്മ്യത്തെ സംഗ്രഹിക്കപ്പെട്ടിട്ടുള്ള അനേകം സദ്വാക്യരത്നങ്ങൾ നമ്മുടെ ഭാഷാരത്നാകരത്തിൽ നിൎല്ലീനങ്ങളായി കിടപ്പുണ്ട്. "അഹിംസാപരമോധൎമ്മഃ" എന്നുള്ള പരമമനുഷ്യധൎമ്മസംഗ്രഹമായ ആ വാക്യംതന്നെ നിവൃത്തിരൂപമായ സമുദായസേവനത്തെയാണു സൂചിപ്പിക്കുന്നതു്.

"ആത്മവൽസൎവ്വഭൂതാനി
യഃപശ്യതിസപശ്യതി"

എന്നുള്ള ഗീതാവാക്യം സമുദായസേവനത്തിലേക്കു പ്രത്യക്ഷമായി നമ്മെ ക്ഷണിക്കുന്നില്ലെങ്കിലും അതിനു വേണ്ടതായ അത്യുൽകൃഷ്ടവും പ്രാഥമികവുമായ മനസ്ഥിതിയിലേക്കു നമ്മുടെ ശ്രദ്ധയെ ആകൎഷിക്കുന്നു. ബുദ്ധമുനിയുടെ പ്രധാനമായ ഉപദേശം മനുഷ്യസ്നേഹവും അതിൽ കവിഞ്ഞ ഭൂതസൗഹൃദവുമാണ്.

ആ അടിസ്ഥാനത്തിന്മേൽ തന്നെയാണു ബുദ്ധമതം സ്ഥാപിക്കപ്പെട്ടിരിക്കുന്നതും. അദ്ദേഹംതന്നെ ഒരു വിശിഷ്ടനായ സമുദായസേവകനായിരുന്നു. സമുദായ സേവനത്തിന്മേൽ സ്ഥാപിതമായ ഒരു മതം തന്നെ എത്ര വിശിഷ്ടമാണ്. ഇത്രയും പറഞ്ഞതു സമുദായ സേവനം കേവലം ഒരു പാശ്ചാത്യപ്രസ്ഥാനമല്ലെന്നും അതു പൗരസ്ത്യന്മാർ പണ്ടെയ്ക്കു പണ്ടെ സ്വീകരിച്ചിരുന്ന ഒരാദർശവും ചരിച്ചുവന്ന ഒരു പദ്ധതിയുമാണെന്നും കാണിക്കുന്നതിനു മാത്രമായിട്ടാണ്. ബെൻതം, മിൽ മുതലായ പാശ്ചാത്യതത്വജ്ഞാനികൾ അവലംബിച്ചിരുന്ന സന്മാർഗ്ഗസിദ്ധാന്തവും സമുദായസേവനത്തെ ലക്ഷ്യമാക്കിയുള്ളതായിരുന്നു. "ഭൂരിജനഭൂരിസുഖം" ആണ് അവർ വച്ചിരുന്ന ആദർശം. ക്രിസ്തുദേവന്റെ ദശോപദേശങ്ങളിലും ഈ തത്വം അന്തർഭവിച്ചിട്ടുണ്ടെന്നു സൂക്ഷ്മജ്ഞന്മാർക്കറിയാവുന്നതാണ്. കിംബഹുനാ, ലോകാരംഭം മുതല്ക്കും ലോകം ഒട്ടുക്കും സമുദായസേവനം ഒരു പ്രധാന ആദർശമായിട്ടാണു എല്ലാവരും ഗ്രഹിച്ചു വന്നതു്. വിദ്യാഭ്യാസം, വൈദ്യം, ശുചീകരണം, വാണിജ്യം, വ്യവസായം, ഉദ്യോഗവൃത്തി, രാജ്യഭരണം ഇവ സമുദായസേവനത്തിന്റെ രൂപഭേദങ്ങളാണ്. എന്നാൽ ഇവയൊക്കെയും ദുഷിച്ചു സമുദയസേവനസ്വഭാവം വിട്ടു ധനസേവനമായിട്ടാണിന്നു പരിണമിച്ചിരിക്കുന്നതു്. സമുദായസേവനത്തിന്റെ രണ്ടു പ്രധാന ലക്ഷണങ്ങൾ ഇന്നിവയ്ക്കില്ലാതായിത്തീൎന്നിട്ടുണ്ട്. അതായതു് ത്യാഗവും മനുഷ്യസൌഹൃദവും. എന്നുതന്നെയുമല്ല, ഇവയിൽ ചിലതു വിപ

രീതഭാവം വഹിക്കുന്നുമുണ്ട്. ബുദ്ധി, സ്വഭാവം ഇവയെ സംബന്ധിച്ച സംസ്കാരപരമായ ഒരു ഭാവം വഹിക്കുന്നതുകൊണ്ട് വിദ്യാഭ്യാസം സമുദായസേവനത്തിന്റെ ഒരുത്കൃഷ്ടരൂപമാണെന്നുവേണം പറവാൻ. ഇന്നത്തെ വിദ്യാഭ്യാസരീതി ദൂഷിച്ചതാണെന്നു പല ന്യൂനതകളേയും ചൂണ്ടിക്കാണിച്ചു നാം വാദിക്കുന്നുണ്ട്. ഇതു ശരിതന്നെ. വീക്ഷണകോണം ഒന്നു തെററിയെന്നേയുള്ളു. ഇവിടെ ആവശ്യമായ ത്യാഗവും സ്നേഹവും ഇല്ലെന്നുള്ളതാണ് അതിനുള്ള പ്രധാനദോഷം. ക്ലിപ്തമായ വേതനത്തിനും ക്ലിപ്തമായ സമയത്തിനും ക്ലിപ്തമായ രീതിക്കും മററും അധീനന്മാരായി അദ്ധ്യാപകന്മാർ പ്രായേണ യന്ത്രവൽ പ്രവർത്തിച്ചുകൊണ്ടിരിക്കയാണ്. വ്യത്യസ്തം ചുരുക്കം ചിലതില്ലെന്നു പറയാതിരിക്കാൻ തരമില്ല. അദ്ധ്യാപനത്തിനു ഫലവും ജീവനും നൽകുന്ന നിസ്വാർത്ഥത, സൗഹൃദം ഇവയ്ക്കു രണ്ടിനും ഇവിടെ സ്ഥാനം ലഭിക്കുന്നില്ല. സ്നേഹാധിക്യം നിമിത്തം ആത്മവിസ്മൃതിയോടുകൂടി ചെയ്യുന്ന പ്രവൃത്തി മാത്രമെ ശ്ലാഘ്യവും ഫലപ്രദവുമായിരിക്കുകയുള്ളു. പണ്ടത്തെ ഗുരുകുലവിദ്യാഭ്യാസം ഏകദേശം ഈ വിധമുള്ളതായിരുന്നു. ഇന്നത്തെ രീതി രസഹീനവും ശുഷ്കവും സമുദായസേവനത്തിന്റെ സ്വഭാവം നിശ്ശേഷം ഇല്ലാത്തതുമാണ്. അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കുന്ന രീതിയും അവരെക്കൊണ്ടു വേലചെയ്യിക്കുന്ന സമ്പ്രദായവും അവരുടെ സ്വാതന്ത്ര്യത്തെ നിരോധിക്കുന്ന നിയമങ്ങളും മററും സമുദായസേവനത്തിനനുകൂലമല്ലാതാണിരിക്കുന്നതു്. 'വൈദ്യവും' വിദ്യാഭ്യാസ

ത്തെപ്പോലെതന്നെ സമുദായസേവനത്തിന സൗക
ൎയ്യമുള്ള ഒരു പ്രവൃത്തിസരണിയാണ്. ഒരു ചികി
ത്സകന മനസ്സുണ്ടെങ്കിൽ—മനുഷ്യസ്നേഹമുണ്ടെങ്കിൽ-
എത്രയോസാധുക്കൾക്ക് ആശ്വാസവും സുഖവുംനൽ
കാൻകഴിയും? എന്നാൽ ഇവിടേയും "പ്രതിഫലേ
ഛ"എന്നുള്ള ദുർബാധ നിമിത്തം സമുദായസേവന
രൂപത്തിലുള്ള എത്രയോ സൽപ്രവൃത്തികൾ അകൃ
തങ്ങളായി ഭവിക്കുന്നു. പ്രതിഫലം കൂടാതെ നിവൃ
ത്തിയില്ല എന്നിരുന്നാലും അതിനോട് അല്പം ത്യാ
ഗവും സ്നേഹവും കൂടി യോജിപ്പിച്ചാൽ ചികിത്സ
യഥാൎത്ഥ സമുദായസേവനമായിരിക്കുമായിരുന്നു.

"കചചിൽധൎമ്മ-കച്ചിന്മൈത്രി,
കച്ചിദൎത്ഥ-കച്ചിദ്യശഃ
കൎമ്മാഭ്യാസകച്ചിൽചേതി
ചികിത്സാനാസ്തിനിഷ്ഫലഃ"

എന്നാണു ചികിത്സയുടെ മാഹാത്മ്യത്തെപ്പററി മഹ
ത്തുക്കൾ പറഞ്ഞിരിക്കുന്നത്.

വിദ്യാഭ്യാസവും വൈദ്യവും അവയുടെ സമു
ദായസേവനസ്വഭാവത്തിൽനിന്നും വ്യതിചലിച്ചിട്ടു
ള്ളതു് അവയുടെ പ്രയോക്താക്കളുടെ മാത്രം കുററമാ
ണെന്നുപറവാൻതരമില്ല. ലോകത്തിന്റെ ഇന്നത്തെ
സ്ഥിതിയും ഗതിയും മനുഷ്യരെ സ്വാൎത്ഥതല്പരന്മാ
രാക്കിത്തീൎക്കുന്നതിൽ പ്രവണങ്ങളായിട്ടാണിരിക്കുന്ന
തു്. ആത്മരക്ഷാപരമായ സഹജബുദ്ധിയുടെ തീ
ക്ഷ്ണശക്തിയിൽ ഭൂതസൗഹൃദം നിശ്ശേഷം നശിച്ചു
പോകുന്നു. അതുകൊണ്ടാണിന്നു സമുദായസേവന
വിഷയത്തിൽ പ്രവൎത്തിക്കുന്നവരുടെ സംഖ്യ കുറഞ്ഞി

രിക്കുന്നതു്. അനന്യസാധാരണമായ ത്യാഗശീലമുള്ളവർക്കു മാത്രമെ ഇന്നു് ഇതു സാധിക്കയുള്ളു. ലോകത്തിൽ ത്യാഗികളേക്കാൾ അധികം ഭോഗികളാണല്ലൊ ഉള്ളതു്. ഇതുപോലെ തന്നെ മനുഷ്യസ്നേഹത്തേക്കാൾ ശക്തിമത്തായി തീൎന്നിരിക്കുന്നതു ധനസ്നേഹമാണു്. ലോകം ഇന്നു ഭൌതികഭോഗങ്ങളിൽ ആസക്തമായിട്ടാണിരിക്കുന്നതു്. ഇതിനു ധനം അത്യാവശ്യമാണല്ലൊ. ഈ വിഷയത്തിലാണു മനുഷ്യർ തമ്മിൽ ഇന്നു മത്സരം നേരിട്ടിരിക്കുന്നതു്. ഇതു മനുഷ്യസ്നേഹത്തിനും തദ്വാരാ സമുദായസേവനത്തിനും പ്രതികൂലമായിട്ടുള്ള അവസ്ഥയാണു്. ധനസമ്പാദനം ഒട്ടും നിഷിദ്ധമല്ല. എന്നാൽ അതിനെ സമ്പാദിക്കുന്ന രീതിയും വിനിയോഗിക്കുന്ന ക്രമവും അനുസരിച്ചാണു അതിന്റെ ന്യായാന്യായം സ്ഥിതി ചെയ്യുന്നതു്. സമുദായസേവനത്തിനും ധനം അത്യാവശ്യമായിട്ടാണിരിക്കുന്നതു്. ന്യായാൎജ്ജിതമായിരിക്കുന്ന ധനം സ്വല്പമായിരുന്നാലും അതിനു വില കൂടും.

> "അകൃത്വാപരസന്താപ
> മഗത്വാഖലനമ്രതാം
> അക്ലേശയിത്വാചാത്മാനം
> യൽസ്വല്പമപിതൽബഹുഃ"

എന്നാൽ ഇപ്രകാരമാണൊ ഇന്നത്തെ സ്ഥിതിയെന്നു സംശയിക്കേണ്ടതായിരിക്കുന്നു. സമുദായസേവനത്തിനു ധാരാളം സൌകൎയ്യമുള്ളതും അതിലേക്കായി നിശ്ചയിച്ചിട്ടുള്ളതുമായ വിദ്യാഭ്യാസം, വൈദ്യം ഇവയുടെ പ്രവൎത്തനരീതിതന്നെ ഇന്നു നേരെ മറിഞ്ഞി

രിക്കുന്ന സ്ഥിതിക്കു വാണിജ്യം, വ്യവസായം മുതലായവയുടെ കാൎയ്യം ചോദിക്കാനുണ്ടോ? ഇവ രണ്ടും മേൽപ്രകാരം തന്നെ പ്രകൃതി അനുസരിച്ചാണ് ഇന്നു പ്രവൎത്തിക്കുന്നതു്. മററുള്ളവയും ഏറക്കുറെ ഇപ്രകാരം തന്നെയാണെന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലൊ. ഉദ്യോഗസ്ഥന്മാർ ജനസേവകന്മാരാണെന്നാണു ഗണിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ ഇന്നു് ഇപ്രകാരമുള്ളവർ വളരെ കുറഞ്ഞേ കാണുന്നുള്ളു. ഇതു് ഈ പ്രഥമാദൎശം കാലക്രമേണ വിസ്മൃതമായിപ്പോയതുകൊണ്ടാണ്. കാരണം എന്തുതന്നെയായിരുന്നാലും ഇന്നു സമുദായസേവനം ഇവിടെ ഇല്ലെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. ഇപ്രകാരം സമുദായസേവനത്തെ ഉദ്ദേശിച്ചു അതിനുവേണ്ട സൗകൎയ്യമുള്ളതായ സ്ഥാപനങ്ങളും ആ ഉദ്ദേശങ്ങളിൽനിന്നും അകന്നു വിപരീതനിലയിലാണു വൎത്തിക്കുന്നതു്. സദുദ്ദേശ്യത്തോടുകൂടി സ്ഥാപിക്കപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളുടേയും ഗതി മിക്കവാറും ഇതുതന്നെയാണ്. മതസ്ഥാപനങ്ങൾ തന്നെ നോക്കുക. യഥാൎത്ഥതത്വങ്ങൾ എവിടെ? നമ്മുടെ ഇന്നത്തെ ആചാരങ്ങൾ എവിടെ? ഇവ തമ്മിൽ ദക്ഷിണോത്തരധ്രുവങ്ങളുടെ അന്തരം ഉണ്ടു്. നാം ഇന്നു പുരാതനസ്ഥാപനങ്ങളെ ആക്ഷേപിക്കുന്നതിനുള്ള കാരണം ഇതുതന്നെയാണ്. അവയെല്ലാം സ്ഥാപകന്മാരുടെ ആദൎശങ്ങളിലും ഉദ്ദേശങ്ങളിലും നിന്നു് എത്രയോ താഴ്ന്നാണ് ഇന്നു നില്ക്കുന്നതു്. മേൽവിവരിച്ചവ കൂടാതെ യഥാൎത്ഥത്തിൽ സമുദായസേവനത്തെ തന്നെ ലാക്കാക്കിയുള്ള പല ഏൎപ്പാടുകളും ഇന്നു ലോകത്തിൽ

ഉണ്ടു്. അനാഥശാലകൾ, ദരിദ്രനികേതനങ്ങൾ, ശിശുക്ഷേമപോഷണസംഘങ്ങൾ, ആരോഗ്യപരിപോഷണസംഘങ്ങൾ, വിധവാമന്ദിരങ്ങൾ, ധർമ്മവൈദ്യശാലകൾ, ധർമ്മവിദ്യാലയങ്ങൾ, അന്ധന്മാക്കും ബധിരന്മാക്കുമുള്ള വിദ്യാലയങ്ങൾ മുതലായി പലസ്ഥാപനങ്ങളും പാശ്ചാത്യപൗരസ്ത്യരാജ്യങ്ങളിൽ പലേടത്തുമുണ്ടു്. ഇവയുടെ പ്രവത്തകന്മാർ പ്രായേണ നിസ്വാത്ഥതയും മനുഷ്യസ്നേഹവുമുള്ളവരായിരിക്കണമെന്നു നിശ്ചയിച്ചിട്ടുണ്ടു്. ഇവയിൽ സമുദായസേവനം അതിന്റെ വിവിധരൂപത്തിൽ അല്പമായിട്ടെങ്കിലും നടക്കുന്നുണ്ടെന്നുവേണം പറവാൻ. ഇവ പലതും മിഷ്യൻ വകയൊ, മററു സംഘങ്ങൾ വകയൊ, അപൂവ്വം ചിലവ ധർമ്മിഷ്ഠന്മാരുടെ വകയൊ ആയിട്ടാണു നടത്തിവരുന്നതു്. മതസ്ഥാപനങ്ങളോടു സംഘടിപ്പിക്കപ്പെട്ടവയും ധാരാളം ഉണ്ടു്. ഇവിടെ ഒരുവിധം സമുദായസേവനം ചില പ്രത്യേകരൂപത്തിൽ നടന്നുവരുന്നുണ്ടു്. ഇവയിൽ സ്ത്രീകൾ ഭരിക്കുന്നവയാണു പ്രായേണ പ്രശസ്തരീതിയിൽ നടത്തപ്പെടുന്നതു്. നിഷ്കളങ്കമായ മനുഷ്യസ്നേഹവും ത്യാഗവും ഇവരിലാണു് അധികമായി പ്രശോഭിക്കുന്നതു്. എന്നാൽ സമുദായസേവനം ഇന്നവക്കു മാത്രമെ പാടുള്ളു എന്നൊന്നുമില്ല. സേവനത്തിന്റെ സ്വഭാവവും പരിധിയും വ്യത്യാസപ്പെട്ടിരിക്കുമെന്നേയുള്ളു.

നമ്മുടെ ചുററും ഒരു ചെറിയ പരിധിയിൽ നമുക്കു യഥാശക്തി സമുദായസേവനം ചെയ്യാൻ സാധിക്കും. സാധുക്കൾക്കു് അന്നവസ്ത്രാദികൾ യഥാശക്തി നൽകുകയും രോഗബാധിതന്മാരെ ശുശ്രൂ

ഷിക്കയും ബാലന്മാരെ വിദ്യാഭ്യാസവിഷയത്തിൽ പു സ്തകം ഫീസ് ഇവ നൽകി സ്വല്പമായി സഹായി ക്കയും കലഹങ്ങൾ ശമിപ്പിക്കയും സദുപദേശങ്ങൾ നല്കുകയും ശുചിത്വം, ആരോഗ്യം ഇവയ്ക്കുവേണ്ടതാ യ കാൎയ്യങ്ങൾ ചെയ്തു സാംക്രമികരോഗങ്ങളുടെ ഉത്ഭ വത്തെ തടുക്കുകയും ഇങ്ങനെ മററു പലതും നമുക്കു മനസ്സുണ്ടെങ്കിൽ ചെയ്യുകയും ചെയ്യാൻ ധാരാളം സൗകൎയ്യം ഉണ്ട്. ഏതുനിലയിൽ ഇരിക്കുന്നവൎക്കും ഇ തുസാദ്ധ്യമാണ്. ശ്രദ്ധയും ത്യാഗവും അല്പം വേണ മെന്നേയുള്ളു. ഉദ്യോഗസ്ഥന്മാൎക്കും പ്രഭുക്കന്മാൎക്കും ഇതു പോരായ്മയാണെന്നുള്ള തെററിദ്ധാരണ ഉണ്ടാ യിരിക്കാം. എന്നാൽ അവൎക്കാണ് ഈ വിഷയത്തി ൽ കൂടുതൽ ചുമതലയും സൗകൎയ്യവും ഉള്ളത്. അവ ൎക്ക് സുഖസൗകൎയ്യങ്ങൾ എല്ലാം സ്വാധീനത്തിൽ ഉണ്ട്. അവയുടെ വ്യാപ്തിയിൽ സാധുക്കളെ അല്പ മായെങ്കിലും ഉൾപ്പെടുത്തേണ്ടതേയുള്ളു. സുഖസൗക ൎയ്യങ്ങളുടെ യഥാൎത്ഥവില അവയെ വിഭജിക്കുന്നതു കൊണ്ടാണു നമുക്കു ഗ്രഹിക്കാൻ കഴിയുന്നത്. പര സ്പരസഹായതത്വത്തിന്മേലാണു ലോകം സ്ഥാപിത മായിരിക്കുന്നത്. ഒരു മനുഷ്യന് എത്രതന്നെ ധന മൊ പ്രാഭവമൊ ഉണ്ടായാലും തനിച്ചു ജീവിക്കാൻ സാധിക്കയില്ല. ഇതും സമുദായസേവനത്തിന്റെ ആ വശ്യകതയെത്തന്നെ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ മനുഷ്യൎക്ക് വിത്തവും പ്രാഭവവും വൎദ്ധിക്കുന്തോറും സാ മാന്യജനങ്ങളിൽനിന്നും അല്പം അകന്നു നില്ക്കണമെ ന്നാണു താല്പൎയ്യം. ഇതു ജീവിതോദ്ദേശ്യത്തിന്റെ തെററിദ്ധാരണകൊണ്ടു മാത്രമാണ്. അവർ ഒരു സ

ൽപ്രവൃത്തി ചെയ്യുന്നതിനുള്ള അവസരം വ്യഥാ ക
ളയുന്നുവെന്നും വേണം പറവാൻ. എന്നാൽ ഇന്നു
ലോകത്തിൽ ഇത്തരക്കാർ കുറഞ്ഞുവരികയാണെന്നു
ള്ള ഒരാശ്വാസം ഉണ്ടു്. ഒരു സൽഗുണം ഇല്ലെങ്കി
ലും അതുണ്ടെന്നു നടിക്കുന്നതു് ഒരു വിധം ആശാസ്യ
മാണെന്നു പറയപ്പെട്ടിരിക്കുന്നു. ഇന്നു് ഇപ്രകാരമു
ള്ള സേവനവും അപൂൎവ്വം ഉണ്ടായിരിക്കാം. പക്ഷെ
അതു് അധികം ദൂരം എത്തുമെന്നു തോന്നുന്നില്ല. ഇ
ന്നു സമുദായസേവനം സൎവ്വലോകസാമാന്യമായ ഒരു
പ്രസ്ഥാനമായിത്തീൎന്നിട്ടുണ്ടു്. അതിദൂരസ്ഥിതങ്ങളാ
യ അമേരിക്ക ജപ്പാൻ ഇവിടങ്ങളിൽ നിന്നും ഇതി
ന്റെ പ്രതിധ്വനി മുഴങ്ങുന്നു.

നമ്മുടെ തിരുവിതാംകൂറിലും സമുദായസേ
വനോദ്യമങ്ങൾ പലതും ഉണ്ടെന്നു പറയാം. എ
ന്നാൽ ഇവയിൽ ഏററവും പ്രധാനവും, നിസ്വാൎത്ഥ
തയോടും ഭൂതദയയോടും നടന്നുവരുന്നതും ആയ ഒ
ന്നു ശ്രീമതി ചിന്നമ്മയുടെ പരിശ്രമത്തിന്റെയും
ത്യാഗശീലത്തിന്റെയും ഭൂതസൗഹൃദത്തിന്റെയും പ്ര
ത്യക്ഷഫലമായി ശോഭിക്കുന്നതുമായ "മഹിളാമന്ദി
ര"മാണെന്നുള്ളതിനു തൎക്കമില്ല. വേറെയും പലതു
മുണ്ടായിരിക്കാം. സ്വാൎത്ഥത്യാഗവും, മനുഷ്യസ്നേ
ഹവും മൂൎത്തീകരിച്ചിരിക്കുന്ന ഒരൊററയാൾക്കു് എ
ന്തെല്ലാം സാധിക്കാൻ കഴിയുമെന്നുള്ളതിനു് ഈ
സ്ഥാപനം ഒരുൽകൃഷ്ടമായ ദൃഷ്ടാന്തമാകുന്നു. ഒരുൽ
കൃഷ്ടമായ ഉദ്ദേശത്തെയൊ ആദൎശത്തെയൊ മനസ്സിൽ
സംഗ്രഹിക്കുന്നതിനു നമ്മിൽ പലൎക്കും കഴിയുന്ന
താണു്. എന്നാൽ ചിന്താരൂപത്തിൽ ഇരിക്കുന്ന അ

തിനെ സാക്ഷാൽ വസ്തുരൂപത്തിൽ അവതരിപ്പിക്കു ന്നതിന് അനന്യസാധാരണമായ ബുദ്ധിവൈഭവവും, സ്ഥിരനിശ്ചയം, സഹനശക്തിയും, സ്വോപരാവജ്ജന വും, ആത്മവിശ്വാസവും, ആശയശുദ്ധിയും അത്യാ വശ്യമാണ്. ഇതു അപൂവ്വം ചില അനുഗ്രഹീതാത്മാ ക്കൾക്കു മാത്രമേ സാധിക്കയുള്ളു. ശ്രീമതി ചിന്നമ്മ യിൽ ഈ ഗുണങ്ങളെല്ലാം ഉൽബുദ്ധങ്ങളായിരുന്നു വെന്ന് അവക്കു സിദ്ധിച്ച വിജയം തന്നെ തെളിയി ക്കുന്നുണ്ട്. ഉദ്യോഗത്തിലിരുന്നും സമുദായസേവനം സഫലമാംവണ്ണം നിവ്വഹിക്കാമെന്ന് ഈ മഹതി ഇതാ നമുക്കു കാണിച്ചുതന്നിരിക്കുന്നു. ഉദ്യോഗവലി പ്പത്തിനു ക്ഷതം പററുമെന്നു കരുതി ജനങ്ങളിൽ നി ന്നും അകന്നു വത്തിക്കുന്നവക്ക് ഇതൊരു നല്ലപാഠമാ യിരിക്കുമെന്നു തോന്നുന്നു. മി: സി. കൃഷ്ണപിള്ളയാണ് ഈ വിഷയത്തിൽ ഇദംപ്രഥമമായി പ്രവത്തിച്ചതു്. രണ്ടാമതായി ഗണിക്കാൻ ഇവിടെ ഒരാളുണ്ടെങ്കിൽ അതു വിനയാന്തബുദ്ധിയും ഭൂതദയാവസതിയുമായ ചിന്നമ്മ തന്നെയാണ്. എന്നാൽ ഇവർ ഇരുവരും ഇന്ന് അവരുടെ പ്രവൃത്തിരംഗത്തിൽ നിന്നും തിരോ ധാനം ചെയ്തു കഴിഞ്ഞിരിക്കുന്നു. സി കൃഷ്ണപിള്ള അവർകളുടെ തജ്ജനിയിൽനിന്നും പുറപ്പെട്ട ആ ച ലനശക്തി ഇന്നും ഒരു സമുദായത്തെ ആബാലവൃദ്ധം ഉൽക്കഷോന്മുഖമായി ചലിപ്പിച്ചുംകൊണ്ടുതന്നെ ഇ രിക്കുന്നു. അദ്ദേഹത്തിനു തുല്യന്മാരില്ലെങ്കിലും അനു യായികൾ ഇല്ലാതില്ല. ശ്രീമതി ചിന്നമ്മ, ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുമനസ്സിലെ ഷഷ്ട്യബ്ദ പൂത്തിസ്മാരകമായി സ്ഥാപിച്ച "അനാഥസംരക്ഷ

ണശാല" ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിച്ചു വന്ന അവസരത്തിലാണ് ആ മഹതിയുടെ അപ്രതീക്ഷിതമായ തിരോധാനം ഉണ്ടായത്. ഈ സ്ഥാപനത്തിൻെറ ഭാവി എന്തായിരിക്കുമെന്നാണ് ഇന്ന പലരുടേയും ചിന്തയ്ക്കു വിഷയമായിരിക്കുന്നത്. എന്നാൽ ഇപ്രകാരം ഒരാശങ്കയ്ക്കു് അവകാശമുണ്ടോ എന്നാണു സംശയം. ചിന്നമ്മയുടെ "മഹിളാമന്ദിരം" ആ മഹതിയുടെ അഭാവത്തോടുകൂടി നമ്മുടെ (നാട്ടുകാരുടെ) എല്ലാവരുടേയും വകയായി തീന്നിരിക്കുന്നു. നമ്മിലാണ് ഇന്ന് ഇതിൻെറ പോഷണസംരക്ഷണാദികളിലുള്ള ചുമതല നിക്ഷിപ്തമായിരിക്കുന്നത്. ഒരത്ഥത്തിൽ അനാഥശാലയായിരുന്നെങ്കിലും മററൊരത്ഥത്തിൽ ചിന്നമ്മയുടെ നോട്ടത്താൽ സനാഥശാലയായിരുന്ന മഹിളാമന്ദിരം ഇനിയും അപ്രകാരം തന്നെ ഇരിക്കുമെന്നുള്ളതിനു സംശയം ഇല്ല. ഒരു സദുദ്ദേശനിവ്വഹണാത്ഥം സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഈ സ്ഥാപനം അനുകൂലികളൊ പ്രവത്തകന്മാരൊ ഇല്ല എന്നുള്ള കാരണത്തിന്മേൽ അനേകം സമുദായസേവനോത്സുകന്മാർ ഉള്ള ഇക്കാലത്തു വീണുപോകുമെന്നു ഭയപ്പെടാൻ വഴിയില്ല. ചിന്നമ്മയുടെ വിയോഗംനിമിത്തം ഒഴിഞ്ഞുവശമായിരിക്കുന്ന സ്ഥാനം കൈയേല്ക്കുന്നതിനും തൽസംബന്ധമായ ഉത്തരവാദിത്വം വഹിക്കുന്നതിനും ഈ മന്ദിരത്തിൽ തന്നെ ചിന്നമ്മയുടെ പാശ്വവത്തികളും സഹകാരിണികളും വിദ്യാസമ്പന്നകളും പരാത്ഥജീവികളുമായ വനിതാരത്നങ്ങൾതന്നെ ഉണ്ടല്ലൊ. പുറത്തുനിന്നും വേണ്ട സഹായസഹകരണങ്ങൾ ലഭിക്കുന്നതായിരുന്നാൽ

ചിന്നമ്മ ആരംഭിച്ച ഈ സമുദായയജ്ഞം നിൎവി
ഘ്നം തുടൎന്നുകൊണ്ടുപോകാമെന്നുള്ളതിന്നു തൎക്കമില്ല.
എന്നാൽ,

"ബ്രുവതേഹിഫലംസാധവോ
നതുകണ്ഠേനനിജോപയോഗിതാം"

എന്നു നാം എല്ലാവരും ഓൎമ്മിക്കേണ്ടതാണു്. അനു
ശോചനയോഗങ്ങളും മററും വേണ്ടതുതന്നെ. എ
ന്നാൽ നമ്മുടെ കൎത്തവ്യം ഇത്രയുംകൊണ്ടു് അവസാ
നിച്ചു എന്നു വിചാരിച്ചുകൂടാ. അതു് ഇവിടെ ആരം
ഭിക്കുക മാത്രമാണു ചെയ്യുന്നതു്. ഈ പരമാൎത്ഥ
ത്തെ നാം നല്ലതുപോലെ ഓൎമ്മിച്ചു പ്രവൎത്തിക്കുന്ന
തായാൽ എല്ലാം സഫലമാകും.

ലോകത്തിൽ സമുദായസേവനത്തിന്നുള്ള സു
വിസ്തൃതമാൎഗ്ഗങ്ങൾ എല്ലാം തുറന്നു കിടക്കുകയാ
ണു്. ആൎക്കും പ്രവേശിക്കുന്നതിന്നു് ഒരു പ്രതിബന്ധ
വുമില്ല. എന്നാൽ മനുഷ്യൎക്കു പ്രായേണ സ്വാൎത്ഥ
മയമായ ഇടുക്കുവഴിയാണു സ്വീകാൎയ്യമായി കാണു
ന്നതു്. ഇതു സങ്കുചിതമനസ്ഥിതിയുടെ ഫലം ത
ന്നെയാകുന്നു. എന്നാൽ ഇപ്രകാരമുള്ളവരുടെ ജീ
വിതം യഥാൎത്ഥത്തിൽ ഉദ്ദേശരഹിതവും ഫലശൂ
ന്യവുമായി തന്നെയിരിക്കും. സമുദായസേവനത്തി
ന്റെ വില നാണയം കൊണ്ടല്ല കണക്കാക്കേണ്ടതു്.
പങ്കസ്പൎശംകൊണ്ടു് ഒരു കുസുമത്തിൽനിന്നും അതി
ന്റെ ശോഭ എങ്ങിനെ പോകുന്നുവോ, അതുപോ
ലെതന്നെ സ്വാൎത്ഥസമ്പൎക്കം നിമിത്തം ഒരു സൽ
പ്രവൃത്തിയുടെ സൌരഭ്യവും നശിച്ചുപോകുന്നു.

# മലയാളഭാഷയിലെ ഇതരഭാഷാംശങ്ങൾ.

## I. സംസ്കൃതം.

മലയാളഭാഷ ഇന്നു സാമാന്യം പുഷ്ടിയുള്ളതായിട്ടാണിരിക്കുന്നതു്. അതു് ഒരിക്കൽ കേവലം വിചാരവിനിമയത്തിനുതന്നെ പര്യാപ്തമായിരുന്നൊ എന്നു സംശയമാണു്. ശുദ്ധമലയാളപദങ്ങൾ ഇന്നും തന്നെ ഭാഷയിൽ എത്രയുണ്ടെന്നു് ആരെങ്കിലും നോക്കീട്ടുണ്ടോ എന്നും നിശ്ചയമില്ല. ഇപ്പോൾ നിഘണ്ടുക്കൾ ഉണ്ടായി തുടങ്ങിയിട്ടുള്ള കാലമാണല്ലൊ. പുറത്തു വന്നിട്ടുള്ളവയിൽ പദങ്ങളുടെ അൎത്ഥം പറയുന്നതല്ലാതെ അവ ഏതു ഭാഷയിൽ നിന്നും വന്നിട്ടുള്ളതാണെന്നു വിവരിച്ചു കാണുന്നില്ല. ഒരു ഉത്തമമായ ഭാഷാനിഘണ്ടുവിനു് ഇതു് ഒരവശ്യകാൎയ്യമാണു്. പക്ഷെ നിഘണ്ടുനിൎമ്മാണം ഇപ്പോൾ അരംഭിക്കമാത്രം ചെയ്തിട്ടുള്ളതുകൊണ്ടു് ഇതൊന്നും നമുക്കു പ്രതീക്ഷിക്കുവാൻ അവകാശമില്ലെന്നു തോന്നുന്നു. ഇന്നു മലയാളഭാഷയിലുള്ള ഇതരഭാഷാപദങ്ങളെ വേർതിരിക്കുന്നതായാൽ അതു കേവലം കംകാളശേഷമായി വന്നേക്കാമെന്നും അല്പം ഭയമില്ലാതില്ല. മലയാളഭാഷയുടെ ഉത്ഭവം തന്നെ ഇന്നും ഭാഷാജ്ഞാനികളുടെ ഇടയിൽ ഒരു കലഹബീജമായിട്ടാണിരിക്കുന്നതു്. ഭാഷയുടെ ഗുണത്തിനു

വേണ്ടിയെങ്കിലും ഈ ബദ്ധസമരന്മാർ സന്ധിവ്യവസ്ഥചെയ്യാൽ തരക്കേടില്ലെന്നു തോന്നുന്നു. മലയാളഭാഷ സംസ്കൃതത്തിൽ നിന്നൊ തമിഴിൽ നിന്നൊ മററു വല്ല ഭാഷയിൽ നിന്നൊ ഉത്ഭവിച്ചുവെന്നു സ്ഥാപിക്കുന്നതുകൊണ്ടു ഭാഷക്കു ശ്ലാഘ്യത കൂട്ടുമെന്നൊ കുറയുമെന്നൊ വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ അത് ഒരബദ്ധവിചാരമാണെന്നാണു തോന്നുന്നത്. നാം തന്നെ കുരങ്ങന്മാരിൽ നിന്നും ഉത്ഭവിച്ചിട്ടുള്ളവരാണെന്നു ശാസ്ത്രജ്ഞന്മാർ വിധിച്ചിരിക്കുന്നതുകൊണ്ടു നാം ആരും തന്നെ ലജ്ജിച്ചധോമുഖന്മാരായിട്ടു നടക്കുന്നതായി കാണുന്നില്ല. ഏതു നിലയാണു നമുക്ക് അഭിമാനത്തിനൊ അപമാനത്തിനൊ ആസ്പദമായി ഗണിക്കപ്പെടേണ്ടത്. അതെങ്ങിനെയുമിരിക്കട്ടെ. ഭാഷാപോഷണം പ്രധാനമായികരുതി പ്രവൎത്തിക്കുന്ന സാഹിത്യപരിഷത്ത് അചിരേണ ഇതിനൊരു തീരുമാനമുണ്ടാക്കുമെന്നു നമുക്ക് ആശിക്കാം.

മലയാളഭാഷയെ പുഷ്ടിപ്പെടുത്തുന്നതിൽ വിശേഷതഃ സഹായിച്ചിട്ടുള്ളതു സംസ്കൃതമാണെന്നുള്ളതിനു തൎക്കമില്ല. തുഞ്ചത്തെഴുത്തച്ഛനാണ് ഇതിൽ പ്രഥമമായി പ്രവൎത്തിച്ചത്. അണകെട്ടി തടഞ്ഞു നിറുത്തിയിരുന്ന സംസ്കൃതസാഹിത്യപ്രവാഹത്തെ സേതുഭഞ്ജനംചെയ്തു ശുഷ്കപ്രായമായിരുന്ന ഭാഷാശാലേയത്തിലേക്കു പ്രവഹിപ്പിച്ചത് അദ്ദേഹം തന്നെയാണെന്ന് അദ്ദേഹത്തിൻെറ രാമായണം ഭാരതം മുതലായ ഗ്രന്ഥങ്ങൾ ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ട്. ഇതുമുതലാണു മലയാളഭാഷയുടെ ആധു

നിക ഘട്ടം ആരംഭിച്ചതു്. അതിൽപിന്നെ സംസ്കൃതപദങ്ങൾ ധാരാളമായി മലയാളഗ്രന്ഥങ്ങളിൽ ഉപയോഗിച്ചുവരികയാണ്. ഇന്ന് ഏതു മലയാളപുസ്തകം എടുത്തു നോക്കിയാലും ഒന്നുപാതിയൊ കുറഞ്ഞപക്ഷം മൂന്നിലൊന്നൊ സംസ്കൃതപദങ്ങളായി കാണപ്പെട്ടുമെന്നാണു തോന്നുന്നതു്. സല്ലാപഭാഷയിൽ ഇത്രതന്നെ ആവശ്യം ഇല്ലെങ്കിലും പ്രൗഢങ്ങളൊ ഗുരുതരങ്ങളൊ ആയ ആശയങ്ങളെ പ്രകടിപ്പിക്കേണ്ടതായി വരുമ്പോഴെല്ലാം മിക്കവാറും സംസ്കൃതപദങ്ങളെ തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു. നൂതനങ്ങളായി നിർമ്മിക്കപ്പെട്ടവയൊ സമാസാദനം ചെയ്യപ്പെട്ടവയൊ ആയ വസ്തുക്കളെ നാമകരണംചെയ്യുന്നതിനും സംസ്കൃതം തന്നെയാണു നമുക്കവലംബം. ഇംഗ്ലിഷ് കൃതികളെ ഭാഷാന്തരം ചെയ്യുന്ന അവസരങ്ങളിലും സംസ്കൃതത്തെത്തന്നെ നമ്മുടെ സഹായത്തിനു വിളിക്കേണ്ടിയിരിക്കുന്നു. ഭാഷാകവികൾക്കും അവരുടെ കവിതകൾക്കും മററും മനോഹാരിത്വംകൂട്ടുന്നതിനും അവയെ സംസ്കൃതരത്നാനുവിദ്ധങ്ങളാക്കിത്തീക്കേണ്ടിയിരിക്കുന്നു. മിസ്റ്റർ സി. വി. രാമൻപിള്ളയുടെ പ്രസിദ്ധങ്ങളായ ആഖ്യായികകൾക്കു മററു വിധത്തിലുള്ള ചിന്താകഷകത്വത്തെ വദ്ധിപ്പിക്കുന്നതിന് അവയിലെ ശാണോല്ലീഢങ്ങളായ സാംസ്കൃതപദങ്ങൾ നല്ലപോലെ സഹായിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. മഹാനായ കേരളവമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ശാകുന്തളത്തിനും മയൂരസന്ദേശത്തിനും മററുമുള്ള മാധുയ്യം പ്രധാനമായി അവസരോചിതമായ സംസ്കൃത

പദപ്രയോഗത്തിൻേറയുംകൂടി ഫലമാണെന്നു വേണം പറവാൻ. മിസ്റ്റർ പി. കെ. നാരായണപിള്ളയുടെ കൃതികളിൽ ഇന്നു കാണുന്ന ഗാംഭീര്യം അവയിൽ പ്രയുക്തങ്ങളായിരിക്കുന്ന സംസ് കൃതപദങ്ങളുടെ ഗൗരവത്തെതന്നെ മിക്കവാറും ആശ്രയിച്ചിരിക്കുന്നു. ഉള്ളൂരിൻേറയും വള്ളത്തോളിൻേറയും കവിതകളുടെ രാമണീയകത്വത്തിൻേറയും കാരണം ഇതു തന്നെയാണ്. കിംബഹുനാ ഇന്ന് ഉത്തമങ്ങളായ ഭാഷാകൃതികളെന്നു നാം ഗണിക്കുന്ന പുസ്തകങ്ങളിൽ നിന്നും അവയിലെ സംസ് കൃതാംശംനീക്കുന്നതായാൽ അവയ്ക്കു് ഇന്നുള്ള ഗുണത്തിൽ പാതിപോലും ഉണ്ടായിരിക്കുമോ എന്നു സംശയമാണ്. എന്നു തന്നെയുമല്ല, വാക്യവിസ്താരവും വക്രോക്തിയും കൂടാതെ കഴിക്കുന്നതിനും സംസ് കൃതപദം പലപ്പോഴും അത്യാവശ്യമായിട്ടും വരുന്നുണ്ട്. ആശയപ്രകാശനത്തിനു നാലഞ്ചു ഭാഷാപദങ്ങൾ വേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഒരു സംസ് കൃതപദംകൊണ്ടു മാത്രം അതു സാധിക്കാവുന്നതാണ്. എന്നാൽ ഔചിത്യാനൗചിത്യം കൂടാതെയുള്ള സംസ് കൃതപദപ്രയോഗം ഭംഗിക്കു പകരം പലപ്പോഴും വിരസതയ്ക്കാണു കാരണമായി ഭവിക്കുന്നതു്. ഇന്ന് ഇപ്രകാരമുള്ള സംസ് കൃതപദപ്രയോഗങ്ങൾ ഭാഷയിൽ ഒട്ടും കുറവല്ലെന്നു വേണം പറവാൻ. ഇക്കാലത്തു നമ്മുടെഇടയിൽ ധാരാളമായികാണുന്ന ഒട്ടും മന്ദന്മാരല്ലാത്ത കവിയശഃപ്രാർത്ഥികൾ സംസ് കൃതപദപ്രയോഗം വഴിക്കല്ലയോ അതു് എളുപ്പം സിദ്ധിക്കുന്നതെന്നു ഭ്രമിക്കുന്നതായിതോന്നുന്നു. എന്നാൽ രത്നം സ്വർണ്ണത്തിൽ പതിച്ചാലെ

ശോഭിക്കു എന്നുള്ള വസ്തുത അവർ ഓൎമ്മിക്കുന്നില്ലാ യിരിക്കാം. നമ്മുടെ പഴയ ആട്ടക്കഥ എഴുത്തുകാ രിൽ പലരും അവർ വിദ്വാന്മാരായിരുന്നതുകൊ ണ്ടോ അവരുടെ കൃതികൾക്കു ഗൗരവം നൽകുന്നതി ന്നു വേണ്ടിയൊ അവരുടെ പരിചിതപദവി അതാ യതുകൊണ്ടോ എന്തൊ സംസ്കൃതം സാമാന്യത്തി ലധികം ഉപയോഗിച്ചിട്ടുള്ളതായി കാണുന്നുണ്ട്. ഇ തു തരക്കേടില്ല. വായനക്കാരും ശ്രോതാക്കളും മറവും അല്പം കുഴങ്ങുമെന്നേയുള്ളൂ. ഇവയിൽ പലതും വാ യിച്ചുനോക്കിയാൽ സംസ്കൃതത്തോടു മലയാളം ചേ ൎത്തിരിക്കുകയാണ്-മലയാളത്തോടു സംസ്കൃതം ചേ ൎത്തിരിക്കയല്ല എന്നു തോന്നിപ്പോകും. ഇതിലും ഒന്നു രണ്ടു വിശിഷ്ട വ്യത്യാസങ്ങൾ ഇല്ലാതില്ല. ഉണ്ണായി വാൎയ്യരുടെ നളചരിതം ആട്ടക്കഥ ഒടുവിൽ പറഞ്ഞ തിന്നും കോട്ടയത്തു തമ്പുരാന്റെ കൃമ്മീരവധം മുമ്പു പറഞ്ഞതിന്നും ഉദാഹരണങ്ങളാണ്. കുഞ്ചൻ നമ്പ്യാ രുടെ കൃതികളിൽ സംസ്കൃതപദപ്രയോഗം ഉണ്ടെ ങ്കിലും അതു അത്ര ബഹുലമാണെന്നു പറവാൻ തര മില്ല. ചുരുക്കിപ്പറയുന്നതായാൽ എഴുത്തച്ഛന്റെ കാ ലത്തിന്നിപ്പുറം ഉണ്ടായിട്ടുള്ള ഭാഷാകൃതികളിൽ മി ക്കവയിലും സംസ്കൃതം ഒട്ടും അപ്രധാനമല്ലാത്ത ഒ രു ഭാഗം വഹിക്കുന്നുണ്ടെന്ന് അവയെ വായിക്കുന്നവ ൎക്ക് അറിയാവുന്നതാണ്.

ഭാഷാസാഹിത്യക്കാർ ഒട്ടുമുക്കാലും സംസ്കൃ തപ്രണയികളായിരുന്നതുകൊണ്ട് അവരുടെ കൃതി കളെ ഇങ്ങിനെ അലംകരിച്ചിരിക്കുന്നതു് അത്ഭുതമ ല്ല. അൎത്ഥപുഷ്ടിക്കും അലങ്കാരത്തിന്നും ഇപ്രകാരം

ചെയ്യാതെ കഴിയുമെന്നും വിചാരിക്കാൻ തരമി ല്ല. ഇന്നു മലയാളഭാഷയിൽ ഉത്തമകൃതികളെന്നു ഗ ണിക്കപ്പെട്ടിരിക്കുന്നവയെല്ലാം ഈ രീതിയിൽ രചി ക്കപ്പെട്ടവയായിട്ടാണിരിക്കുന്നതു്. എന്നാൽ സല്ലാപ ഭാഷയിൽ സംസ്കൃതപദങ്ങൾ ഇത്രയൊന്നും കടന്നു കൂടിയിട്ടില്ലെന്നുവേണം പറവാൻ. അതിൽ "നഖം" "മുഖം" മുതലായി ചില ഒഴിച്ചുകൂടാത്ത പദങ്ങളും തണ്ട്, കണ്ടം, പിരിയം, നകം, ലാക്ക്: അയിത്തം, കവിൾ. കുടം, അന്തി, അരങ്ങ്, ഏണി. വള്ളി, ത ച്ചൻ, കുപ്പായം, അരക്ക്, പഴം, തോണി, അല്പം, അതേതാ, ചേതം മുതലായി ഒട്ടനേകം തത്ഭവങ്ങ ളും ഉപയോഗിച്ചു വരുന്നുണ്ടു. നഖം, മുഖം ഇവയ്ക്കു ശരിയായ ഭാഷാപദങ്ങൾ ഉള്ളതായി കണുന്നില്ല. "മോറ്"എന്നും"മുഞ്ഞി"എന്നും ചിലപ്പോൾ ചിലർ ഉപയോഗിക്കുന്നതായി കാണുന്നുണ്ടെങ്കിലും അതു് അത്ര സാധാരണമല്ല. അവ ഗ്രാമ്യശബ്ദങ്ങളായി ട്ടാണു ഗണിക്കപ്പെട്ടുവരുന്നതു്. ഗ്രഹങ്ങൾ, നക്ഷ ത്രങ്ങൾ, തിഥികൾ മുതലായവയുടെ പേരുകളും മി ക്കവാറും സംസ്കൃതപദങ്ങൾ തന്നെയാണ്. ഭയം കോപം ദുഃഖം മുതലായ അനേകം മനോവികാര ങ്ങളുടെ പേരുകളും ഇപ്രകാരം തന്നെ സംസ്കൃത പദങ്ങൾ തന്നെയാണ്. ഇവ മിക്കവയും പരിച യം നിമിത്തം ഭാഷാപദങ്ങളുടെ നിലയിലാണു ഗണി ച്ചു വരുന്നതു്. ഇതു കൂടാതേയും ചില സംസ്കൃത പദങ്ങൾ അർത്ഥവ്യത്യാസത്തോടുകൂടി ഭാഷയിൽ ഉ പയോഗിച്ചു വരുന്നുണ്ട്. വൃത്തി, ഗതി, സാധു, ശു ദ്ധൻ, പാപം, ഗ്രഹസ്ഥൻ, വ്യവഹാരം, അന്യായം,

വിദ്വാൻ, കല്യാണം, സങ്കടം, മൎയ്യാദ, മുതലായവ ഈ വൎഗ്ഗത്തിലുൾപ്പെട്ടവയാണ്. ഇതിനും പുറമെ ഭാഷാപ്രത്യയങ്ങളോടുകൂടിയ അനേകം സംസ്കൃത ക്രിയകളും "ആയ" "തള്ള"എന്ന ഭാഷാപദങ്ങളോടു കൂടിയ വിശേഷണങ്ങളും മലയാളം സ്വീകരിച്ചിട്ടുണ്ടു്. ദൃഷ്ടാന്തങ്ങൾ സുലഭങ്ങളാണ്. സംസ്കൃത നാമങ്ങളോടു സഹായക്രിയകൾ ചേൎത്തുപയോഗിക്കുന്നതും അസാധാരണമല്ല: സ്നാനംചെയ്തു, ഭക്ഷണം കഴിച്ചു എന്നുള്ളവ ദൃഷ്ടാന്തങ്ങളാണ്. ഇങ്ങിനെ ഒട്ടനേകം സംസ്കൃതപദങ്ങൾ ഇന്നു മലയാളഭാഷയിൽ ഉപയോഗപ്പെട്ടുത്തി വരുന്നുണ്ടു്. അവ സുപരിചിതങ്ങളാകയാൽ ഇവിടെ വിസ്തരിക്കുന്നില്ല. മലയാളഭാഷയിൽ എത്ര അംശം സംസ്കൃതമുണ്ടെന്ന് ഇന്ന് ആരും കണക്കെട്ടെത്തതായി കാണുന്നില്ല. ഒട്ടധികം ഉണ്ടെന്നു മാത്രമെ ഇപ്പോൾ പറവാൻ തരമുള്ളു. ഇതുകൊണ്ടായിരിക്കാം മലയാളഭാഷ സംസ്കൃതത്തിൽ നിന്നുത്ഭവിച്ചതായി ചിലർ വാദിക്കുന്നതു്. എന്നാൽ ഭാഷോല്പത്തിയെ നിൎണ്ണയിക്കുന്നതിനു പദബാഹുല്യമല്ല പ്രധാനതോതായി ഗണിക്കേണ്ടതു്. മററനേകം സാരങ്ങളായ സംഗതികൾ കൂടി ആലോചിക്കേണ്ടതായിട്ടുണ്ടു്. ഭാഷയുടെ മൂലതത്വങ്ങളായി വൎത്തിക്കുന്ന ചില ഭാഷാംശങ്ങൾ ഉണ്ടു്. അവയെക്കൊണ്ടാണ് പ്രധാനമായി ഭാഷോല്പത്തിയെ നിൎണ്ണയിക്കേണ്ടതു്. ഏതായാലും ഈ ദുൎഘടവിഷയത്തിൽ ഞാൻ കൈവയ്ക്കാൻ തുനിയുന്നില്ല. ഇതു വിദഗ്ദ്ധന്മാരായ ശാബ്ദികന്മാരുടെ ശ്രദ്ധയ്ക്കായി തല്ക്കാലം വിട്ടിരിക്കുന്നു. മലയാളഭാഷയിലെ ഇതരഭാഷാം

ശങ്ങളിൽ ഭൂരിഭാഗം പദങ്ങളും സംസ്കൃതമാണെന്നു മാത്രമേ ഇപ്പോഠം പറയുന്നുള്ളു. സാഹിത്യഭാഷയിലാണ് അധികമെങ്കിലും സല്ലാപഭാഷയിലും ഇല്ലാതില്ല. "മണിപ്രവാളം" എന്നു പറയപ്പെടുന്ന കൃതികളുടെ രമ്യത്വം ഒട്ടുമുക്കാലും ഭാഷാപദങ്ങളോടു ഇടകലൎന്നുള്ള സംസ്കൃതപദങ്ങളെത്തന്നെയാണ് ആശ്രയിച്ചിരിക്കുന്നതു്. മലയാളഭാഷയിൽ സംസ്കൃതപദങ്ങഠം ധാരാളമായി ഉപയോഗിച്ചുതുടങ്ങിയതു് എഴുത്തച്ഛന്റെ കാലംമുതല്ക്കാണെങ്കിലും അതിനു മുമ്പും അല്പാല്പമായി ഉപയോഗിച്ചു വന്നിരിക്കണമെന്നു തന്നെ വിചാരിക്കണം. മലയാളഅക്ഷരമാലയിൽ "ഖരങ്ങഠം" "മൃദുക്കഠം" "ഘോഷങ്ങഠം എന്നു പറയപ്പെടുന്ന അക്ഷരങ്ങഠം ചേൎത്തിട്ടുള്ളതു സംസ്കൃതപദങ്ങഠം പ്രയോഗിക്കേണ്ടി വന്നപ്പോളാണെന്ന് അനുമാനിക്കാം. അതിനു മുമ്പു തമിഴക്ഷരങ്ങളെക്കൊണ്ടു തന്നെ കഴിച്ചുകൂട്ടിയിരിക്കണം. ഭാഷയിലുള്ള ചില പേരുകഠം തന്നെ നോക്കുക. ഇവ ഇന്നത്തെ അക്ഷരമാല ഉത്ഭവിക്കുന്നതിനു മുമ്പുള്ളവയാണെന്നു തന്നെ പറയണം. ഇട്ടിണ്ണാൻ (കൃഷ്ണൻ) കോന്നൻ കോന്തൻ (ഗോവിന്ദൻ) ചേന്നൻ (ജയന്തൻ) ആതിച്ചൻ (ആദിത്യൻ) ഈച്ചരൻ (ഈശ്വരൻ) കോരൻ (കുമാരൻ) ഇരവി (രവി) ചിരുത (സീത) ചക്കി (ശക്തി) മുതലായവ ഇതിനു ദൃഷ്ടാന്തങ്ങളാണ് ഇതിൽനിന്നും മലയാളഭാഷ ആദ്യം മുതല്ക്കുതന്നെ സംസ്കൃതത്തോടു ബന്ധിച്ചിരുന്നു എന്നു കാണാം. ഭാരതത്തിലെ എല്ലാ നാട്ടുഭാഷകളും അന്നത്തെ സാഹിത്യരത്നാകരമായ സം

സ്കൃതത്തെ ഏറെക്കുറെ ആശ്രയിച്ചിരുന്നുവെന്നുള്ള തിന്നു സംശയമില്ല. ഇന്നു മലയാളത്തിൽ കാണുന്ന സംസ്കൃതപദബാഹുല്യം ഒരു സുദീർഘകാലത്തെ ഗുണഗ്രഹണത്തിന്റെ ഫലമാണെന്നു വിചാരിക്കുമ്പോൾ ഒട്ടും അത്ഭുതപ്പെടുവാനൊ ആക്ഷേപിക്കുവാനൊ ആവശ്യമില്ലെന്നു സ്പഷ്ടമാകുന്നതാണ്. ഇന്നു പല സംസ്കൃതപദങ്ങളും അവയുടെ നിരന്തരമായ പ്രയോഗംകൊണ്ടു സുപരിചിതങ്ങളായിത്തീൎന്നിട്ടുമുണ്ട്. പുതിയ പദങ്ങളെ ആവാഹിക്കുമ്പോളാണു നാം അല്പം വിവേകബുദ്ധിയെ ഉപയോഗിക്കേണ്ടതു്.

———○———

# കവികൾ ലോകോപദേഷ്ടാക്കൾ എന്ന നിലയിൽ.

ഭൂലോകത്തിൽ മനുഷ്യൻ ഉത്ഭവിച്ച കാലം മുതൽക്കുതന്നെ പ്രകൃതിയുടെ രഹസ്യങ്ങൾ അവന്റെ ശ്രദ്ധയെ ആകൎഷിച്ചു തുടങ്ങി. തന്റെ ചുററുമുള്ള വിശേഷകാഴ്ചകളോടുകൂടിയ ലോകം മനുഷ്യന്റെ ജിജ്ഞാസയെ ഉജ്ജ്വലിപ്പിക്കാതിരുന്നില്ല. അവൻ പ്രകൃതിയുടെ മുഖത്തെ ആവരണം ചെയ്യുന്ന മൂടുപടം അല്പാല്പമായി മാററി അതിന്റെ യഥാൎത്ഥ സൗന്ദൎയ്യം ഗ്രഹിക്കുന്നതിൽ ഉത്സുകനായി ഭവിച്ചു. ഇങ്ങിനെ അവൻ ഒരു ഭയഭക്തിബഹുമാനഭാ

വത്തോടെയാണ് ആദ്യം പ്രകൃതിയെ സമീപിച്ചത്. അയാൾ അടുത്ത പെരുമാററംകൊണ്ട് അതിൽ നിന്നും എന്തോ ഒരുദിവ്യശക്തി സമ്പാദിച്ചു. മനുഷ്യൻ പ്രകൃതിശക്തിയുടെ വിവിധങ്ങളായ പ്രകടനങ്ങളെ സൂക്ഷിച്ചുനോക്കി അതിശയത്തിനും ഭയത്തിനും അധീനനായി ഭവിച്ചു. കാലക്രമേണ ലോകം അയാൾക്ക് അതിൻെറ രഹസ്യങ്ങളിൽ ചിലതെല്ലാം തുറന്നു കാണിച്ചു കൊടുത്തു. ഈ വിധം ഭക്തി, ആശ്ചര്യം, ഭയം, ജിജ്ഞാസ ഇവയോടുകൂടിയ മനോഭാവമാണു മനുഷ്യനെ ആദ്യം കവിയാക്കിയത്. പിന്നേയും ജിജ്ഞാസുവായ മനുഷ്യൻ പ്രകൃതിയുടെ സൂക്ഷ്മഗ്രഹണത്തിനായി ഇടവിടാതെ അതിൻെറ വാതലിൽ മുട്ടിവിളിച്ചുകൊണ്ടിരുന്നു. ഒടുക്കം അവൻെറ നിരന്തരമായ ഈ വിളിക്ക് ഉത്തരം ലഭിച്ചു. ഇപ്രകാരം മനുഷ്യൻ അനന്യഗോചരങ്ങളായ പ്രകൃതിരഹസ്യങ്ങൾ സൂക്ഷ്മബുദ്ധ്യാ ഗ്രഹിച്ചു. ഇങ്ങനെയാണു കവികൾ മനുഷ്യരിൽവച്ച് അനുഗ്രഹീതരായിത്തീൎന്നത്. തനിക്ക് ഇപ്രകാരം ലഭിച്ച ദിവ്യജ്ഞാനം ഹേതുവായിട്ടു കവി മനുഷ്യവൎഗ്ഗത്തിൻെറ ഉപദേഷ്ടാവായി ഭവിച്ചു. അന്നു മുതൽ ഇന്നുവരെ കവികൾ ഈ പൂജ്യസ്ഥാനത്തെ ഏറെക്കുറെ വഹിച്ചു തന്നെ വരുന്നു. കവികൾ ഈ നിലയിൽ ലോകത്തിനു ചെയ്തിട്ടുള്ള ഉപകാരങ്ങൾ വിലമതിക്കത്തക്കവയല്ല.

കവികൾ ലോകോപദേഷ്ടാക്കളാണെന്നു പറയുന്നതിൽ വല്ലതെററൊ അതിശയോക്തിയൊ ഉണ്ടെന്നുവിചാരിച്ചുകൂടാ. മനുഷ്യവൎഗ്ഗം അവരുടെ ചു

ററുമുള്ള ലോകത്തെപ്പററി എന്തെങ്കിലും ഗ്രഹിച്ചിട്ടു ണ്ടെങ്കിൽ അതു അധികം കവികളിൽ നിന്നും തന്നെ യാണ്. പ്രകൃതിയുടെ രഹസ്യങ്ങൾ ഗ്രഹിക്കുന്നതും അതു് അന്യരെ ഗ്രഹിപ്പിക്കുന്നതും എന്നും ഇവരുടെ മുഖ്യതലയായിരുന്നു. പ്രകൃതിയുടെ സൗന്ദര്യം ഗ്ര ഹിക്കുന്നതിനുള്ള ദിവ്യചക്ഷുസ്സും യഥാൎത്ഥതത്വം ഗ്ര ഹിക്കുന്നതിനുള്ള വിശേഷശക്തിയും കവികൾക്കാ ണുള്ളതു്. അവരുടെ ദൃഷ്ടിയിൽ ലോകം ഒരു പ്ര കൃത്യതീതമായ ചിന്തയുടെ മൂൎത്തിമത്തായ രൂപമാ കുന്നു. അതിന്റെ വ്യാഖ്യാനവും വൎണ്ണനവും കവിക ളുടെ പ്രഥമകൃത്യവുമായിരുന്നു.

കവികൾ ചിന്താവിഷയത്തിൽ സാധാരണ മനുഷ്യരെ അതിശയിക്കുകയും തന്മൂലം അവർ വീ ക്ഷിക്കുന്നതിൽ വളരെ കവിഞ്ഞു വീക്ഷിക്കുകയും ചെയ്യുന്നു. ഈ സംഗതിയാണ് അവരെ മനുഷ്യവ ൎഗ്ഗത്തിന്റെ ഉപദേഷ്ടാക്കളാക്കുന്നതിന്നു സഹായിക്കു ന്നതു്.

കവികളെക്കുറിച്ച് ഒരു കവിതന്നെ പറയു ന്നതു നോക്കുക. "നമുക്ക് ഉൽകൃഷ്ടങ്ങളായ മോഹ ങ്ങളേയും ക്ലേശങ്ങളേയും നൽകിയതും നമ്മെ ലോക ത്തിൽ അവരുടെ ദിവ്യഗാനങ്ങൾകൊണ്ടു സത്യത്തി ന്റേയും പരിശുദ്ധമായ ആനന്ദത്തിന്റേയും അവകാ ശികളാക്കിത്തീൎത്തുമായ കവികൾ അനുഗ്രഹീതന്മാ രും പ്രശംസനീയന്മാരുമായി ഭവിക്കട്ടെ". (Words Worth)പ്രധാനമായി സാഹിത്യത്തിൽ കൂടിയാണ ല്ലൊ മനുഷ്യനു ജ്ഞാനം ലഭിക്കുന്നതു്. സാഹിത്യം മനുഷ്യന്റെ ചിന്തകളുടേയും നിരീക്ഷണങ്ങളുടേയും

വിശിഷ്ടഫലവും ഉത്തമാദൎശങ്ങളുടെ വിളിനിലവുമാണ്. ഏതുഭാഷയിലും ആദ്യം സാഹിത്യം കാവ്യരൂപത്തിലായിത്തന്നെ ഇരുന്നു. കാവ്യത്തിന് അതിൻെറ വിശിഷ്ടഗുണങ്ങൾ നിമിത്തം മനുഷ്യൻെറ മേൽ എന്തെന്നില്ലാത്ത ഒരു വശീകരണശക്തിയുണ്ടായിരുന്നു. "കവികൾ" നമ്മെ ഇപ്രകാരം ആനന്ദത്തിൽക്കൂടി പരമാൎത്ഥത്തിലേക്കു നയിക്കുന്നു. അവർ ആദ്യം നമ്മെ വശീകരിക്കുകയും പിന്നെ ഉപദേശിക്കുകയും ചെയ്യുന്നു. ഇങ്ങിനെ ഉപദേശിക്കുന്നതിനു കവികൾക്കല്ലാതെ മററാൎക്കു സാധിക്കും.? വാത്മീകി, ഹോമർ, കളിദാസൻ, ഷേക്സ്പിയർ മുതലായവർ ലോകത്തിൽ അവതരിച്ചില്ലായിരുന്നുവെങ്കിൽ ലോകം ഇന്നു പരിഷ്ക്കാരവിഷയത്തിൽ എവിടെ നില്ക്കുമായിരുന്നു.

കവികൾ ഒരു സമുദായത്തിനൊ ഒരു രാജ്യത്തിനൊ മാത്രമല്ല ജ്ഞാനം നൽകുന്നതു്. അവൎക്കു കാലദേശഭേദം ഇല്ല. അവർ സൎവ്വലോകോപദേഷ്ടാക്കളാണ്. അവർ ഒരു സ്ഥലത്തു ജനിച്ചുവെന്നുള്ളതു യാദൃഛികസംഭവംമാത്രമാണ്.

പ്രകൃതി വാസ്തവത്തിൽ അതീതപ്രകൃതിയാണെന്നുള്ള പരമാൎത്ഥം അവരാണ് ആദ്യമായിഗ്രഹിച്ചതു്. ലോകം ചിലനിയമത്തിന്മേൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളവയാണെന്നും അതു് പ്രകൃതിയെ കവിഞ്ഞുനില്ക്കുന്ന ഒരുശക്തിയാൽ ഭരിക്കപ്പെടുന്നുഎന്നും അവർ കാണുകയും നമ്മെ ഉൽബോധിപ്പിക്കുകയും ചെയ്യുന്നു. "കവികൾ സത്യത്തെ സ്നേഹിക്കയും" പ്രത്യക്ഷത്തിൽ അനുഭവിക്കയും, അതിനെ ഉപദേശിക്കയും

ചെയ്യുന്നു എന്നു പറയപ്പെട്ടുന്നു. കവികൾക്കു "ചക്ഷുഷ്മാന്മാർ" എന്നപേരു പൂർവന്മാർ നൽകിയിരുന്നതു് അവൎക്കു സാധാരണ ജനങ്ങൾക്കില്ലാത്ത വീക്ഷണശക്തിയുണ്ടായിരുന്നതുകൊണ്ടാണു്. അവർ നാം കാണാത്തതു കാണുകയും നാം കാണുന്നതിലധികം കാണുകയും ചെയ്തുവന്നു. ലോകത്തെ ഇദംപ്രഥമമായി പുരോഗമനപദ്ധതിയിലേക്കു നയിച്ചതു കവികളാണു്. അവർ നമ്മെ ഇന്നും ആ മാർഗത്തിൽനിന്നും വ്യതിചലിക്കാതെ രക്ഷിക്കുന്നു. ഇന്നും ഉത്തമാദൎശങ്ങൾ വേണമെങ്കിൽ നാംകവികളെ അവലംബിക്കണം. ആദൎശങ്ങൾകൂടാതെ പുരോഗമനം സാദ്ധ്യമല്ല.

ലോകത്തിൻെറ സൂക്ഷ്മതത്വമെന്നപോലെ അതിൻെറ സൗന്ദൎയ്യത്തെയും കവികൾ നമ്മെ കാണിക്കുന്നു. ഒരു കവി ഇപ്രകാരം പറയുന്നു. "ഉപത്യകയിൽ നില്ക്കുന്ന ഒരു ചെറുപുഷ്പവും വായുവിൽ ധ്വനിക്കുന്ന ലഘുഗാനവും സാധാരണ കാററും ആകാശവും സൂൎയ്യനും ഒരു കവിക്കു് അപാവൃതങ്ങളായ സ്വൎഗ്ഗദ്വാരങ്ങളാകുന്നു." (Gray)

മറെറാരു കവി പറയുന്നതു നോക്കുക.

"പ്രകൃതിയെപ്പോലെ ചിത്രമെഴുതുവാൻ ആൎക്കു സാധിക്കും. പ്രതിഭാശക്തിയുടെ വിശിഷ്ടസൃഷ്ടിയാൽ ഇത്ര രാമണീയകത്വവും വൎണ്ണശോഭയും എവിടെക്കാണും." (Thomson). കവികളില്ലായിരുന്നുവെങ്കിൽ പ്രകൃതിയുടെ രമ്യത നാം എങ്ങിനെ അറിയും. എന്നാൽ കവികൾ പ്രകൃതിയുടെ രമ്യതയെ മാത്രമല്ല നമുക്കു മനസ്സിലാക്കിത്തരുന്നതു്. അവർ ആ വഴിക്കു നമ്മെ അതീതപ്രകൃതിയിലേക്കു നയിക്കുന്നു. മ

നഷ്യർ ആദ്യമായി ലോകതത്വങ്ങൾ ഗ്രഹിച്ചതു കവികൾ മുഖേനയാണെന്നു പറഞ്ഞുവല്ലോ. ശാസ്ത്രജ്ഞന്മാർ അവരെ പിന്തുടരുകയാണു ചെയ്തതു്. ശാസ്ത്രജ്ഞന്മാരും കവികളെപ്പോലെ ലോകതത്വങ്ങളെ ഗ്രഹിക്കുന്നു. എന്നാൽ രണ്ടും രണ്ടുവഴിക്കാണു്. ശാസ്ത്രജ്ഞന്മാർ പരിശോധനകൊണ്ടും കവികൾ ദിവ്യദൃഷ്ടികൊണ്ടുമാണു് അവയെ ഗ്രഹിക്കുന്നതു്. എന്നാൽ ഒരു വ്യത്യാസമുണ്ടു്. ശാസ്ത്രജ്ഞന്മാർ ഗ്രഹിക്കുന്ന തത്വങ്ങൾ ഭൗതികങ്ങളും കവികൾ ഗ്രഹിക്കുന്നവ ആത്മീയങ്ങളുമാണു്.

കവികൾ എന്തുപാഠമാണു നമ്മെപഠിപ്പിക്കുന്നതു്? അവർ എല്ലാസൃഷ്ടിവസ്തുക്കളേയും സ്നേഹിക്കുന്നതിനു് ഉപദേശിക്കുന്നു. അവർ നമ്മെ സന്മാർഗ്ഗം പഠിപ്പിക്കുന്നു. കർത്തവ്യകർമ്മത്തെ ഉൽബോധിപ്പിക്കുന്നു. അവർ നമ്മളിൽ ഭക്തിയെ ഉദ്ദീപിപ്പിക്കുന്നു. നമുക്കു ലോകജ്ഞാനം നൽകുന്നു. നമുക്കായി ആദർശങ്ങൾ സമർപ്പിക്കുന്നു. സൌന്ദര്യബോധം പ്രദാനം ചെയ്യുന്നു. സത്യംതന്നെ സൗന്ദര്യമെന്നും സൌന്ദര്യം തന്നെ സത്യമെന്നും പഠിപ്പിക്കുന്നു. നമ്മെ നിസ്വാൎത്ഥതയിലേയ്ക്കു നയിക്കുന്നു. ഭ്രാതൃസൗഹൃദം ഉപദേശിക്കുന്നു. ആപത്തിൽ ആശ്വാസം നൽകുന്നു. ഭൂമിയെ സ്വൎഗ്ഗതുല്യമാക്കുന്നു. സ്വൎഗ്ഗസുഖാനുഭൂതി ഭൂമിയിൽ നൽകുന്നു.

കവിത അല്ലെങ്കിൽ കാവ്യം ജീവിതവിമൎശനമാണു് എന്നു പറഞ്ഞിരിക്കുന്നു. അതായതു് അതു ജീവിതത്തിൻെറ എല്ലാ വശങ്ങളേയും സ്പൎശിക്കുന്നു. പരിശോധിക്കുന്നു. ഏതു തരം ജീവിതമാണു്

ഉത്തമമെന്നും അതു് എങ്ങിനെ സമ്പാദിക്കണമെന്നും പ്രതിപാദിക്കുന്നു. അതു മനുഷ്യഹൃദയത്തെ ശുദ്ധീകരിക്കുന്നു. മനസ്സിനെ ഉൽകൃഷ്ടമാക്കുന്നു. ആത്മാവിനെ ഉയർത്തുന്നു. അതു മനുഷ്യനായി സ്വർഗ്ഗവാതിൽ തുറക്കുന്നു. നാം കവിത വായിക്കുന്നുവെങ്കിൽ അതിനെ വേദമെന്ന ഭാവേന വായിക്കുക. നമുക്കു വേണ്ടതെല്ലാം അതിൽകാണും. വേണ്ടാത്തതു കാണുകയുമില്ല. കവിതാപാരായണത്തിൽനിന്നും സന്മാർഗ്ഗങ്ങൾ ഗ്രഹിക്കുക, ആദർശങ്ങൾ സ്വീകരിക്കുക, ജ്ഞാനമൗക്തികം ശേഖരിക്കുക, സ്വർഗ്ഗദർശനം സമ്പാദിക്കുക.

ഇന്നും ഹോമർ, വാത്മീകി, കാളിദാസൻ ഷെക്സ്പീയർ മുതലായവർ യശശ്ശരീരികളായി അവരുടെ ചിതയിൽ നിന്നും നമ്മെ ഉപദേശിക്കുകയും ഭരിക്കുകയും ചെയ്യുന്നു. കവിയെപ്പോലെ ഒരു മിത്രത്തിനേയൊ ഒരു ഉപദേഷ്ടാവിനേയൊ ഒരു മാർഗ്ഗദർശിയേയൊ നമുക്കെവിടെ കിട്ടും. ആദ്യകവി ആദ്യോപദേഷ്ടാവായിരുന്നു. അന്ത്യോപദേഷ്ടാവും കവി തന്നെ.

കവിയുടെ മറെറാരു നിർവ്വചനം ഇതാണ്. "സത്യമാകുന്ന നിർമ്മലജ്യോതിസ്സ് കവിയുടെ പ്രതിഭയാകുന്ന സ്ഫടികഫലകത്തിൽക്കൂടി കടന്നു് ഇന്ദ്രചാപത്തിനു തുല്യം വിവിധ വർണ്ണങ്ങളോടുകൂടിയ കവിതയായി പരിണമിക്കുന്നു." ഇതിൽ നിന്നും അർത്ഥമാക്കേണ്ടതു കവിതയെന്നതുതന്നെ ലോകതത്വങ്ങളുടെ പ്രതിപാദനവും, വ്യാഖ്യാനവും, വിവരണവും, വികസനവുമാണെന്നാണ്. അതുകൊണ്ടു കവി ചിത്ര

കാരനും തത്വജ്ഞാനിയും ശാസ്ത്രജ്ഞനും ഏകീഭവിഭവിച്ചുള്ള ഒരാളാണെന്ന് അനുമാനിക്കാവുന്നതാണ്. ഇവരുടെ കൃത്യങ്ങളെല്ലാം കവി നിവ്വഹിക്കുന്നു. ഇതുനിമിത്തം ലോകോപദേഷ്ടാവായിരിക്കാൻ അദ്ദേഹത്തിന് അവശ്യം വേണ്ടതായ യോഗ്യതയുണ്ട്. രാജാക്കന്മാരുടേയും രാജ്യതന്ത്രജ്ഞന്മാരുടേയും പ്രേരണാശക്തിയുടെ വ്യാപാരപരിധി അവരുടെ രാജ്യങ്ങൾ മാത്രമാണ്. എന്നാൽ കവികളുടെ പ്രേരണാധികാരവ്യാപ്തി ലോകത്തിൻെറ സീമാന്തരേഖ തന്നെയാണ്. അവർ ഒരുകാലത്തേക്കല്ല എല്ലാക്കാലത്തേക്കും ജ്ഞാനോപദേഷ്ടാക്കളാണ്. അവരുടെ ശബ്ദങ്ങൾ സ്വദേശങ്ങളിൽ മാത്രമല്ല ലോകസീമാന്തഭാഗങ്ങളിലും പ്രതിധ്വനിക്കുന്നു. അതുകൊണ്ടു ലോകോപദേഷ്ടാവെന്ന സ്ഥാനം വഹിക്കുന്നതിന് ആക്കെങ്കിലും യോഗ്യതയുണ്ടെങ്കിൽ അതു കവികൾക്കു തന്നെയാണ്. സർ രവീന്ദ്രനാഥടാഗോർ ഒരു ബംഗാളിയും ഭാരതീയനുമാണെങ്കിലും ഇന്ന് ഒരു ലോകകവിയായിട്ടാണു വത്തിക്കുന്നതു്. അദ്ദേഹത്തിൻെറ ഉപദേശവും സന്ദേശവും സ്വീകരിക്കുന്നതിനു ലോകം കാത്തിരിക്കയാണ്. എന്തുകൊണ്ടാണ്? അദ്ദേഹം നിത്യങ്ങളായ തത്വങ്ങളുടെ നിദാനമാണ്.

കവിത ജ്ഞാനത്തിൻെറ കേന്ദ്രവും പരിധിയുമാണെന്നു പറയപ്പെട്ടിരിക്കുന്നു. ഇതിൻെറ അത്ഥം സകലവിധ ജ്ഞാനങ്ങളും ഒന്നിച്ചു കൂടിയിരിക്കുന്നതും അവസാനിച്ചിരിക്കുന്നതുമവിടെയാണെന്നാണ്. അപ്രകാരമുള്ള ഒരു സ്ഥാനമാണല്ലോ

ഉപദേശം നൽകുന്നതിന്നു പൎയ്യാപ്തവും സമൎത്ഥവുമായിട്ടുള്ളതു്. തന്നിമിത്തം ലോകർ ഉപദേശത്തിനായി കവികളെ ആശ്രയിക്കുന്നു.

ഇതിന്നുംപുറമെ കവിത ഉൽകൃഷ്ടമനസ്കന്മാരുടേയും ആനന്ദചിത്തന്മാരുടേയും ഉൽകൃഷ്ടങ്ങളും ആനന്ദസന്ദായിനികളുമായ ചിന്തകളുടെരേഖകളാകുന്നു എന്നും പറഞ്ഞിരിക്കുന്നു. മനുഷ്യരിൽ ചിലപ്പോൾ ഉണ്ടാകുന്ന ദിവ്യസാന്നിദ്ധ്യത്തെ നശിച്ചുപോകാതെരക്ഷിക്കുന്നതും 'കവിത'തന്നെയാണ്. കവികൾ ലോകത്തിലെ അംഗീകരണം സിദ്ധിക്കാത്ത നിയമകൎത്താക്കളാണത്രെ. 'കവിത' മനുഷ്യൎക്കുള്ള സകല ജ്ഞാനത്തിന്റേയും, ചിന്തകളുടേയും, വികാരങ്ങളുടേയും, വാക്കുകളുടേയും പ്രസൂനവും സുഗന്ധവുമാകുന്നുഎന്നും പറയപ്പെട്ടിരിക്കുന്നു. യഥാൎത്ഥകവിതയിൽ എല്ലാശാസ്ത്രങ്ങളും അടങ്ങിയിരിക്കുന്നതും എല്ലാശാസ്ത്രങ്ങളും ഒരു വിധത്തിൽ അതിൽ നിന്നും ഉത്ഭവിച്ചിട്ടുള്ളതും അതോടനുബന്ധിച്ചിട്ടുള്ളതുമാകുന്നു.

വന്മീകപ്രഭവേന രാമനൃപതിൎവ്യാസേന ധൎമ്മാത്മജോ
വ്യാഖ്യാതഃകിലകാളിദാസകവിനാശ്രീവിക്രമാൎക്കോനൃപഃ
ഭോജശ്ചിത്തപഃ ബിൽഹണഃ പ്രഭൃതിഭിഃ കൎണ്ണോപി വിദ്യാപതേഃ
ഖ്യാതിംയാന്തിനരേശ്വരാഃ കവിവരൈഃ സ്ഫാരൈൎന്നഭേരീരവൈഃ.

# നിരാഹാരവ്രതം.

ഭാരതഖണ്ഡം ഒരുകാലത്തു തപോധനന്മാരുടെ സങ്കേതമായിരുന്നു. അവർ അവരുടെ തപഃശക്തികൊണ്ടു പലതും സാധിച്ചതായും നമുക്കു പുരാണങ്ങളിൽ നിന്നും മററും അറിയാവുന്നതാണ്. എന്നാൽ ഇടക്കാലത്ത് ഈ വിഷയത്തിൽ ഒരു അധഃപതനം സംഭവിക്കുന്നതിന്നിടയായി. അജ്ജുനൻ തപസ്സുകൊണ്ടു പാശുപതാസ്ത്രം സമ്പാദിച്ചു. ധ്രുവൻ തീക്ഷ്ണതപസ്സുകൊണ്ടുതന്നെ വിനിവൃത്തിഹീനമായ സവ്വോത്തരപദം സമ്പാദിച്ചു. പാവ്വതീദേവിക്കു തൻെറ ഇഷ്ടാനുസരണം ശിവനെ ഭത്താവായി ലഭിച്ചു. പാഞ്ചാലിക്ക് അക്ഷയപാത്രവും കിട്ടി. ഇങ്ങനെ ഇനിയും അനേക ദൃഷ്ടാന്തങ്ങളുണ്ടു്. രാവണാദികളുടേയും മററും തപസ്സും തൽഫലങ്ങളും നമുക്കറിയാമല്ലൊ. പുരാണകാലം കഴിഞ്ഞു. ദീഘകാലത്തേക്ക് ഇങ്ങനെയുള്ള ദൃഷ്ടാന്തങ്ങൾ ലോകത്തിൽ അപൂവ്വമായിരുന്നു എന്നാൽ എത്ര ദീഘമായ ഒരു രാത്രിക്കും അവസാനമായി ഒരു പ്രഭാതം ഇല്ലാതിരിക്കയില്ലല്ലൊ. അനേകം അപൂവ്വസംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇരുപതാം നൂററാണ്ടിൽ ഇതാ, രണ്ടു തപോധനന്മാരും ആവിർഭവിച്ചിരിക്കുന്നു ഇവർ ഇരുവരും അവരുടെമുമ്പിൽ അതിവിശാലങ്ങളും അത്യുൽകൃഷ്ടങ്ങളുമായ അദശ്ങ്ങളെലാക്കാക്കി നിത്തിക്കൊണ്ടാണു പ്രവത്തിച്ചുവരുന്നതു്.

അവൎക്ക സാധാരണ മനുഷ്യൎക്ക കണ്ണെത്താത്ത വിദൂരഭാവിയെ കാണാൻ സാധിക്കുന്നു. അവർ ഈ വിഷയത്തിൽ ആരംഭവും അവസാനവും തമ്മിലുള്ള അന്തരത്തെ ശരിയായിഅളന്നു നോക്കീട്ടുള്ളവരും ഇന്നാവഴിക്കു പോയാൽ ഇന്നാ ദിക്കിലെത്തുമെന്നു നിശ്ചയമുള്ളവരുമാണ്. രണ്ടുപേരും ഏറ്റെക്കുറെ ത്യാഗികളുമാണ്. അവർ നിരന്തരാഭ്യാസം കൊണ്ടു തങ്ങളുടെ ആത്മീയശക്തിയെ വികസിപ്പിച്ചിട്ടുള്ളവരും ഏത്രയും പരിശുദ്ധമായ ജീവിതരീതിയെ അവലംബിച്ചിട്ടുള്ളവരും ആത്മബോധംകൊണ്ടു നിഷ്കാമന്മാരും നിൎമ്മത്സരബുദ്ധികളും നിരഹങ്കാരികളുമാണെന്നുള്ളതിനു സംശയമില്ല.

"യസ്മിൻജീവതിജീവന്തി ബഹവഃ സതുജീവതി"
എന്ന തത്വമനുസരിച്ചു ജീവിക്കുന്നവരാണ് ഇവർ ഇരുവരും. ഇതു നോക്കുമ്പോൾ ഇവർ ഈ പേരിൽ അറിയപ്പെട്ടിരുന്നില്ലെങ്കിലും യഥാൎത്ഥത്തിൽ "തപസ്വികൾ" തന്നെയായിരുന്നു. ഇപ്പോൾ തപസ്സിന്റെ രീതി മാറിയെന്നു മാത്രമേയുള്ളു.

ഏററവും കഠിനമായ തപസ്സ നിരാഹാരവ്രതമാണെന്നാണു പറയപ്പെട്ടിരിക്കുന്നത്. മഹാഭാരതത്തിൽ,

"നാസ്തിവേദസമംശാസ്ത്രം
നാസ്തിമാതൃസമംഗുരുഃ"
"നാസ്തിധൎമ്മസമംലാഭഃ
തപോനാനശനാൽപരം"

ഈ തപസ്സിനു ശക്തി കൂടുമെന്നു മനസ്സിലാക്കിയാണ് ഇവർ ഇതിനെ വരിച്ചത്. അവർ അങ്ങനെ വി

ചാരിച്ചതിൽ തെററില്ലെന്നു അനന്തരസംഭവങ്ങൾ തെളിയിച്ചിട്ടുമുണ്ട്. തപസ്സിനുള്ള വിശേഷശക്തി അന്യന്മാരെക്കൂടി തപിപ്പിക്കുകയെന്നുള്ളതാണ്. ഇതിൽനിന്നും അനുമാനിക്കേണ്ടതു് ആത്മാവു് എല്ലാവരിലും ഒന്നുതന്നെയാണെന്നാണ്. ധ്രുവൻെറ തപോബലം കൊണ്ടു ദിഗന്തങ്ങൾ നിരുച്ഛ്വസിതങ്ങളായി ഭവിച്ചു എന്നു പറയപ്പെട്ടിരിക്കുന്നു. ദേവന്മാർക്കുപോലും ഇരിക്കപ്പൊറുതിയില്ലാതായി വളരെ കഷ്ടപ്പെട്ടു. നമ്മുടെ ഇന്നത്തെ തപസ്വികളുടെ ശക്തിയും ഒട്ടും ചില്ലറയല്ല. ലോകം മുഴുവനും ഒന്നിളകി വശായില്ലയോ എന്നാണു സംശയം. ഇല്ലെങ്കിലും ഭാരതഖണ്ഡം ഹിമവൽസേതുപര്യന്തം ഭൂകമ്പം നിമിത്തമെന്നപോലെ പ്രചലിതമായി ഭവിച്ചു. തപസ്വികളെപ്പോലെ തന്നെ ഭാരതീയജനതാകന്മാരും.

"നീഹാരാതപവായുവർഷാദികളുംസഹി-
ച്ചാഹാരാദികളൊന്നുംകൂടാതെദിവാരാത്രം"

പരിഭ്രാന്തചിത്തന്മാരായി ഓട്ടം തുടങ്ങി എന്നേ പറയേണ്ടു. വിദൂരസ്ഥരായ രാജ്യധുരന്ധരന്മാരുപോലും പ്രജാഗരം അനുഷ്ഠിച്ചു ചിന്ത ചെയ്യേണ്ടിവന്നു. ഇപ്രകാരം അജയ്യമായ ഒരായുധത്തെയാണ് പൂർവ്വഭാരതീയർ നമുക്ക് അവസാനക്കയ്യായി പ്രയോഗിക്കുവാൻ കരുതിവച്ചിരിക്കുന്നതു്. ഇതേവരെ അതിനെ ഉപയോഗിക്കുന്നതിനു മതിയായ പുരുഷന്മാർ ഇല്ലാതിരുന്നതുകൊണ്ടു് അല്പം തുരുമ്പു പിടിച്ചിരുന്നേക്കാം. എന്നാൽ അതിനു ശക്തി കുറഞ്ഞിട്ടില്ലെന്ന് ഇന്നത്തെ അനുഭവം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ധ്രുവനു അഭീഷ്ടസിദ്ധിക്ക് അഞ്ചുമാസം വേണ്ടിവന്നു

എന്നുപറയപ്പെട്ടിരിക്കുന്നു. എന്നാൽ മഹാത്മജിക്ക് ഇന്നു പത്തു ദിവസം മാത്രം മതിയായി എന്നു തോന്നുന്നു. മഹാത്മജി അഭീഷ്ടം സാധിച്ചു തന്റെ തപസ്സിൽ നിന്നും വിരമിച്ചു. ശ്രീകേളപ്പൻ ഗുരുശാസനം അനുസരിച്ചു തല്ക്കാലത്തേക്കു മാത്രം തപസ്സ് അവസാനിപ്പിച്ചു. ഈ പത്തു ദിവസങ്ങളിലും ഭാരതഖണ്ഡത്തിലെ ഓരോ ഗൃഹത്തിലും ഒരുവിധം നിരാഹാരവ്രതവും പ്രാൎത്ഥനകളും നടന്നു വന്നിരുന്നു.

ശ്രീകേളപ്പന്റെ തപസ്സു മൂലം കേരളവും ഒന്നുണൎന്നു വശമായിട്ടുണ്ട്. പത്തു ദിവസവും വൃഥാവന്നു പോകയല്ല ചെയ്തിട്ടുള്ളത്. ഈ പത്തു ദിവസത്തിനുള്ളിൽ ഭാരതീയൎക്കു പത്തു കൊല്ലംകൊണ്ടുണ്ടാകാവുന്ന ആത്മവിദ്യാഭ്യാസവും സന്മാൎഗ്ഗശിക്ഷണവും സ്വകൃത്യബോധവും ചിത്തസംസ്കരണവും സിദ്ധിച്ചിട്ടുണ്ടെന്നു പറയുന്നതിൽ അതിശയോക്തിയുണ്ടെന്നു തോന്നുന്നില്ല. ആത്മീയശക്തി പീരങ്കിയുണ്ടകളേക്കാൾ ഭീകരമാണെന്നു നമുക്കിപ്പോൾ അറിവാറായി. നമുക്കെല്ലാവൎക്കും ഈ വിധം തപസ്സു ചെയ്യുവാൻ സാധിക്കയില്ല. നാം അതിന്നു യോഗ്യന്മാരുമല്ല. മനനംകൊണ്ട് ആത്മാവിനെ വികസിപ്പിച്ചവൎക്കും ധ്യാനംകൊണ്ട് അതിനെ ദൃഢപ്പെടുത്തിയവൎക്കും ത്യാഗംകൊണ്ടു ജീവിതത്തെ പരിശുദ്ധമാക്കിയവൎക്കും മാത്രമെ ഈ വിധമുള്ള തപസ്സനുഷ്ഠിക്കാൻ സാധിക്കുകയുള്ളൂ. ഏതായാലും തപസ്സിന്നു പുരാണങ്ങളിൽ ആരോപിക്കപ്പെട്ടിട്ടുള്ള ശക്തി അല്പമെങ്കിലും ഉണ്ടെന്നു നമുക്കു മനസ്സിലാക്കാൻ ഇത് ഒരു അവസരം നൽകിയതിൽ സന്തോഷിക്കേണ്ടിയി

രിക്കുന്നു. ഭാരതീയൎക്കു പണ്ടുണ്ടായിരുന്ന ആത്മീയശക്തി തീരെ ക്ഷയിച്ചിട്ടില്ലെന്നു നമുക്കാശ്വസിക്കാം.

## വിശപ്പും ആഹാരവും.

"വിശപ്പ്" ജീവലോകസാധാരണമായ ഒരു ധൎമ്മമാകകൊണ്ടു് അതിന്റെ ഒരു വിവരണം ഇവിടെ ആവശ്യമുണ്ടെന്നു വിചാരിക്കുന്നില്ല. നാമെല്ലാവരും അതിനെ ഒരിക്കൽ അല്ലെങ്കിൽ മറെറാരിക്കൽ അനുഭവിച്ചറിഞ്ഞിട്ടുള്ളതിനാൽ അതിന്റെ സ്വഭാവം എന്താണെന്ന് ഒരു വൎണ്ണനയൊ വിവരണമോ കൂടാതെതന്നെ നമുക്കു ഗ്രഹിക്കാൻ കഴിവുള്ളതാണ്. അഥവാ അതിനൊരു നിൎവ്വചനം നൽകണമെന്നു വച്ചാൽ തന്നെയും അത്ര സുഖകരമാണെന്നു തോന്നുന്നില്ല. "ക്ഷുത്ത്" എന്നൊ "പശി" എന്നൊ വല്ലപൎയ്യായശബ്ദവും പറഞ്ഞതുകൊണ്ടും വല്ലവിശേഷവുമുണ്ടെന്നു തോന്നുന്നില്ല. നാം വിശപ്പിനെ അഗ്നിയോടുപമിച്ചു സാധാരണ പറയാറുണ്ട്. വിശക്കുമ്പോൾ വയർ 'കത്തുന്നു' എന്നും വയർ 'എരിയുന്നു' എന്നും വിശന്നു 'പൊരിയുന്നു' എന്നുംമററും നാം പറയുന്നതു സാധാരണയാണ്. ഇതിനു "ജഠരാഗ്നി" എന്നും "ദഹനശക്തി" എന്നും പേർ പറയാറുണ്ട്. എന്നാൽ വയററിൽ യഥാൎത്ഥമായ അഗ്നിയില്ലെങ്കിലും വിശപ്പു വരുമ്പോൾ

ഒരു "കത്തൽ" പോലെയാണ നമുക്ക സാധാരണ തോന്നുന്നത്. ഏതായാലും അഗ്നിക്കുള്ള പചനശക്തിയോടും പ്രവൃത്തിയോടും കൂടിയ ഒരു വസ്തു ഉദരത്തിൽ വ്യാപരിക്കുന്നുണ്ടെന്നല്ലാതെ നമുക്ക മററൊന്നും പറവാൻ തരമില്ല ഇതിലും അധികമായ അറിവു വേണ്ടിയിരുന്നാൽ അതു ശരീരശാസ്ത്രജ്ഞന്മാൎക്കൊ മററൊ അല്ലാതെ തരുവാൻ സാധിക്കയില്ലല്ലൊ. അവരുതന്നെ, അതിൻെറ യഥാൎത്ഥ സ്വഭാവവും വ്യാപാരരീതിയും പൂൎണ്ണമായി ഗ്രഹിച്ചിട്ടുണ്ടൊ എന്നും നല്ല നിശ്ചയമില്ല. വിശപ്പിനെപ്പററി ശാസ്ത്രീയമായി ഒന്നുംതന്നെ ഈലേഖനത്തിൽ പ്രതിപാദിക്കാൻ ഉദ്ദേശിച്ചിട്ടില്ലാത്തതുകൊണ്ട് ഇപ്പോൾ അത്രത്തോളം ദൂരം പോകേണ്ട ആവശ്യവും ഇല്ല. ഭക്ഷണത്തിൻെറ അഭാവംകൊണ്ട് ഉദരത്തിലുണ്ടാകുന്ന ഒരുതരം അസ്വസ്ഥ്യവികാരമാണ 'വിശപ്പ്' എന്ന പറഞ്ഞാൽ തല്ക്കാലം മതിയാകുമെന്ന തോന്നുന്നു. ഇതിൽ ഉണ്ടായിരിക്കാവുന്ന ന്യൂനതയെ അനുഭവജ്ഞാനംകൊണ്ടു പരിഹരിച്ചാൽ നമ്മുടെഉദ്ദേശ്യത്തിന മതിയാകുന്നതാണ്. ഇതു ക്ലിപ്തസമയങ്ങളിൽ ഉണ്ടാകുന്നതും ഭക്ഷണംകൊണ്ടു ശമിപ്പിക്കാവുന്നതുമായ ഒരു ശരീരാസ്വാസ്ഥ്യമാണെന്നും പറഞ്ഞു കാണുന്നുണ്ട്. ഏതായാലും "ഹസ്തകങ്കണം കിംദൎപ്പണെ പ്രേക്ഷ്യതെ" എന്നുള്ള ലോകോക്തി അനുസരിച്ച് അനുഭവസിദ്ധമായിരിക്കുന്ന വസ്തുവിനു വൎണ്ണനയും വിവരണവും ആവശ്യമില്ലല്ലൊ.

മനുഷ്യൻ തനിക്ക സിദ്ധിച്ചിട്ടുള്ള അധികാരങ്ങളുടേയും അവകാശങ്ങളുടേയും വിഷയത്തിൽ ഇ

തരജന്തുക്കളേക്കാൾ കവിഞ്ഞു നില്ക്കുന്നുണ്ടെങ്കിലും തന്റെ ആവശ്യങ്ങളെ സംബന്ധിച്ച് ഇതരജീവികളിൽ നിന്നും ഏററവും താഴ്ന്ന നിലയിലാണു സ്ഥിതിചെയ്യുന്നത്. ഇതരജന്തുക്കളെ അപേക്ഷിച്ചു മനുഷ്യന് ആവശ്യങ്ങളും ന്യൂനതകളും വളരെ കൂടുതലായിട്ടുണ്ട്. അസംഖ്യം ശത്രുക്കളുടെ മദ്ധ്യത്തിൽ നിരായുധനായിട്ടാണ് മനുഷ്യന്റെ അവതരണം. മററു ജീവികൾക്കു പ്രകൃതിതന്നെ ആയുധങ്ങളും നൽകീട്ടുണ്ട്. മനുഷ്യന് ഇതൊന്നും ഇല്ല. തന്റെ ബുദ്ധിഒന്നുകൊണ്ടു തന്നെ ഈ ന്യൂനതകളെയെല്ലാം പരിഹരിക്കേണ്ടിയിരിക്കുന്നു. മനുഷ്യന്റെ സുഖാനുഭവങ്ങളുടെ സംഖ്യയെ വദ്ധിപ്പിക്കുന്നതിനായിട്ടാണുമനുഷ്യന് ആവശ്യങ്ങൾ അധികം നൽകപ്പെട്ടിരിക്കുന്നത്. ഒരോ ആവശ്യത്തിന്റെയും നിവ്ഹണം മനുഷ്യനു സന്തോഷഹേതുകമായി ഭവിക്കുന്നു. അതുകൊണ്ട് ആവശ്യം കൂടിയിരിക്കുന്ന ജീവിക്കു സുഖാനുഭവം കൂടിത്തന്നെയിരിക്കും. മനുഷ്യന്റെ ആവശ്യങ്ങളിൽ വച്ച് ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു ക്ഷുത്ത് അല്ലെങ്കിൽ വിശപ്പ്. ഇതു സവ്ലോകജീവസാധാരണമായ ഒരു ആവശ്യമാണെങ്കിലും മനുഷ്യനിലാണ് ഇതു ഇതരജീവികളെ അപേക്ഷിച്ച് അധികം ബലവത്തായിരിക്കുന്നത്. ഇതരജീവികൾക്കൊക്കെയും പ്രായേണ വലിയ ക്ഷീണം കൂടാതെ വിശപ്പു സഹിക്കുന്നതിനുള്ള ശക്തിയുള്ളതായി കാണപ്പെടുന്നു. ഇവ മിക്കവെയും അനാഗതസന്താപവൃത്തികളായിത്തന്നെ ജീവിക്കുന്നു. വല്ലതും തരത്തിനു കിട്ടുമ്പോൾ ഭക്ഷിക്കയെന്നുള്ള വിധത്തിലാണ് ഇ

വർ ജീവിക്കുന്നത്. വന്യമൃഗങ്ങളുടെ സ്ഥിതി നോക്കുക. ഇവക്ക് വല്ലതും ഇരകിട്ടുമ്പോഴം മാത്രമെ ഭക്ഷണമുള്ളൂ. അനേകദിവസം ഒരു ആഹാരവും കൂടാതെ കഴിച്ചുകൂട്ടുന്നു. ഇവരുടെ ജഠരാഗ്നിയെ ഇപ്രകാരം യാദൃശ്ചികമായ ആഹാരത്തിന് അനുരൂപമായ വിധത്തിൽ പ്രകൃതിതന്നെ നിയന്ത്രിതമാക്കിയിരിക്കയാണ്. ജീവികളിൽ വിശപ്പിൻെറ ദൗർബല്യം പ്രായേണ ഭക്ഷണത്തിൻെറ ദൗർലഭ്യത്തെ അനുസരിച്ചു തന്നെയാണിരിക്കുന്നത്. ഊർണ്ണനാഭി, സർപ്പം, സിംഹം വ്യാഘ്രം മുതലായവ ഒരു ഭക്ഷണം കൊണ്ടു എത്രയോ ദിവസം കഴിക്കുന്നു. എന്നാൽ മനുഷ്യൻെറ സ്ഥിതി ഇതൊന്നുമല്ല. ഒരു ദിവസം ഭക്ഷണം കഴിച്ചില്ലെങ്കിൽ വലിയ കുഴപ്പമായി. അല്പമെങ്കിലും ഭക്ഷണം കൂടാതെ അധികദിവസം ജീവിച്ചിരിക്കുന്നതിനു മനുഷ്യനു സാധിക്കയില്ല. വിശപ്പിനേപ്പററിയുള്ള ഭയമാണു പ്രധാനമായി മനുഷ്യനെ പരിശ്രമിയും അധ്വാനിയുമാക്കിത്തീർത്തിരിക്കുന്നത്. വിശപ്പില്ലാതിരുന്നുവെങ്കിൽ മനുഷ്യൻ ഇന്നത്തെപ്പോലെ വ്യവസായി ആയിത്തീരുകയില്ലായിരുന്നു. മനുഷ്യനെ കൃഷികവൃത്തിയിലേക്ക് ആകർഷിച്ചതു യഥാർത്ഥത്തിൽ ഈ ബലവത്തായ വികാരംതന്നെയാണെന്നു വേണം പറവാൻ. ധനസമ്പാദനത്തിനു മനുഷ്യനെ ആദ്യമായി പ്രോത്സാഹിപ്പിച്ചതും വിശപ്പു തന്നെയാണ്. മനുഷ്യനു വേറൊരു ശത്രുവിനേയും ഇത്രയും ഭയമില്ല. ഇതിൻെറ ആക്രമണത്തെ തടുക്കുന്നതിനു വേണ്ടി മനുഷ്യൻ ചെയ്യുന്ന കരുതൽ ചില്ലറയൊന്നുമല്ല. വിശപ്പിനെ തടു

ക്കാൻ നിവൃത്തിയില്ലെന്നു കണ്ടാൽ ആത്മഹത്യ കൂടി ചെയ്യുന്നതിനു മനുഷ്യൻ മടിക്കുന്നില്ല. ക്ഷുത്തു നിമിത്തം ഉണ്ടാകാവുന്ന ദീർഘമായ പീഡയെ ഒഴിക്കുന്നതിനുവേണ്ടി തല്ക്കാലനാശത്തെത്തന്നെ മനുഷ്യൻ വരിക്കുന്നു. എന്നാൽ വിശപ്പുകൊണ്ടു മരിക്കുന്ന മനുഷ്യരുടെ സംഖ്യ വളരെ കുറവാണ്. വലുതായ ക്ഷാമം ബാധിക്കുന്ന കാലങ്ങളിൽ പക്ഷെ ഇങ്ങനെ വല്ലതും സംഭവിച്ചേക്കാം. മനുഷ്യൻ ദീർഘദർശിയായതുകൊണ്ടു വിശപ്പിൻെറ നിർദ്ദയമായ ആക്രമണത്തെ തടുക്കുന്നതിനും അതിനു തന്നെ ഇട കൊടുക്കാതിരിക്കുന്നതിനും വേണ്ട കരുതലുകൾ ചെയ്യുന്നതിൽ ജാഗരൂകനായിട്ടാണിരിക്കുന്നതു്. തങ്ങളേയൊ തങ്ങൾക്കുടുത്തുള്ളവരേയൊ ഈ ബാധ ഉപദ്രവിക്കാതിരിക്കുന്നതിനു മിയ്ക്കമനുഷ്യരും ധാന്യം മുതലായ ഭക്ഷണസാധനങ്ങൾ ശേഖരിച്ചു വയ്ക്കുയും ഇല്ലെങ്കിൽ ഭക്ഷണസാധനങ്ങളെ വാങ്ങുന്നതിനുള്ള ധനം കരുതിവയ്ക്കുയും ധനോല്പാദകമായ ഭൂസ്വത്തു സമ്പാദിക്കയും മററും ചെയ്തുവരുന്നു. ഇതിനു നിവൃത്തിയില്ലാത്തവർ ദിവസംപ്രതി കൂലിവേല ചെയ്തും അല്ലെങ്കിൽ യാചകവൃത്തിയെ അവലംബിച്ചും ഭക്ഷണത്തിനുള്ള വഴി തേടുന്നു. അന്യന്മാരുടെ ശ്രമഫലത്തെ ന്യായരഹിതമായി അപഹരിച്ചും അഥവാ മോഷ്ടിച്ചും ഒട്ടധികംപേർ ഉപജീവിക്കുന്നുണ്ടു്. “ഉദരനിമിത്തം ബഹുകൃതവേഷം” എന്നു ശങ്കരാചാര്യർ പറഞ്ഞിട്ടുള്ളതു് എത്രയോ വാസ്തവമാണ്. നാമെല്ലാവരും ഏറക്കുറെ ക്ഷുത്തിൻെറ ദാസന്മാരാണ്. ഇതിനുവേണ്ടി നാം എന്തെല്ലാം വേഷം

കെട്ടുന്നുവെന്നു പറവാൻ പ്രയാസമാണു്. എന്തെല്ലാം ഉപായം പ്രയോഗിച്ചാലും എല്ലാവരും ദിവസം പ്രതി പൂൎണ്ണമായി വിശപ്പടക്കിയെന്നു വരാൻ പ്രയാസമാകുന്നു. അന്യന്റെ ഔദാൎയ്യത്തെ ആശ്രയിച്ചു് ഒട്ടധികം മനുഷ്യർ ഉപജീവിക്കുന്നുണ്ടു്. എന്നാൽ ഇതൊരസ്ഥിരമായ ഏൎപ്പാടുകൊണ്ടു പലരും മുറിപ്പട്ടിണിക്കാരും അൎദ്ധാശനന്മാരുമായി ജീവിക്കേണ്ടതായിത്തന്നെ ഇരിക്കുന്നു. ഒരു ദിവസം വല്ലതും കിട്ടിയെന്നും അടുത്ത ദിവസം ഒന്നും കിട്ടിയില്ലെന്നും വരാം. ഇങ്ങിനെയുള്ളവരുടെ ആരോഗ്യം ക്രമേണ ക്ഷയിച്ചു് ഒടുവിൽ മരണം പ്രാപിച്ചു എന്നും വരാം. മനുഷ്യൻ വന്യമൃഗങ്ങൾ മുതലായ ഇതരജീവികളെപ്പോലെ അനിശ്ചിതമായ പ്രതീക്ഷാവസ്ഥയിൽ ജീവിക്കുന്നതിനു ശക്തനല്ല. വല്ലതും സമ്പാദിച്ചു വയ്ക്കണമെന്നു മനുഷ്യൎക്കുണ്ടാകുന്ന ആഗ്രഹത്തിന്റെ അടിസ്ഥാനം വിശപ്പിനെ കുറിച്ചുള്ള ഭയം തന്നെയാണു്. നാളത്തേക്കു ഭക്ഷണമില്ലെന്നു കണ്ടാൽ ഉടനെ മനുഷ്യനു പരിഭ്രമമായി. പിന്നെ ഇന്നാതേ ചെയ്യാവു എന്നില്ല. മോഷണം, പിടിച്ചുപറി, കുത്തിക്കൊല മുതലായതിനുപോലും മടിക്കയില്ല. എന്നാൽ ഇതരജീവികളുടെ സ്ഥിതിക്കു വളരെ വ്യത്യാസമുണ്ടു്. വന്യമൃഗങ്ങളും മററും തല്ക്കാലം വിശപ്പു ശമിച്ചാൽ പൂൎണ്ണസന്തുഷ്ടിയോടുകൂടി വൎത്തിക്കുന്നു. എന്നാൽ മനുഷ്യമനസ്സു ക്ഷുൽപീഡയെ പ്രതീക്ഷിക്കയും വിശപ്പു വരുന്നതിനു മുമ്പുതന്നെ അതിന്റെ ഉപദ്രവത്തെ അനുഭവിക്കയും ചെയ്യുന്നു. നിരന്തരമായ ഈ മനോവ്യഥ ശരീരത്തെ ക്ഷ

യിപ്പിക്കയും ക്രമശഃ മരണഹേതുകമായ വല്ലരോഗ ത്തേയും ഉല്പാദിപ്പിക്കയും ചെയ്യുന്നു. എന്നാൽ വിശ പ്പു ശമിപ്പിക്കാൻ നിവൃത്തിയില്ലാതെ വലഞ്ഞു് ആതു രന്മാരായി മരിക്കുന്നവരുടേയോ. സമയഭേദവും വസ്തു ഭേദവും കൂടാതെ ഭക്ഷണം കഴിച്ചു രോഗബാധിത ന്മാരായി മരിക്കുന്നവരുടേയൊ സംഖ്യ അധികമെ ന്നു അല്പം സംശയം ഉണ്ടു്. വിശപ്പുവരുന്നതിനു മുമ്പു കാപ്പി കുടിക്കയും അതു ദഹിക്കുന്നതിനുമുമ്പു ഭക്ഷ ണം ചെലുത്തുകയും, പിന്നെയും കാപ്പിയും ഭക്ഷണ വും കഴിക്കയും ചെയ്യുന്നവർ നമ്മുടെ ഇടയിൽ ധാ രാളം ഉണ്ടു്: അല്ല അവരുടെ സംഖ്യയാണധിക മുള്ളതു്. മൃഗങ്ങൾ മുതലായ ഇതരജീവികൾക്കു ഈ ആനാശാസ്യമായ വ്യതിയാനം ഒരിക്കലും ഇല്ല. അവയ്ക്കു വിശപ്പില്ലെങ്കിൽ ഭക്ഷണത്തിന് ഒരിക്ക ലും ആവശ്യപ്പെടുകയില്ല. ഇവയാണു പ്രായേണ പ്രകൃതിയുടെ നിയമത്തിന് അനുരൂപമായി ജീവിക്കു ന്നതു്. ഉപജീവനമാർഗ്ഗമുള്ള മനുഷ്യരുടെ ഇടയിൽ വിശപ്പു ശമിപ്പിക്കാൻവേണ്ടി മാത്രം ഭക്ഷിക്കുന്നവർ വളരെ കുറവാണു്. ഭക്ഷിക്കാൻ വേണ്ടി ഭക്ഷിക്കു ന്നവരാണു ഭൂരിഭാഗവും. ഉദ്യോഗസ്ഥന്മാരുടെ ഇ ടയിലാണു് ഈ നടപ്പു് ഇന്നു ബലവത്തായി തീൎന്നി രിക്കുന്നതു്. ഉദ്യോഗസംബന്ധമായ ജോലിയും ഇതു മല്ലാതെ ഇവൎക്കു വേറെ ജോലി ഒന്നും ഉള്ളതായി പ്രത്യക്ഷത്തിൽ കാണുന്നില്ല. ഒരു പക്ഷെ അവരു ടെ ജോലിക്കു് ഇതു് ആവശ്യമായിരുന്നേക്കാം. എ ന്നാൽ ഈ പതിവു പല വിധത്തിലും ദോഷഹേ തുകമാണെന്നാണു തോന്നുന്നതു്. ഒന്നാമത്തുള്ള

ദോഷം രോഗോല്പാദനമാണ്. "ഉദരനിമിത്തംബഹുകൃതദോഷം" എന്നുള്ളതും വാസ്തവം തന്നെയാണ്. മിക്ക രോഗങ്ങളുടേയും ഉത്ഭവം ഉദരത്തിൽ തന്നെയാണ്. രണ്ടാമത്തുള്ള ദോഷം അന്യന്മാൎക്കുപയോഗപ്പെടാവുന്ന ഭക്ഷണംകൂടി നാം ഉപയോഗമില്ലാതാക്കുന്നു എന്നുള്ളതാണ്. നാം അതു സാധുക്കൾക്കു കൊടുക്കുന്നതായാൽ നമുക്കു രോഗവുമില്ല, അവൎക്കു വിശപ്പും ശമിക്കും. മൂന്നാമത്തുള്ള ദോഷം നാം അത്രയും സമയം വൃഥാ വ്യയം ചെയ്യുന്നു എന്നുള്ളതാണ്. നിർബന്ധിതമായ അനശനം ആരോഗ്യത്തിനു എത്രമാത്രം ഹാനികരമായിരിക്കുമോ അത്രത്തോളം ആരോഗ്യപ്രദമായിരിക്കും. നാം സ്വയമേവ അനുഷ്ഠിക്കുന്ന അനശനവ്രതം —നമുക്കു വ്രതാനുഷ്ഠാനവും മറ്റും കല്പിച്ചിരിക്കുന്നതു് — അമിതഭക്ഷണംകൊണ്ടു വരാവുന്ന ദോഷങ്ങളെ പരിഹരിക്കുന്നതിനായിട്ടാണെന്നുവേണം വിചാരപ്പാൻ. എന്നാൽ നാം ഇതിനെ ഇപ്പോൾ അൎത്ഥമില്ലാത്ത നിയമമാണെന്നും പറഞ്ഞു തള്ളിയിരിക്കയാണ്. മനുഷ്യനിൽ സാത്വീകാംശം വൎദ്ധിപ്പിക്കുന്നതിനും, ചിന്താശക്തിയെ പോഷിപ്പിക്കുന്നതിനും. മനസ്സിന് ഏകാഗ്രത നൽകുന്നതിനും ഇടയ്ക്കിടയ്ക്കുള്ള അനശനവ്രതം വളരെ സഹായിക്കുന്നതാണ്. അനശനംകൊണ്ടു നാം മിച്ചംവയ്ക്കുന്ന ഭക്ഷണപദാൎത്ഥം അന്യന്മാൎക്കുപയോഗപ്പെടുകയും ചെയ്യുമല്ലൊ.

'വിശപ്പ്'ന്നൊന്നു മനുഷ്യനില്ലാതിരുന്നുവെങ്കിൽ മനുഷ്യൻെറ ഇന്നത്തെ സ്ഥിതി എന്തായിരിക്കുമെന്നു ഏറെക്കുറെ ഊഹിക്കാവുന്നതാണ്. കൃ

ഷി, വ്യവസായം മുതലായി നമ്മുടെ ലോകവ്യാപാരങ്ങളിൽ പലതും അവയുടെ അഭാവംകൊണ്ടു മാത്രം ശോഭിക്കുമായിരുന്നു. മനുഷ്യൻ അധ്വാനത്തിനു പ്രാപ്തനല്ലാതെയും വരുമായിരുന്നു. അഥവാ അധ്വാനം ചെയ്യുന്നതായിരുന്നാൽ അതിലേക്കു വ്യയംചെയ്ത ശരീരശക്തിയെ വീണ്ടും വർദ്ധിപ്പിക്കുന്നതിനു സാധിക്കയുമില്ലായിരുന്നു. ആയുസ്സ് ഹ്രസ്വമായി ഭവിക്കുമായിരുന്നു. മനുഷ്യവ്യാപാരങ്ങളെയെല്ലാം അവയുടെ ഉൽപത്തിസ്ഥാനം വരെ മനസാ അനുഗമിക്കുന്നതായാൽ പ്രായേണ നാം വിശപ്പിൽ തന്നെ ചെന്നു ചേരുവാനാണിടയുള്ളതു്. ഇന്നത്തെ മിക്ക പരിഷ്കാരങ്ങളുടേയും നിദാനവും ഈ വികാരശാന്തിയെ പരമോദ്ദേശ്യമാക്കിയുള്ള മനുഷ്യപ്രയത്നം തന്നെയാണെന്നു് അല്പം ചിന്തിച്ചാൽ ബോദ്ധ്യപ്പെടുന്നതാണു്.

ഇതു നോക്കുമ്പോൾ നാം ഏറക്കുറെ ഇന്നു നിസ്സാരമെന്നു കരുതുന്ന ഈ വികാരത്തിന്റെ ശക്തി എത്ര മഹത്താണെന്നും അതിന്റെ ഫലം എത്രമാത്രം ദൂരാധിരൂഢമാണെന്നും പറയാൻ പ്രയാസമാണു്. ക്ഷുത്തു മനുഷ്യനു നല്കപ്പെട്ടിട്ടുള്ളതു് ഒരു വിശിഷ്ടമായ ഉദ്ദേശ്യത്തോടു കൂടിയാണു്. അധ്വാനംകൊണ്ടും സ്വേദംകൊണ്ടും ക്ഷയിക്കുന്നതിനിടയുള്ള ശരീരത്തെ പൂർവ്വവൽ ബലപ്പെടുത്തുന്നതിനും പോഷിപ്പിക്കുന്നതിനും വേണ്ടി പുറത്തുനിന്നും പോഷകപദാർത്ഥങ്ങളെ ശരീരത്തിലേക്കു ആവാഹിക്കുന്നതിനുള്ള ഒരുത്തമോപായമായിട്ടാണു വിശപ്പു മനുഷ്യനിൽ നിക്ഷിപ്തമായിരിക്കുന്നതു്. ഇപ്രകാരം നിഷ്ഠൂരനാ

യ ഒരു ശാസിതാവിനാൽ പ്രേരിപ്പിക്കപ്പെട്ടിരുന്നില്ലെങ്കിൽ മനുഷ്യർ അവരുടെ ശക്തി കവിഞ്ഞുള്ള വിധത്തിൽ ഭോഗങ്ങളേയും മററും തുടരെ അനുഭവിച്ചു കായക്ഷയത്തിന് ഇടയാക്കുകയും സുഖാനുഭവങ്ങളിലുള്ള ആസക്തി നിമിത്തം ശരീരരക്ഷയെ വിസ്മരിക്കയും ചെയ്യുന്നതിനു വഴിയുണ്ടായേക്കാം. എന്നാൽ ക്ഷുത്തിന്റെ ആജ്ഞ സൈനികാജ്ഞയെപ്പോലെ- അവിചാരണീയാജ്ഞ- അനുസരിക്കയല്ലാതെ മററു നിവൃത്തിയൊന്നുമില്ല. മനുഷ്യരിൽ മററു യാതൊരു വികാരത്തിനും ഇത്രത്തോളം ശാസനാവൈഭവമില്ല. മനുഷ്യരിൽ അധികംപേരും ഈ ആജ്ഞയെ ഭയന്നു മുമ്പിൽക്കൂട്ടിത്തന്നെ പരിഹാരം ചെയ്യുന്നു. നിവൃത്തിയില്ലാത്തവർ അന്യസഹായത്തോടുകൂടിയും മററും അതിന്റെ ആജ്ഞയെ അനുസരിക്കുന്നു.

ഭക്ഷണം കൂടാതെ മനുഷ്യനൊ ഇതരജീവികൾക്കൊ അധികകാലം ജീവിച്ചിരിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. സാധാരണ ഏഴു ദിവസം വരെ ഭക്ഷണം കൂടാതെ ജീവിച്ചിരിക്കാമെന്നാണു വിശ്വാസം. ഇതിൽ അധികം കാലം പലരും ജീവിച്ചിരുന്നിട്ടുണ്ട്. ഋഷികളും യോഗികളും മററും ഇങ്ങനെ ജീവിച്ചിരിക്കുന്നതായി പുരാണാദികളിലും മററും പറഞ്ഞിട്ടുണ്ടല്ലൊ. എന്നാൽ ഇവരും ഫലമൂലങ്ങൾകൊണ്ടു ഉപജീവനം ചെയ്തുവന്നു എന്നാണു കാണുന്നതു്. ഇവ. പ്രകൃതി തന്റെ പുതിയ അതിഥിയായ മനുഷ്യന് ആദ്യംനൽകിയ സൽക്കാരമാണ്. എന്നാൽ മനുഷ്യർ പ്രകൃതിയുടെ ഉത്സംഗം വിട്ടു മാറിയതോടുകൂടി ഗോവിനെ അഥവാ ഭൂമിയെ

ദോഹനം ചെയ്ത് ഉപജീവനമാൎഗ്ഗം സമ്പാദിക്കാൻ തുടങ്ങി. ഇപ്പോഠം അവിടെ നിന്നും തെററികൃത്രിമ ഭോജ്യങ്ങളെ തേടിപ്പിടിച്ച് ഉപയോഗിക്കയാണ്. ഇനി ഇവിടെനിന്നും തെററിമാറാനാണിടയുള്ളത്. മനുഷ്യൻ ഇന്നു ആവശ്യമില്ലാത്തതിലൊക്കെയും രുചിയും അഭിരുചിയും ജനിപ്പിച്ചു വികസിപ്പിച്ച് ഉദരത്തെ ദണ്ഡിപ്പിച്ചു വരികയാണ്. തന്നിമിത്തം ഇന്നത്തെ മനുഷ്യർ മിക്കവരും പ്രകൃതിയുടെ സന്താനങ്ങളായിട്ടല്ല കേവലം സാലഭംഞ്ജികകളൊ മററൊ ആയിട്ടാണു ജീവിച്ചു വരുന്നത്. ഭക്ഷണം ഒരു ജീവനോപായമായിട്ടല്ലാതെ ഒരു പരമോദ്ദേശ്യമായിട്ടു കരുതിവരുന്നവരാണധികം. വിശപ്പിനു ഇന്നു പലരും അവകാശം നൽകുന്നില്ല വിശപ്പു തോന്നുമ്പോഠം ഭക്ഷിക്കയെന്നുള്ള പതിവു പോയി ഭക്ഷിക്കുന്ന അവസരങ്ങളിലൊക്കെയും വിശപ്പു വന്നുകൊള്ളട്ടെ എന്നാണ് ഉപജീവനോപായസമ്പന്നന്മാരുടെ ഏൎപ്പാട്. അഗ്നിയെ ഉജ്ജ്വലിപ്പിക്കുന്നതിനു പകരം ഇന്ധനത്തിൻെറ ആധിക്യംകൊണ്ടു അഗ്നിയെ കെടുത്തുകയാണു പലരും ചെയ്യുന്നത്. ഇന്ന് ഒരു ധനാഢ്യൻെറ തീൻമേശയെ പരിശോധിക്കുന്നതായാൽ പ്രകൃതിയുടെ എന്തെല്ലാം ഭാഗം അപഹരിച്ചും ഖണ്ഡിച്ചും അതിന്മേൽ നിരത്തിയിട്ടുണ്ടെന്നു കാണാവുന്നതാണ്. ഈ സമയത്തുതന്നെ ലോകത്തിൽ എത്രയോ പേർ പശി നിമിത്തം കൃശോദരന്മാരായി വലയുന്നുണ്ടായിരിക്കും?. എന്നാൽ മനുഷ്യരായ നാം ഒരു നിയമം അനുസരിച്ചു പ്രവൎത്തിച്ചാൽ നന്നായിരിക്കും. വിശപ്പു വരുമ്പോഠം മാത്രമെ

ഭക്ഷിക്കയുള്ളൂ എന്നും അതിന്റെ ശമനത്തിന്നു വേണ്ടിടത്തോളം മാത്രമെ ഭക്ഷിക്കയുള്ളൂ എന്നും ഒരു നിശ്ചയം ചെയ്യുന്നതായാൽ ഇന്നു പട്ടിണി കിടക്കുന്നവൎക്കു പലൎക്കും ഭക്ഷണം ലഭിക്കയും രോഗങ്ങൾക്കു കുറവുവരികയും പ്രകൃതിക്ക് ഇന്നത്തെപ്പോലെ വൈരൂപ്യവും നാശവും സംഭവിക്കാതിരിക്കയും ചെയ്യുന്നതാണല്ലൊ. ഭക്ഷണം ഒരുദ്ദേശ്യമല്ല. അതു് ജീവസന്ധാരണത്തിനുള്ള ഒരുപായം മാത്രമാണ്. അതിനാൽ അതിന് അത്രത്തോളം വില കൊടുത്താൽ മതിയാകും. നാം ജീവിക്കുന്നതിനായി ഭക്ഷിക്കയാണ്; ഭക്ഷിക്കുന്നതിനായി ജീവിക്കയല്ല. അതുകൊണ്ട് ഉദ്ദേശ്യത്തിനുള്ള പ്രാധാന്യം ഉപായത്തിന്നു നല്കേണ്ട ആവശ്യമില്ല. വിശപ്പു ശരീരത്തിന്റെ രക്ഷയ്ക്കും പോഷണത്തിനും വേണ്ടി നൽകപ്പെട്ടിട്ടുള്ള ഒരു അനുഗ്രഹമാണ്. അതിനെ ആ നിലയിൽ തന്നെ ആദരിച്ചു പ്രവൃത്തിക്കേണ്ടതു മനുഷ്യന്റെ പ്രധാന ചുമതലയാണ്.

# മലയാളഭാഷയും തൽകൎത്താക്കന്മാരും

ഈ ലേഖനപരമ്പര 27 കൊല്ലം മുമ്പു 'മലബാർക്വാർട്ടർലി റെവ്യൂ' എന്ന ഇംഗ്ലീഷ് പത്രഗ്രന്ഥത്തിൽ എഴുതിയിരുന്നതിന്റെ മലയാളതൎജ്ജിമയാണ്. ഇതിന്റെ ആദ്യഭാഗങ്ങൾ ഈ ഗ്രന്ഥാവലിയുടെ നാലാംഭാഗത്തിൽ ഇതിനു മുമ്പ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലേഖനകൎത്താവിന്റെ യൗവനകാലത്ത് എഴുതിയിട്ടുള്ള അതിപ്രശസ്തങ്ങളായ ഈ ലേഖനപരമ്പരയെക്കുറിച്ച് അക്കാലത്തു 'മലബാർക്വാർട്ടർലിറെവ്യൂ'വിന്റെ പത്രാധിപരും വേറെ പല മാന്യന്മാരും ലേഖകന് അഭിനന്ദനങ്ങൾ അയച്ചിരുന്നു. എന്നാൽ ഭാഷയുടെ സ്ഥിതിയും അതിന്റെ ഗതിയും അന്നത്തേക്കാൾ വ്യത്യസ്തനിലയെ അവലംബിച്ചിരിക്കുന്ന ഇക്കാലത്തു ഇതിലടങ്ങിയിരിക്കുന്ന അഭിപ്രായങ്ങൾക്കോ ആശയങ്ങൾക്കോ വല്ല അയുക്തതയും കണ്ടേക്കാം. ലേഖകന്റെ സാഹിത്യപരിശ്രമങ്ങൾ ഛിന്നഭിന്നമായിപ്പോകാതെ എല്ലാം ശേഖരിക്കണമെന്നാഗ്രഹമുള്ളതുകൊണ്ട് ഈ ലേഖനങ്ങൾ ഒരു വിദേശഭാഷയിൽ-ഒരുവിദൂരകാലത്ത് കാൽശതാബ്ദത്തിനുമുമ്പ് എഴുതിയിരുന്നിട്ടും ഞങ്ങളുടെഅപേക്ഷപ്രകാരം ലേഖകൻ തൎജ്ജമ ചെയ്യുകയും ഞങ്ങൾ ഇതിൽചേൎക്കുകയും ചെയ്തിട്ടുള്ളതാണ്. കഴിഞ്ഞലേഖനത്തിന്റെ അന്ത്യത്തിൽ എഴുത്തച്ഛനെക്കുറിച്ചുരണ്ടു പറഞ്ഞു നിറുത്തിയിരുന്നത്. പൂജ്യപാദരായ എഴുത്തച്ഛനെക്കുറിച്ചു അല്പംകൂടി ചിലതു ലേഖകൻ എഴുതിയിട്ടുള്ളതു ഇവിടെ വിട്ടുകളകയും ആട്ടക്കഥാകാരന്മാരെക്കുറിച്ചു പറയുന്ന അടുത്ത ഭാഗം താഴെ ചേൎക്കുകയും ചെയ്യുന്നു.

പ്രസാധകൻ.

## I

മലയാളസാഹിത്യകേദാരത്തിൽ ആദ്യത്തെ കട്ട ഉഴുതു മറിക്കപ്പെട്ടു. തുഞ്ചത്തു ഗുരുനാഥന്റെ സാഹിത്യരൂപമായ ഹലം ഉറച്ച നിലത്തെ അടിയോടെ ഭേദിച്ചു. കാലസംഭൃതമായ സമ്പൽസമൃദ്ധിയോ

ടുക്രൂടിയ സംസ്കൃതസാഹിത്യപ്രവാഹം ഇതേവരെ മരുപ്രദേശമായിരുന്ന ആ സ്ഥലത്തെ സേചനംചെയ്തു ഫലഭൂയിഷ്ഠമാക്കിത്തീൎത്തു. ജ്ഞാനത്തിൻെറയും തത്വജ്ഞാനത്തിൻെറയും ബീജങ്ങൾ വിതക്കപ്പെടുകയും പ്രഥമവും പക്ഷെ പ്രധാനവുമായ വിളവു ശേഖരിക്കപ്പെടുകയും ചെയ്തു. എന്നിരുന്നാലും നിലം അതിൻെറ ഫലദായകശക്തി ഇന്നും വഹിക്കുകയും ആ പ്രവാഹം ഇപ്പോഴും അതിൽക്രൂടി ഒഴുകിക്കൊണ്ടിരിക്കുകയും അതിൻെറ കോണുകളും മൂലകളും കൃഷികൎമ്മത്തെ പ്രതീക്ഷിച്ചുകൊണ്ടു ഇപ്പോഴും അജ്ഞാതമായി സ്ഥിതിചെയ്യുകയുംചെയ്യുന്നു. മററു കൃഷകന്മാരും നമ്മുടെ സാഹിത്യഭൂവിൽ ഒളിവിലും വെളിവിലും എന്തെല്ലാമുണ്ടെന്നു ഗ്രഹിക്കുന്നതിനായിട്ടു പ്രവേശിക്കുകയുംചെയ്തുകഴിഞ്ഞിരിക്കുന്നു.

ഈ "റെവ്യൂവിൻെറ" കഴിഞ്ഞതിനു മുമ്പിലത്തെ ലക്കത്തിൽ മലയാളഭാഷയുടേയും സാഹിത്യത്തിൻെറയും പദാൽപദാഭിവൃദ്ധിയെ കാണിക്കുവാൻ ഞാൻ ശ്രമിക്കുകയും അതിൻെറ കൎത്താക്കന്മാരിൽ ഒന്നോ രണ്ടോപേരെപ്പററി പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. അമാനുഷബുദ്ധിശക്തികൊണ്ട് നമ്മുടെ ഭാഷയെ പാടെ മാററിമറിക്കുകയും നമ്മുടെ സാഹിത്യത്തെ നിൎമ്മിക്കുകയും ചെയ്തു മററൊന്നും എല്ലാ മലയാള ഗൃഹങ്ങൾക്കും അദ്യാപി ആനന്ദം പ്രദാനം ചെയ്യുന്ന ഉത്തമകൃതികളുടെ കൎത്താവുമായ എഴുത്തച്ഛൻെറ ജീവിതം, സ്വഭാവം, കൃതികൾ ഇവയുടെ നാതിവിസ്തരമായ ഒരു വിവരണം ഞാൻ മുമ്പു ചെയ്തിട്ടുണ്ട്. നമ്മുടെ സാഹിത്യസാമ്രാജ്യത്തിൽ അവി

തക്കിതമായ ഒരു പ്രേരണാശക്തി ഇന്നും വഹിക്കുന്നവനും പരിശുദ്ധമായ ചുടലയിൽ നിന്നുകൂടി നമ്മെ ആനന്ദിപ്പിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവനുമായ ഒരു കവിയുടെ ഗുണഗണങ്ങളെ അവ അർഹിക്കുന്ന തരത്തിൽ വിവരിച്ചിട്ടില്ലെന്ന് എനിക്കു പൂർണ്ണബോദ്ധ്യമുണ്ട്. എന്നാൽ ഈ വിഷയത്തെ സംബന്ധിച്ചു അദ്ദേഹത്തിന്റെ സ്വഭാവവിശേഷങ്ങളിൽ വെളിപ്പെടുത്തേണ്ട ആവശ്യമുള്ള ഭാഗങ്ങളെ പൂർവ്വാധികം വിശദീകരിക്കുവാനായി ഈ റെവ്യൂവിന്റെ ഇനി ഒരു ലക്കത്തിൽ ഒരു ലേഖനം മുഴുവൻ വിനിയോഗിക്കാമെന്നു ഞാൻ ആശിക്കുന്നു. അതിനിടയ്ക്കു നമ്മുടെ കവിയെ അടുത്തുതന്നെ അനുഗമിച്ചു നമ്മുടെ സാഹിത്യസമ്പൽപോഷണവിഷയത്തിൽ ഏറെക്കുറെ ഭാഗം വഹിച്ചിട്ടുള്ള ചില ഗ്രന്ഥകാരന്മാരെപ്പററി പ്രസ്താവിക്കാം. നമ്മുടെ സാഹിത്യത്തിൽ ഒരു പുതിയ ഭാഗത്തിലേക്കുള്ള പ്രവേശനദ്വാരം തുറക്കുകയും നമ്മുടെ രസാനുഭൂതിക്കുള്ള മാർഗ്ഗങ്ങളിൽ ഒന്നിനേക്കൂടി തെളിയിക്കുകയും ചെയ്ത ഒരു മഹാനെപ്പററി ഞാൻ പറയാം. മലയാളപദ്യത്തിന്റെ ജനയിതാവ് തുഞ്ചത്താചാര്യനാണെന്നു നാം കണ്ടുവല്ലോ. അക്കാലത്തുതന്നെ ഉത്ഭവിച്ച കഥകളിയുടെ അഥവാ മലയാളത്തിലെ ഒരു ദൃശ്യകാവ്യവിശേഷത്തിന്റെ ജനയിതാവിനെപ്പററി നമുക്ക് ഇപ്പോൾ പറയാം. വടക്ക് എഴുത്തച്ഛൻ അദ്ദേഹത്തിന്റെ അമാനുഷബുദ്ധിയുടെ ഫലങ്ങളായ ഉത്തമകൃതികളിൽ വ്യാപൃതനായിരിക്കുമ്പോൾ തെക്ക് ഒരു പ്രഭുവംശജാതൻ അദ്ദേഹത്തിന്റെ നാടകങ്ങളുടെ

ബാഹ്യരേഖയെ പക്ഷെ തയാറാക്കുകയായിരുന്നിരിക്കാം. തിരുവിതാംകൂർരാജകുടുംബത്തോടു വിദൂരബന്ധമുള്ള ഒരു രാജവംശം കൊട്ടാരക്കരെ സ്ഥിതിചെയ്തിരുന്നു. തങ്ങളുടെ ശത്രുവായ വടക്കുംകൂർരാജാവിനാൽ ആക്രമിക്കപ്പെട്ട തലസ്ഥാനമായ വള്ളിയൂരിൽനിന്നും അഭയാർത്ഥികളായി പലായനം ചെയ്തു ഈ രാജവംശം അവൎക്ക് അഭയം നൽകിയ അന്നത്തെ തിരുവിതാംകൂർ മഹാരാജാവിൻെറ നിർദ്ദേശപ്രകാരം കൊല്ലവൎഷം ൯൧൪-ാമാണ്ട് തിരുവിതാംകൂർ സംസ്ഥാനത്തിൽ കൊട്ടാരക്കരെ താമസമുറപ്പിച്ചതാണ്. മലയാളഭാഷയിൽ ഇദംപ്രഥമമായി ഒരു നാടകം നിൎമ്മിച്ചുവെന്നുള്ള ബഹുമതിക്കർഹനായി ഭവിച്ചിട്ടുള്ളതു് ഈ രാജകുടുംബത്തിലെ ഒരംഗമാണ്. കൃഷ്ണനും ഗോപിമാരും തമ്മിലുള്ള പ്രണയസംഭവങ്ങളെ സംബന്ധിക്കുന്ന കൃഷ്ണനാട്ടം എന്ന ഒരുൽനാടകരൂപമായ അഭിനയത്തിൽ വിദഗ്ദ്ധന്മാരായ ഒരു സംഘം കളിക്കാർ കോഴിക്കോട്ടുസാമൂതിരിയുടെ അധീനതയിൽ ഉണ്ടായിരുന്നതായി പറയപ്പെട്ടിരിക്കുന്നു. തൻെറ കുടുംബത്തിലുണ്ടായ ഒരു വിവാഹാവസരത്തിൽ അതിഥികളെ വിനോദിപ്പിക്കുന്നതിനായിട്ട് ഈ കളിസംഘക്കാരെ അയച്ചു കൊടുക്കണമെന്നു കൊട്ടാരക്കരെ കേരളവൎമ്മരാജാവു സാമൂതിരിയോടാവശ്യപ്പെട്ടു എന്നാണ് ഒരൈതിഹ്യം. എന്നാൽ "തെക്കർക്ക്" ഇത്തരത്തിലുള്ള അഭിനയകലയെ ആസ്വാദിക്കുന്നതിന് അവശ്യം വേണ്ടതായ മനസ്സംസ്കാരമൊ വിദ്യാഭ്യാസമൊ ഇല്ലെന്നു ഹാസ്യമായിട്ടു പറഞ്ഞു സാമൂതിരി രാജാവിൻെറ അപേക്ഷയുനെ

സരിച്ചു പ്രവൎത്തിച്ചില്ല. ഈ പുഛരസത്തോടുകൂടിയ വാക്കു രാജാവിന്റെ ഹൃദയത്തിൽ ദൃഢമൂലമായി പതിയുകയും സാമൂതിരി ഇത്രത്തോളം നിന്ദിച്ച തെക്കൎക്ക് ഇത്തരം ഒരു നാട്യകലയെ ആസ്വാദിക്കുന്നതിനുമാത്രമുള്ള ത്രാണിയല്ല കൃഷ്ണനാട്ടത്തേക്കാൾ പലതുകൊണ്ടും മുപരിയായ ഒരു പുതിയതരം നാട്യപ്രബന്ധം നിൎമ്മിക്കുന്നതിനുകൂടിയുള്ള പാടവം ഉണ്ടെന്നുള്ള വസ്തുതയെ തന്റെ ഉത്തരദേശീയനായ സഖാവിനെ ഒരു പ്രായോഗികരീതിയിൽ കാണിച്ചുകൊടുക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചുറയ്ക്കുകയും ചെയ്തു. അതനുസരിച്ച് അദ്ദേഹം രാമായണകഥയെ അടിസ്ഥാനമാക്കി എട്ടു കഥകളികൾ (നാടകങ്ങൾ) രചിക്കുകയും അവയെ രംഗത്തിൽ അഭിനയിപ്പിക്കുകയും വടക്കുള്ള കൃഷ്ണനാട്ടം എന്ന പേരിനു വിപരീതമായി രാമനാട്ടം എന്നു നാമകരണംചെയ്കയും ചെയ്തു. ഇതാണു മലയാളഭാഷയിൽ കഥകളിയുടെ ഉത്ഭവത്തെപ്പററി ഐതിഹ്യരൂപത്തിലുള്ള ഉദന്തം.

മനുഷ്യവൎഗ്ഗത്തിന്റെ വിദ്യാഭ്യാസ വിഷയത്തിൽ നാട്യകലയ്ക്കു് ഒരു പ്രധാനസ്ഥാനമുള്ളതായിട്ടാണു് എല്ലാക്കാലത്തും എല്ലാ ദേശക്കാരും ഗണിച്ചു വരുന്നതു്. യഥാമാൎഗ്ഗം ഉപയോഗിക്കുന്നതായാൽ നമ്മുടെപ്രവൃത്തികളെ സാന്മാൎഗ്ഗികങ്ങളാക്കുന്നതിനും, അഭിരുചികളേയും ആചാരങ്ങളേയും നിൎമ്മലങ്ങളാക്കുന്നതിനും, സ്വഭാവത്തെ സംസ്കരിക്കുന്നതിനും അതു പൎയ്യാപ്തമാകും. ഈ സ്ഥാപനത്തിന്റെ സൽഭാവംതന്നെ ജനസാമാന്യം ഏറെക്കുറെ ഇവയിൽനിന്നു മാനസികാഭിവൃദ്ധിയും സംസ്കാരവും പ്രാ

പിച്ചിട്ടുണ്ടെന്നു സൂചിപ്പിക്കുന്നു. ഗ്രീക്കുകാർക്കു നാട്യകലയിലുള്ള ഭ്രമം സീമാതീതമായിരുന്നു. ഗ്രീക്കുനാടകങ്ങളിൽ സ്ഫുരിച്ചുകാണുന്ന ഉൽകൃഷ്ടമായ വികാരശുദ്ധി അവരുടെ സംസ്കൃതങ്ങളായ അഭിരുചികളേയും അവർ പ്രാപിച്ചിരുന്ന പരിഷ്കാരത്തിൻെറ പരമകാഷ്ഠയേയും സൂചിപ്പിക്കുന്നു. ദുഷ്ടന്മാർക്കു ലഭിക്കുന്ന ശിക്ഷയും സത്തുക്കൾക്കു ലഭിക്കുന്ന സമ്മാനവും നമ്മുടെ മുമ്പിൽ യഥാവൽ പ്രത്യക്ഷമാകുമ്പോൾ അവ നമ്മുടെ വികാരങ്ങളേയും ചേഷ്ടകളേയും ഒരു സൽപ്രേരണാശക്തിക്കു വിധേയമാക്കിത്തീക്കാതിരിക്കയില്ല. സജീവങ്ങളായ അത്തരം ദൃഷ്ടാന്തങ്ങൾ നമ്മുടെ ഹൃദയാന്തർഭാഗത്തിൽ തട്ടി ഉൽകൃഷ്ടങ്ങളായ ചിന്തകളേയും ശ്രേഷ്ഠങ്ങളായ വികാരങ്ങളേയും ജനിപ്പിക്കുന്നു. നേരെമറിച്ചു ദുരുപയോഗംകൊണ്ടു് അവ മനുഷ്യരുടെ സ്വഭാവത്തെ ദുഷിപ്പിക്കുകയും നിന്ദ്യമാക്കുകയും ചെയ്യാൻ ഇടയുണ്ടു്. ഒന്നാമതായി ഏററെക്കുറെ നമ്മുടെ പുരോഗമനത്തെ സൂചിപ്പിക്കുന്നതുകൊണ്ടും രണ്ടാമതായി നമ്മുടെ സ്വഭാവസംസ്കരണത്തിനു സഹായിക്കുന്നതുകൊണ്ടും നമ്മുടെ ഭാഷയിലെ നാടകസാഹിത്യാവിർഭാവത്തിനു സ്വാഗതമരുളേണ്ടതാണു്.

അദ്ദേഹം എഴുതിയിട്ടുള്ള എട്ടു കഥകൾ താഴെ പറയുന്നവയാണു്

(൧) പുത്രകാമേഷ്ടി. (൨) സീതാസ്വയംവരം. (൩) വിഷിന്നാഭിഷേകം. (൪) ഖരവധം. (൫) ബാലിവധം. (൬) തോരണയുദ്ധം. (൭) സേതുബന്ധനം. (൮) യുദ്ധം.

II

സാഹിത്യഗുണവിഷയത്തിൽ കേരളവമ്മരാജാവിന്റെ കഥകളികൾക്ക് അത്രവലിയ മെച്ചമൊന്നമില്ല. ഈ കൃതികളിൽ മനോധമ്മം വളരെ കുറവായെ കാണുന്നുള്ളു. കലാപരമായ രസികത്വത്തിന്ന വേറെയെവിടെയെങ്കിലും അന്വേഷിക്കേണ്ടിയിരിക്കുന്നു. ഗ്രന്ഥകാരന്ന വാങ്മാധുൎയ്യം ഒട്ടുംതന്നെയില്ല. എഴുത്തച്ഛന്റെ കൃതികളിൽ കാണുന്ന അനതിശയനീയമായ അമാനുഷബുദ്ധിവൈഭവം ഒട്ടുംതന്നെ ഇദ്ദേഹത്തിന്റെ കൃതികളിൽ പ്രകാശിച്ചുകാണുന്നില്ല. എന്നാൽ അദ്ദേഹത്തെ ഇന്നത്തെ തോതുവച്ചു നമ്മുക്ക വിമശിക്കാൻ പാടുള്ളതല്ല. അദ്ദേഹം ജീവിച്ചിരുന്ന കാലം, ഭാഷയുടെ അക്കാലത്തെ സ്ഥിതി, സാഹിത്യമാതൃകകളുടെ അഭാവം, നൂതനപഥങ്ങളിലുള്ള ശ്രമങ്ങൾക്ക സഹജങ്ങളായ വിവിധപ്രതിബന്ധങ്ങൾ ഇവയെല്ലാം നാം പരിഗണിക്കണം. അപ്പോൾ അദ്ദേഹം നമ്മുടെ ഹാൎദ്ദമായ കൃതജ്ഞതയെ അർഹിക്കുന്നുണ്ടെന്നു നമുക്ക കാണാവുന്നതാണ്. ഏതായാലും ഒരു കാൎയ്യത്തിൽ അദ്ദേഹം പ്രശംസാർഹനാണ്. അതായത് രാമായണകഥയിലെ പ്രധാനങ്ങളും, ഉദ്വേഗജനകങ്ങളുമായ സംഭവങ്ങളെ തിരഞ്ഞെടുത്ത് അവയെക്കൊണ്ട് ഒരു നാടകജാലം നിൎമ്മിക്കുന്നതിന്ന വേണ്ട വിവേചനാസാമൎത്ഥ്യം അദ്ദേഹത്തിന്നുണ്ടായിരുന്നുവെന്നുള്ളതാണ്.

ഏതായാലും ഈമാതിരി കൃതികളിൽ ഇവ ആദ്യം ഉത്ഭവിച്ചവയാണെന്നുള്ളതുകൊണ്ടും, ഏതു രൂപത്തിൽ പ്രദശിപ്പിച്ചാലും ഹിന്ദുക്കളുടെമനസ്സിനെ ഒരു പ്രത്യേക ആനന്ദത്തിനും, വശ്യതക്കും വിധേയമാക്കുന്ന ഒരു വിഷയത്തെ പ്രതിപാദിക്കുന്നതുകൊണ്ടും ഈ കൃതികൾക്കു വലിയ പ്രചാരമുണ്ട്. ശ്രീരാമൻ മാതൃകാരാജകുമാരനും. ആരാധനാമൂത്തിയും തന്നെയാണ്. ഉൽകൃഷ്ടവും, പരിപാവനവും, ശ്രേഷ്ഠവും ആയ സകലതിൻേറയും മൂത്തിമത്തായി അദ്ദേഹം നമ്മുടെ മുമ്പിൽ വത്തിക്കുന്നു. കവിവാചകത്തിൽ പറയുന്നതായാൽ അദ്ദേഹം "ജനങ്ങളുടെ പ്രാത്ഥനയും, പ്രവാചകൻെറ വിഷയവും, യുവാക്കന്മാരുടെ ആശാനിദാനവും, വൃദ്ധന്മാരുടെ സ്വപ്നവും" ആകുന്നു.

ഈ കഥകളികളെല്ലാം പ്രചാരമുള്ളവയാണെങ്കിലും ഹനുമാൻെറ ലങ്കാപ്രവേശനം, ലങ്കാലക്ഷ്മിയുമായുള്ള യുദ്ധം, സീതയുമായുള്ള രഹസ്യസന്ദശനം, നിഷ്ഠുരുണമായ രാവണോദ്യാനഭഞ്ജനം, ദശാനനപുത്രന്മാരുമായുള്ള യുദ്ധം, ലങ്കാധിപനോടുള്ള പോക്കുവിളി, ലങ്കാദഹനം മുതലായവയെ പ്രതിപാദിക്കുന്ന തോരണയുദ്ധമാണ് എല്ലാത്തിലും പ്രചാരമുള്ളത്. സ്വതേതന്നെ ഉദ്വേഗജനകങ്ങളായ ഈ സംഭവങ്ങൾ രംഗത്തിൽ അഭിനയിക്കപ്പെട്ടമ്പോൾ പൂവ്വാധികം സ്തോഭജനകങ്ങളായി ഭവിക്കുന്നു. ഈ കൃതികളുടെ വിമശനത്തിനു ഞാൻ പ്രാപ്തനൊ, ആ വിഷയത്തിൽ പ്രവേശിക്കുക എന്നുള്ളത് എൻെറ ഇപ്പോഴത്തെ ജോലിയോ അല്ല. ഇക്കാൎയ്യത്തെ കൂട്ട

തൽ സമൎത്ഥന്മാരായ പണ്ഡിതന്മാൎക്കായി ഞാൻ വിട്ടുകൊടുക്കുന്നു. ഈ വിഷയത്തിൽ അനഭിജ്ഞനായ വായനക്കാരനു കഥകളി എന്താണെന്നും അതു സംസ്കൃതം മുതലായ ഇതരഭാഷകളിലുള്ള അത്തരം കൃതികളിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നും മാത്രം വിവരിച്ചു ഞാൻ തല്ക്കാലം തൃപ്തിപ്പെടുന്നു.

പേരു സൂചിപ്പിക്കുന്നതുപോലെ കഥകളി പുരാണകഥകളെ അടിസ്ഥാനപ്പെടുത്തിയുള്ളതും പ്രായേണ ശ്ലോകങ്ങളും, പല രാഗങ്ങളിലുള്ള പദങ്ങളും അടങ്ങിയതും ആയ ഒരു അഭിനയകലയാണ്. ഇതിവൃത്തം പ്രായേണ ലഘുവും, അവക്രവുമാണ്. സംസ്കൃതത്തിലും, ഇംഗ്ലീഷിലുമുള്ള നാടകങ്ങളെപ്പോലെ കഥയുടെ ഗതി കഥാപാത്രങ്ങളുടെ സംഭാഷണംകൊണ്ടും ചേഷ്ടകൾകൊണ്ടുമല്ലാ പ്രകാശിപ്പിക്കപ്പെടുന്നത്. പ്രസ്തുത കഥാപാത്രങ്ങളെ വൎണ്ണിക്കുകയും, സംഭവങ്ങളുടെ അന്യോന്യസംബന്ധത്തെ വിവരിക്കുകയും, മററുപ്രകാരത്തിലും സംഭാഷണങ്ങളുടെ ഇടയ്ക്കു പ്രക്ഷിപ്തങ്ങളായ ശ്ലോകങ്ങളെക്കൊണ്ടും കവി തന്നെയാണ് അതിനെ അനാവരണംചെയ്യുന്നതു്. അയാൾ വായനക്കാരിൽനിന്നും ഒന്നുംതന്നെ ഗോപനംചെയ്യാതെ, ആരംഭംമുതൽതന്നെ എല്ലാം തുറന്നുപറയുന്നു. കഥകളിയുടെ ഈ സ്വഭാവവിശേഷം അതിൻെറ സാരമായ ഒരു ന്യൂനതയായി ഗണിക്കപ്പെടണം. അതിനും പുറമെ അതു് അതിൻെറ നാടകലക്ഷണത്തെ നിശ്ശേഷം ഇല്ലാതാക്കുകയും ചെയ്യുന്നു. വായനക്കാരെ കഥാപരിണാമത്തെപ്പററി സ

ന്ദേഹമനസ്സന്മാരാക്കി അവസാനംവരെ അവരു ടെ ജിജ്ഞാസയെ നീട്ടിക്കൊണ്ടുപോകണമെന്നുള്ള കവിയുടെ ഉദ്ദേശത്തിന് ഈ ന്യൂനത ഹാനികരമാകു ന്നു. ഒരു നാടകവും കാവ്യവും തമ്മിലുള്ള യഥാൎത്ഥ വ്യത്യാസം തന്നെ ആദ്യത്തേതിൽ കവി സ്വയം ഒരു ഭാഗം വഹിച്ചു, അയാൾ തന്നെ സംഭവങ്ങളെ ക ഥിക്കുകയും, വിമൎശനാനുമാനങ്ങളെ അവലംബിക്കുക യും. കഥാപാത്രങ്ങളുടെ സകല കാൎയ്യങ്ങളും നിൎവ്വ ഹിക്കുകയും ചെയ്യുന്നുവെന്നും, രണ്ടാമത്തേതിൽ ക വി അപ്രത്യക്ഷനായി നിന്നുംകൊണ്ട് ഇതിവൃത്തത്തി ന്റെ പദാൽപദമുള്ള വികസനം പാത്രങ്ങളെക്കൊ ണ്ടുതന്നെ സാധിക്കുകയും ചെയ്യുന്നുവെന്നുള്ളതുമാ ണ്. വാസ്തവത്തിൽ നടന്മാൎക്കു നിൎദ്ദേശംനൽകുക എ ന്നുള്ളതിൽ കവിക്കു യാതൊരുഭാഗവും കവിക്കില്ല. കഥകളി പൂൎണ്ണമായ ഒരുനാടകമൊ, കാവ്യമോഅല്ല. എന്നാൽ അതു രണ്ടുംക്രൂടികലൎന്നുള്ള ഒരു കലാവി ശേഷമാണ്. പിന്നെയും ഈ കഥകളികൾക്കു ചുരു ക്കംചിലതുഒഴിച്ചു സാധാരണ അവയ്ക്കൂടിസ്ഥാനമായ പുരാണകഥകളിൽനിന്നും വലിയ വ്യതിയാനമൊ, വിശേഷവിധിയൊ ക്രൂടുതൽ കാണുകയില്ല. വായന ക്കാരനു പണ്ടേ തന്നെ സുപരിചിതങ്ങളായ പുരാ ണകഥകളോടു അത്ഭുതകരങ്ങളായ സംഭവങ്ങളേ യൊ. സങ്കല്പകഥാപാത്രങ്ങളേയൊ. രംഗങ്ങളേയൊ നിൎമ്മിച്ചു ചേൎത്ത് ഇതിവൃത്തത്തിലുള്ള രസത്തെ വ ൎദ്ധിപ്പിച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. വേറൊ രു വ്യത്യാസം പറയാനുള്ളതു കഥകളി അങ്കങ്ങളാ യൊ. രംഗങ്ങളായൊ വിഭജിക്കപ്പെട്ടിട്ടില്ലാ എന്നും

എന്നാൽ അതു കേവലം അവിച്ഛിന്നമായ ഒരു കഥനമാണെന്നും ഉള്ളതാണ്. ഒരു കഥകളി ഒരു രാത്രികൊണ്ടു അവസാനിക്കണമെന്നാണ് ഉദ്ദേശി ക്കപ്പെട്ടിരിക്കുന്നത്. പക്ഷെ, ഇതായിരിക്കാം അ ത്തരം വിഭാഗങ്ങളൊന്നും ചെയ്യാതിരുന്നതിൻെറ കാരണവും. എന്നാൽ ഇതിന്നു വ്യത്യസ്തങ്ങളായി ചിലതുള്ളവ യഥാസ്ഥാനങ്ങളിൽ പ്രസ്താവിക്കപ്പെട്ടു ന്നതുമാണ്. അവസാന അങ്കത്തിൽ പരിണാമപ്രാ പ്തിവരെയുള്ള ഇതിവൃത്തത്തിലെ അനുക്രമമായ വി കസനത്തെ സൂചിപ്പിക്കുകയും, പ്രധാന സംഭവങ്ങ ളെ പ്രത്യേകം അടയാളപ്പെടുത്തുകയും ചെയ്യുകയെ ന്നുള്ളതായിരിക്കാം നാടകത്തിലെ അങ്കവിഭാഗം കൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. സൗകര്യാർത്ഥം ഉപയോഗിച്ചുവരുന്ന ഈ കൗശലത്തിൻെറ അഭാവം വായനക്കാരനെ കഥയുടെ പര്യവസാനത്തെ പ്രതീ ക്ഷിക്കുന്നതിന്നു കേവലം അപ്രാപ്തനാക്കിത്തീർക്കുന്ന മറെറാരു വലിയ ന്യൂനതയാണ്. മനസ്സിൻെറ ക്ലേശ ത്തെ പരിഹരിക്കുന്നതിന്നും, അതിന്നു സ്വാസ്ഥ്യം നൽ കുന്നതിന്നും വളരെ സഹായിക്കുന്ന ഹാസ്യരസത്തി ൻെറ പരിപൂർണ്ണമായ അഭാവമാണു കഥകളിയുടെ വേറൊരു വിശേഷം. പ്രേമം, ക്രോധം, പ്രതികാരം, അഹംഭാവം ഇവയാണ് ഈ കൃതികളിൽ പ്രധാനമാ യി സ്ഫുരിച്ചുകാണുന്ന വികാരങ്ങൾ. മനുഷ്യഹൃദയ ത്തിലുള്ള പ്രധാനവികാരങ്ങളുടെ പ്രവൎത്തനത്തേയും അവയുടെ അനന്തരഫലങ്ങളേയും നമ്മുടെ അറിവി ന്നും, ബുദ്ധിവികാസത്തിന്നുമായി രംഗത്തിൽ അഭിന യിച്ചുകാണിക്കുകയും ഈശ്വരൻെറ ലോകനിയന്ത്രണ

ത്തെ സംബന്ധിച്ച സന്മാൎഗ്ഗപാഠങ്ങൾ ഗ്രഹിക്കുന്ന തിന്നു നമ്മെ സഹായിക്കുകയുമാകുന്നു നാടകകൎത്താവിൻെറ ഉദ്ദേശം. കഥകളികൊണ്ടു ഈ ഉദ്ദേശം എത്രത്തോളം സഫലമായിട്ടുണ്ടെന്നുള്ളതു രസകരമായ ഒരു പ്രതിപാദ്യവിഷയമാണ്. ഇതിനെപ്പററി ഞാൻ വഴിയേ പ്രസ്താവിക്കുന്നതാണ്.

കഥകളികളെ ശരിയായി തരംതിരിക്കുക എന്നുള്ളതു സുസാധമായ ഒരു കാൎയ്യമല്ല. ഇംഗ്ലീഷുനാടകങ്ങളിലെയും ഗ്രീക്കുനാടകങ്ങളിലെയും "ശോകപൎയ്യവസായി"കളെന്നും "ശുഭപൎയ്യവസായി"കളെന്നും ഉള്ള വ്യത്യാസം കഥകളിയെ സംബന്ധിച്ചിടത്തോളം ഇന്നത്തെ സ്ഥിതിക്കു കേവലം അയുക്തമാണെന്നാണ് എൻെറ അഭിപ്രായം. അസുരന്മാരുടേയൊ, രാക്ഷസന്മാരുടേയൊ നിഗ്രഹത്തെ പ്രതിപാദിക്കുന്ന "വധങ്ങൾ" എന്നു പറയപ്പെടുന്ന കഥകളെ "ശോകപൎയ്യവസായികൾ" എന്ന് അഭിധാനം ചെയ്യാൻ പാടില്ല. എന്തുകൊണ്ടെന്നാൽ ഈ ലോകകണ്ടകന്മാർ നമ്മിൽ സഹതാപത്തെ ജനിപ്പിക്കുന്നില്ലെന്നുമാത്രമല്ല നേരെമറിച്ച് അവരുടെ മരണം മനുഷ്യവൎഗ്ഗം ഒരനുഗ്രഹവും, ആശ്വാസവുമായിട്ടാണു വീക്ഷിക്കുന്നതു്. നമ്മിൽ അനുകമ്പയേയും, വ്യസനത്തേയും ജനിപ്പിക്കുന്നതിനു പ്രവണങ്ങളായ പരിതസ്ഥിതികളിൽ അപ്രതീക്ഷിതമായി സംഭവിക്കുന്ന വിപത്തുകളെ—മരണത്തെയാണ്—സാധാരണ ദുഃഖാത്മകമെന്നു നാം വിവക്ഷിക്കുന്നതു്. എന്നാൽ ഇവിടെ അനുകമ്പ, വ്യസനം ഈ ഗുണങ്ങൾ തീരെ ഇല്ലാതാണിരിക്കുന്നതു്. സാഹിത്യാംശമായി കഥകളി

ക്കുള്ള ചില പ്രധാനപ്പെട്ട ലക്ഷണങ്ങളെ പറയു ന്നതിനാണു ഞാൻ ഇവിടെ തുനിഞ്ഞത്. ഇനി അതിൻെറ അഭിനയത്തെ സംബന്ധിച്ച് ഒന്നുരണ്ടു വാക്കു പറയാൻ ശ്രമിക്കാം.

കഥകളിയിലെ നടന്മാർ ഒരുപ്രകാരത്തിലും ലഘവായിട്ടുള്ളതല്ലാത്ത ചില കായികാഭ്യാസമുറകളെ ശീലിക്കേണ്ടതാണെന്നു ഞാൻ പ്രാരംഭമായിത്തന്നെ പറഞ്ഞുകൊള്ളട്ടെ. അവരുടെ ശരീരത്തെ തിരുമ്മി ലാഘവം വരുത്തുകയും ചില നൃത്തരീതികളും, അംഗവിക്ഷേപങ്ങളും പരിശീലിക്കുകയും ഇതിനായിട്ടു നിർമ്മിക്കപ്പെട്ടിട്ടുള്ള ചില കൈമുദ്രകളെല്ലാം വശമാക്കുകയും ചില നില ഭേദങ്ങളും മററും സ്വാധീനമാക്കുകയും കടാക്ഷം, ഉന്മീലനിമീലനങ്ങൾ. മിഴിച്ചുനോട്ടം, മന്ദഹാസം. ഭ്രൂഭംഗം ഇവയും. മററുപലതും പരിശീലിക്കുകയും അവർ ചെയ്യേണ്ടതായുണ്ടു. രംഗത്തെപ്പററിയാണെങ്കിൽ അപൂർവ്വം ചില സന്ദർഭങ്ങൾ ഒഴിച്ച് അതു മിക്കവാറും വെറും തറയിൽ നാലുകാലിന്മേലുള്ള ഒരു പന്തൽ മാത്രമാണ്. രാജാക്കന്മാരുടേയും, നാടുവാഴികളുടേയും കൊട്ടാരത്തിലും, വലിയ ക്ഷേത്രങ്ങളിലും ആട്ടപ്പന്തൽ എന്നു പേരുള്ള ഒരു പ്രത്യേകകെട്ടിടംതന്നെ സ്ഥിരമായുണ്ടു. എന്നാൽ ഇവിടെത്തന്നേയും നടന്മാർക്കു നാടകവേദിയൊ, കാണികൾക്ക് ഇരിപ്പിടങ്ങളൊ ഉണ്ടാക്കിയിട്ടില്ല. അവരെല്ലാവരും തറയിൽ പായുവിരിച്ച് അതിലൊ, അല്ലെങ്കിൽ വെറും തറയിലൊ ഇരുന്നുകൊള്ളണം. നാടകവേദിയെ അലങ്കരിക്കുകയൊ, രംഗഭേദങ്ങൾക്കനുരൂപമായ ചമൽക്കാരങ്ങൾ ചെയ്യുക

യൊ ചെയ്യുന്ന പതിവില്ല. കൊട്ടാരവും, കാടും, പോൎക്കളവും എന്നുവേണ്ട സ്വൎഗ്ഗവും നരകവുംകൂടി കാണികൾക്കു കാഴ്ചയിൽ ഒന്നുതന്നെയാണ്. അരങ്ങത്തു യവനികക്കുപകരം, തൂക്കിയിടാതെ രണ്ടററത്തും രണ്ടാളുകൾ പിടിച്ചുകൊണ്ടു നില്ക്കുന്ന തിരശ്ശീലയാണ് ഉപയോഗപ്പെടുത്തുന്നത്. ഒരു വേഷം രംഗത്തു പ്രവേശിക്കുമ്പോൾ തിരശ്ശീലയുടെ ഒരററത്തു പിടിക്കുന്നവൻ അതിനെ ഒരുവശത്തേക്കാണ്, നേരെ മുകളിലേക്കല്ല നീക്കുന്നത്. മരക്കാലിന്മേലുള്ള ഒരു വലിയ ഓട്ടുവിളക്കും ഒന്നൊ രണ്ടൊ പീഠങ്ങളും ചിലപ്പോൾ കമഴ്ത്തിയിട്ട ഒരു ഉരലുംകൂടിയാൽ അരങ്ങത്തുവേണ്ട ഉപകരണങ്ങളും, സാമഗ്രികളും പൂൎണ്ണമായി. സംഗീതസാമഗ്രികളും കഥകളിയുടെ സാധാരണ സ്വഭാവത്തിനു യോജിച്ചതരത്തിലുള്ളവയാണ്. ഇവ ശ്രോതാക്കളെ രസിപ്പിക്കുന്നതിനല്ല ഭ്രമിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നു തോന്നുന്നു. ചെണ്ടയുടെ കഠോരധ്വനിയും മദ്ദളത്തിന്റെ ഭങ്കാരസ്വനവും, ചേങ്കിലയുടേയും ഇലത്താളത്തിന്റേയും കിലുകിലാരവവും കൂടി ചേരുമ്പോൾ, സാധാരണ കഥകളി കാണുവാൻ പോകുന്നവരിൽ ഉദ്വേഗജനകവും, ചിലപ്പോൾ വശ്യവുമായ ഒരു ശക്തി ജനിപ്പിക്കുന്നതിനിടയുണ്ട്. ഇതിനോടുകൂടി വാക്കുകളേയും, അക്ഷരങ്ങളേയും എത്രത്തോളം കഴിവുണ്ടൊ, അത്രത്തോളം വലിച്ചു നീട്ടി പാടിക്കൊണ്ടു പുറകിൽ നില്ക്കുന്ന ഭാഗവതരുടെ അത്യുച്ചത്തിലുള്ള ശബ്ദവും കൂട്ടിച്ചേൎത്താൽ അരങ്ങത്തുള്ള സംഗീതത്തിന്റെ സാമാന്യേന വിശദമായുള്ള ഒരു രൂപം കിട്ടു

ന്നതാണ്. നടന്മാരുടെ നേപത്ഥ്യവിധാനങ്ങളും മ
ററും ഇതര ചടങ്ങുകളോടനുയോജ്യമായിട്ടുള്ളവ ത
ന്നെയാണ്. ദീൎഘകേശങ്ങളോടുകൂടി വലിയ കിരീ
ടങ്ങളും നടൻ പ്രതിനിധീകരിക്കുന്ന പാത്രത്തിന്നനു
സരണമായിട്ടു പച്ചയൊ, ചുവപ്പൊ, കറുപ്പൊ, മ
ഞ്ഞയൊ ആയ ചായങ്ങൾ തേച്ച മുഖങ്ങളും, ചില
സന്ദൎഭങ്ങളിൽ നീണ്ട താടിയും, മിന്നുന്ന ഉരോവേഷ്ട
നവും, അംഗദവലയങ്ങളും, നിറച്ചു വീൎപ്പിച്ച കുറുങ്കു
പ്പായവും, മുട്ടോളമെത്തുന്ന വസ്ത്രവും, മഞ്ജീരങ്ങളും
കൈവിരലിലുള്ള വെള്ളിനഖങ്ങളും, കഥാപാത്രത്തി
ന്നു ചിലപ്പോൾ ഗംഭീരവും ചിലപ്പോൾ ഭയാനകവും,
മററവസരങ്ങളിൽ ഹാസ്യജനകവും, ആയ ഒരു ഭാവ
ത്തെ നൾകുന്നു. സാധാരണ സ്ത്രീവേഷക്കാൎക്കും, താ
പസന്മാൎക്കും മുഖത്തു ചായം തേയ്ക്കാറില്ല. അവരു
ടെ വസ്ത്രധാരണം തന്നേയും ആഡംബരരഹിതവും,
അകൃത്രിമവുമായിട്ടുള്ളതാണ്. ശ്രോതാക്കൾക്ക് അ
വ്യക്തമായി ഭവിക്കത്തക്കവിധത്തിൽ വാക്കുകളെ വ
ലിച്ചു നീട്ടിയും, കഴിയുന്നിടത്തോളം ഉച്ചത്തിലും ഉച്ച
രിക്കപ്പെടുന്നതും, പാത്രത്തിന്റെ സ്വഭാവം, ഭാവം
ഇവയെ വിവരിക്കുന്നതുമായ ഒരു ശ്ലോകത്താലാണ്
എല്ലാ കഥാപാത്രങ്ങളും രംഗത്തിൽ അവതരിപ്പി
ക്കപ്പെടുന്നത്. ശ്ലോകാവസാനത്തിൽ ഒരു വലിയ
വാദ്യമേളത്തോടുകൂടി തിരശ്ശീലമാററി, നടൻ രംഗ
ത്തു നൃത്തവിശേഷങ്ങൾ തുടങ്ങുകയായി. വാദ്യാവ
സാനത്തിൽ ഈ നൃത്തവും അവസാനിക്കുന്നു. അ
ഭിനയവും, നൎത്തനവും കൂടിച്ചേൎന്ന ഒന്നാണു കഥക
ളിയെന്ന് ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. കാ

ണികളെ വിനോദിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടിയാണ് ഈ കൗശലം പ്രയോഗിച്ചിരിക്കുന്നതെങ്കിലും, അതു നടൻ പ്രതിനിധീകരിക്കുന്ന പാത്രത്തിന്റെ ഗൗരവത്തിനും, മഹത്വത്തിനും ഹാനികരമല്ലയൊ എന്ന് എനിക്കു ശങ്കയുണ്ട്. രമ്യതയല്ല എന്നാൽ തീക്ഷ്ണതയാണ് ഈ അംഗവിക്ഷേപങ്ങൾക്കുള്ള സ്വഭാവവിശേഷത. എന്നുതന്നെയല്ല അവ കൊണ്ടുദ്ദേശിക്കപ്പെടുന്ന ഫലം സിദ്ധിക്കുന്നതുമില്ല.

കഥകളിയുടെ മറെറാരു വിശേഷം നടന്മാർ ഒരക്ഷരംപോലും സംസാരിക്കുന്നില്ലെന്നുള്ളതാണ്. അവർ എപ്പോഴെങ്കിലും വാ തുറക്കുന്നുവെങ്കിൽ അതു സംസാരിക്കുന്നതിനല്ല. പ്രത്യുത ഗർജ്ജിക്കുന്നതിനൊ അവരുടെ വളഞ്ഞ ദംഷ്ട്രകളെ പ്രദർശിപ്പിക്കുന്നതിനൊ മാത്രമാണ്. എന്നാൽ ഇതുതന്നെയും ചില ഭയങ്കരന്മാരും മൂഢന്മാരുമായവരുടെ വിഷയത്തിൽ മാത്രമേയുള്ളു. ഉദ്ദിഷ്ടങ്ങളായ അർത്ഥങ്ങളെ ശരിയായിസൂചിപ്പിക്കത്തക്കവിധം നിർമ്മിക്കപ്പെട്ടിട്ടുള്ള കൈമുദ്രകളെക്കൊണ്ടാണു നടന്മാർ എല്ലാ സല്ലാപങ്ങളേയും, ഭാഷണങ്ങളേയും, ആത്മഗതപ്രകടനങ്ങളേയും നിർവ്വഹിക്കുന്നതു്. വാസ്തവത്തിൽ സംഭാഷണം അഥവാ ഗാനം നടത്തുന്നതു മുഴുവൻ ഭാഗവതർ തന്നെയാണ്. ഭാഗവതർ പാടുമ്പോൾ ഒരോ വാക്കും ആംഗ്യഭാഷയിലേക്കു വിവർത്തനം ചെയ്യപ്പെടുന്നുവെന്നു വേണം പറവാൻ. തൽഫലമായി രംഗത്തിൽ അഭിനീതമായ കഥാഗതിയെ അനുഗമിക്കുന്നതിന് ആംഗ്യകലാരഹസ്യങ്ങളിൽ സുപരിചിതന്മാരായവർക്കു മാത്രമെ സാധിക്കുകയുള്ളു. ശ്ലോകങ്ങളിലും

പദങ്ങളിലും പ്രയോഗിച്ചിട്ടുള്ള സംസ്കൃതപദങ്ങളുടെ ബാഹുല്യവും, പദങ്ങളേയും, പദാംശങ്ങളേയും ഭാഗവതർ വലിച്ചു നീട്ടുന്ന സമ്പ്രദായവും, ഇടയ്ക്കുണ്ടാകുന്ന ഉച്ചൈസ്തരമായ ചെണ്ടകൊട്ടും, നടന്മാർ പ്രയോഗിക്കുന്ന സുജ്ഞേയങ്ങളല്ലാത്ത കൈമുദ്രകളും എല്ലാം ഒരു സാധാരണ കാഴ്ചക്കാരനു തന്റെ മുമ്പിൽ നടക്കുന്നതെന്തെന്നു മനസ്സിലാക്കുവാൻ അസാദ്ധ്യമാക്കിത്തീക്കുന്നു. എന്നാൽ ഈ മുദ്രമുറകളെ പൂണ്ണമായി മനസ്സിലാക്കിയിട്ടുള്ള കാണികൾ കഥയെ അത്യാസക്തിയോടെ അനുഗമിക്കുകയും, തങ്ങളേക്കാൾ അജ്ഞന്മാരായ തങ്ങളുടെ സഹോദരന്മാക്കു പരിഭാഷകന്മാരായി സഹായിക്കുകയും ചെയ്യുന്നു. എന്നാൽ കാണികളിൽ ഭൂരിഭാഗവും, നടന്മാരുടെ വേഷവിശേഷങ്ങൾ, ഉദ്വേഗജനകമായ വാദ്യം, ഭാഗവതരുടെ അത്യുച്ചത്തിലുള്ള ഗാനം ഇവ അവശ്യമുളവാക്കുന്ന നേരംപോക്കും, തമാശയുംകൊണ്ടു തന്നെ തൃപ്തിപ്പെടുന്നു. ഇവയുടെ സംയുക്തസമ്മേളനം ശ്രോതാക്കൾക്ക്—അവരുടെ രസത്തിനല്ല—ജാഗരൂകത ഉണ്ടാക്കുകയും പക്ഷെ അടുത്തെങ്ങാനുമുള്ള നിർദ്ദോഷികളായ നിദ്രാധീനന്മാരെ ഉണത്തുകയും ചെയ്യുന്നു. നിദ്രാവശഗനെ ഉണത്തി ജാഗരൂകനാക്കുന്നതിനു ചെണ്ടയുടെ ഒററ ശബ്ദം മാത്രം തികച്ചും പര്യാപ്തമാകും.

ഓരോ നടനും തനിക്കു നിശ്ചയിക്കപ്പെട്ടിട്ടുള്ള ഭാഗത്തെ രംഗത്തിൽ കഥനം ചെയ്യുന്നതിനെ സംബന്ധിച്ചുള്ള നിരോധനത്തിന്റെ ഔചിത്യത്തെക്കുറിച്ച് അന്വേഷിക്കുന്നതു രസാവഹമായിരിക്കും.

നടന്മാർ അഭിനയിക്കുക മാത്രമല്ല രംഗത്തിൽ നൃത്തം ചെയ്യുകകൂടി വേണ്ടിയിരിക്കുന്നതുകൊണ്ട് അവർ എളുപ്പം ക്ഷീണിക്കുമെന്നും, തൽഫലമായി തങ്ങൾക്കുള്ള കഥാഭാഗങ്ങളെ പാടുന്നതിനുവേണ്ട കൂടുതൽ ശ്രമംചെയ്യുന്നതിന് അശക്തന്മാരായി ഭവിക്കുമെന്നുമാണു സാധാരണ പറഞ്ഞുവരുന്ന ഒരു കാരണം. കുറച്ചുകൂടിതൃപ്തികരമായ മറ്റൊരുസമാധാനം സല്ലാപങ്ങളുംമററും വിവിധങ്ങളായ രാഗങ്ങൾക്കൊപ്പിച്ചു രചിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ഓരോ നടനും അതിലേക്കു വേണ്ട സംഗീതജ്ഞാനം സമ്പാദിക്കുവാൻ സാദ്ധ്യമല്ല എന്നും, ഒരു കഥയിലൊ പലതിലുമൊ പല പാത്രങ്ങളേയും പ്രതിനിധീകരിക്കേണ്ടുന്ന ഒരു നടൻ ഓരോ കഥയിലും അവന്നു നിശ്ചയിക്കപ്പെട്ടിട്ടുള്ള എല്ലാ ഭാഗങ്ങളേയും ഹൃദിസ്ഥമാക്കുക എന്നുള്ളതു സുസാദ്ധ്യമല്ലെന്നും ആകുന്നു. പാടേണ്ട ചുമതലയെ ഭാഗവതരേയും അഭിനയിക്കേണ്ടതും നൃത്തം ചെയ്യേണ്ടതുമായ ചുമതലയെ നടന്മാരേയും ഭരമേല്പിക്കുക എന്നു മുമ്പു പ്രസ്താവിച്ചിട്ടുള്ള വ്യവസ്ഥകൊണ്ടു ഈ ദുർഘടം പരിഹരിക്കപ്പെട്ടിരിക്കുന്നു. ഈ ഉപായം ഫലവത്തൊ വിഹിതമൊ ആയിട്ടുള്ള ഒന്നല്ല. എന്തെന്നാൽ ശബ്ദവൈവിദ്ധ്യംകൊണ്ടുണ്ടാകാവുന്ന ശ്രുതിസുഖം ഇതുനിമിത്തം നഷ്ടപ്പെടുന്നു. ഈ വ്യവസ്ഥ കഥകളിക്ക് ആപാദചൂഡം ഒരു കൃത്രിമസ്വഭാവത്തെ പ്രദാനം ചെയ്യുകയും ചെയ്യുന്നു. തൽഫലമായി ഇതു് ഊമനാട്ടം എന്ന ആക്ഷേപത്തിനു പാത്രീഭവിച്ചിരിക്കുന്നു.

# സ്ത്രീകളും ഗൃഹസേവനവും.

സ്ത്രീകൾക്കു ലോകത്തിൽ പല നിലകളും ഉണ്ടു്. ഇവയിൽ പ്രധാനമായിട്ടുള്ളവ ഭാൎയ്യാപദം, മാതൃത്വം, പൗരത്വം, സമുദായാംഗിത്വം, ഗൃഹാനുഗ്രഹണം അല്ലെങ്കിൽ ഗൃഹസേവനം ഇവകളാകുന്നു. ഈ നിലകളിൽ എല്ലാത്തിനും സഹജങ്ങളായ കൃത്യങ്ങൾ എന്തെല്ലാമാകുന്നുവെന്നു സവിസ്തരം ഇപ്പോൾ പറയേണ്ട ആവശ്യമുണ്ടെന്നു വിചാരിക്കുന്നില്ല. ഉൽകൃഷ്ടവിദ്യാഭ്യാസലബ്ധിയോടുകൂടി നമ്മുടെ സ്ത്രീകൾ ഇവയൊക്കെയും യഥാപ്രധാനം ഗ്രഹിച്ചിട്ടുണ്ടെന്നുള്ളതിനു സംശയം ഇല്ലാ. അതുകൊണ്ടു് ഇവയെപ്പററി അവരോടുപദേശിക്കാൻ പുറപ്പെടുന്നതു് അസ്ഥാനത്തിലായേക്കുമെന്നു വിചാരിക്കുന്നു. എന്നുതന്നേയുമല്ല പുരുഷന്മാർ സ്ത്രീകളെ ഉപദേശിക്കേണ്ട കാലം ഇപ്പോൾതന്നെ വിദൂരഗതമായും ഇരിക്കുന്നു. എന്നാൽ ഒടുവിൽ പറഞ്ഞിട്ടുള്ള കാൎയ്യത്തെപ്പററി അവരുടെ അനുമതിയെ പ്രതീക്ഷിച്ചുംകൊണ്ടു് ഒന്നുരണ്ടു വാക്കുമാത്രം പറയാമെന്നുവിചാരിക്കുന്നു. കാലത്തിൻെറ ശീഘ്രഗതികൊണ്ടും, വിദ്യാഭ്യാസത്തിൻെറ വക്രഗതികൊണ്ടും സ്ത്രീകളിൽ പലരും ഇപ്പോൾ ഗൃഹകൃത്യങ്ങളിൽ നിന്നും ഏറെക്കുറെ ഒഴിഞ്ഞുമാറുന്നതായി കാണപ്പെടുന്നുണ്ടു്. ലോകരംഗത്തിൽ അവരുടെ സാന്നിദ്ധ്യത്തിൻെറ ആവശ്യം പ്രതിദിനമെന്നപോലെ കൂടിവരുന്നതുകൊണ്ടു് ഏതാനും ആളു

ളങ്ങോട്ടാകർഷിക്കപ്പെടുന്നുമുണ്ട്. ഇവരെ ഒഴിച്ചാലും പിന്നേയും ഒട്ടധികം സ്ത്രീകൾ ഗൃഹസീമയ്ക്കുള്ളിൽ തന്നെ വർത്തിക്കേണ്ടവരായി കാണുന്നതാണ്. ഗൃഹത്തിലെ പ്രധാനവും പരിശുദ്ധവുമായ ഭാഗം മഹാനസവും പ്രധാനകൃത്യം ഭക്ഷണപചനവുമാണല്ലോ. മഹാനസത്തിൽ വീട്ടുകാരല്ലാതെ മററാരും കയറിക്കൂടാ എന്നു വീണ്ടും ഏർപ്പാടു ചെയ്തിരുന്നതു് ഇതിൻെറ പ്രാധാന്യതയേയും പരിശുദ്ധിയേയും സൂചിപ്പിക്കുന്നു. എന്നാൽ ഇക്കാലത്തു കുടുംബത്തിൽ അല്പം ധനമോ വല്ല ഉദ്യോഗം വഹിക്കുന്നവരോ ഉണ്ടെങ്കിൽ നായർ സോദരിമാർ സാമാന്യേന മഹാനസത്തിൽ പ്രവേശിക്കയോ പാചനജോലി ചെയ്കയോ ചെയ്യുന്നവിഷയത്തിൽ ഇതരസമുദായത്തിലുള്ള സ്ത്രീകളെ അപേക്ഷിച്ചു ഏററക്കുറെ വിമുഖികളായിട്ടാണ് ഇരിക്കുന്നതു്. പലകുടുംബങ്ങളിലും ഇപ്പോൾ ഈ ഗുരുതരമായ കൃത്യം ദുരഭിമാനംഹേതുവായിട്ടു് ഒരുതരം "ബാഹുകൻ"മാരാണു നിർവഹിക്കയോ ദുർവഹിക്കയോ ചെയ്യുന്നതു്. ഇതിൽനിന്നും എന്തെല്ലാം ദോഷങ്ങൾ ഉണ്ടാകുന്നുണ്ടെന്നു ചിന്തിക്കുന്നുണ്ടോ എന്നു സംശയമാണ്. ധനദുർവ്യയം, അശുചിത്വം, ശരിയായി പചിക്കപ്പെടാത്തതും, അനാസ്വാദ്യവുമായ ഭക്ഷണം, തന്മൂലം രോഗോല്പാദനം, സമയത്തിനു ഭക്ഷണം ലഭിക്കാതെവരിക മുതലായ അനേകം ദോഷങ്ങൾ നേരിടുന്നു. എന്നാൽ ഇപ്പോൾ ഇത്തരം ബാഹുകന്മാരുടെ കാര്യത്തിലും വലിയ ദുർഘടം നേരിട്ടുതുടങ്ങീട്ടുണ്ട്. വ്യക്തിപരമായ സ്വാതന്ത്ര്യമോ എന്തൊ വർദ്ധിച്ചുവരുന്നതിനാൽ ആപണസ്ഥല

ങ്ങളിൽ സൂദന്മാൎക്ക് ഇന്നു വിലകൂടിയാണിരിക്കുന്നതു്. വലിയ വിലകൊടുത്തു വാങ്ങിയാലും ഇവർ ഒരുകൂട്ടം സഞ്ചാരവിഹഗങ്ങളാകകൊണ്ടു് അധികംകാലം ഒരു സ്ഥലത്തു താമസിക്കുക എന്നുള്ളതും സാദ്ധ്യമല്ലാ. എന്നുതന്നേയുമല്ല ഗുണം കുറഞ്ഞുമാണു കാണപ്പെടുന്നതു്. ഇവൎക്കീവിഷയത്തിൽ അഭ്യസനമോ പരിശീലനമോ ഒന്നും ആവശ്യമില്ലാ. എല്ലാവരും ഇല്ലക്കാരുമാണു്. പചനവിഷയത്തിൽ നളസദൃശന്മാരാണെന്നുമാണു് ഇവരുടെ ഭാവം. വേതനവിഷയത്തിൽ പരക്ഷ്മ അനലന്മാരായിട്ടാണു കാണപ്പെടുന്നതു്. ബാഹുകസ്ഥാനം വഹിക്കുന്ന ആളിന്റെ രുചിയോ അഭിരുചിയോ ഒക്കെ ഗൃഹനിവാസികളും ശീലിച്ചുകൊള്ളണം. വേതനത്തിനുമാത്രം ജോലിചെയ്യുന്നതിനാൽ സാധനങ്ങളെ പാത്രത്തോടുകൂടി അശ്മന്തങ്ങളിൽ കയററി ഇറക്കുന്ന ചുമതല മാത്രമേ അവൎക്കുള്ളുവല്ലോ. വീട്ടുടമസ്ഥന്റെയോ മററുള്ളവരുടേയോ ഇഷ്ടമോ അനിഷ്ടമോ ഇവരുടെ ഗണനയിൽ ഉൾപ്പെടുത്തുക പതിവില്ല. ഉപ്പോ മുളകോ വല്ലതും കൂട്ടുകയൊ കുറക്കയൊ ചെയ്തുവെന്നു് ആക്ഷേപമുണ്ടായാൽ അതു നിശ്ചയമായും സാധനങ്ങളുടെ ദൂഷ്യംകൊണ്ടാണെന്നു ശരിയായി സമാധാനവും പറയും. ചിലപ്പോൾ ഒരുദിവസത്തെ കൂടുതൽ അടുത്ത ദിവസത്തെ കുറവുകൊണ്ടു പരിഹരിക്കപ്പെടുകയും ചെയ്യുന്നതാണു പതിവു്. ശാസനം അല്പം കൂടിപ്പോയാൽ സൂദൻ തിരോധനം കൊണ്ടു തന്റെ അതൃപ്തിയെ പ്രദൎശിപ്പിക്കയുംചെയ്യും. പഞ്ചതന്ത്രത്തിൽ ഉൾപ്പെടാത്ത ഈ തന്ത്രം

തല്ക്കാലം ഗൃഹനിവാസികളിൽ പല കുഴപ്പത്തിനും അനശനത്തിനും മററും ഇടയാക്കുന്നതും അപൂൎവ്വമല്ല. ഇങ്ങിനെയുള്ള അപ്രതീക്ഷിതഫലങ്ങളെ ഒഴിക്കുന്നതിനോ നേരിട്ടാൽ അവയെ നിഷ്പ്രയാസം തരണം ചെയ്യുന്നതിനോ ഗൃഹത്തിലുള്ള സ്ത്രീകൾ മനസ്സു വച്ചാൽ സാധിക്കാവുന്നതാണ്. മഹാനസം ഗൃഹത്തിൻെറ അതിപ്രധാനമായ ഒരു ഭാഗമാണെന്നു പറഞ്ഞുവല്ലോ. അതിനെ നിരുത്തരവാദികളായ "വലലന്മാരുടെ ഭരണത്തിനു" വിട്ടുകൊടുക്കുന്നതു വിവേകശൂന്യവും അനുചിതവുമാകുന്നു. ഒരു ഗൃഹത്തിൽ ശുചിത്വം ആവശ്യമുണ്ടെങ്കിൽ അതു് അടുക്കളയിൽ ആണല്ലോ. എന്നാൽ ഇപ്പോഴത്തെ സ്ഥിതി ഇതല്ല. അശുചിത്വമെല്ലാം അവിടെയാണു സഞ്ചയിക്കപ്പെട്ടുകാണുന്നതു്. രോഗങ്ങൾ മിക്കവയും ഉദരത്തിലാണല്ലൊ ആരംഭിക്കുന്നതു്. രോഗബീജങ്ങൾ മഹാനസത്തിലുമാണ് ഉത്ഭവിക്കുന്നതു്. അഭക്ഷ്യഭക്ഷണം, അപക്വഭക്ഷണം, അശുദ്ധഭക്ഷണം ഇവയാണു രോഗബീജത്തെ പാകുന്നതു്. അതുകൊണ്ടു പാകശാല സദാ ശുചിയാക്കിവയ്ക്കുയും പാകംചെയ്യുന്ന പാത്രങ്ങളും പാകം ചെയ്യപ്പെടുന്ന പദാൎത്ഥങ്ങളും കഴുകി നിൎമ്മലങ്ങളാക്കി വയ്ക്കേണ്ടതത്യാവശ്യമാണ്. ഇതു പാചകന്മാരെ ഭാരമേല്പിച്ചാൽ ചെയ്കയില്ലെന്നു വരാനാണ് എളുപ്പം. അഥവാ ചെയ്യുന്നതായാൽതന്നേയും ശരിയായി ചെയ്യുകയില്ലെന്നുള്ളതു തീൎച്ചയാണ്. അവർ സുഖം നൽകുവാനല്ല പണം വാങ്ങുവാനാണു വന്നിട്ടുള്ളതു്. ഭക്ഷണം സുഖമായി

ല്ലെങ്കിൽ ഗൃഹത്തിലെ ഒന്നാമത്തെ അനുഗ്രഹം നഷ്ടമായിപ്പോകുന്നു. ഈ ഒരൊററ അസുഖം മററനേകം സുഖങ്ങളെ ജനിപ്പിച്ച ഗൃഹജീവിതത്തെ മലീമസവും അശുഭവുമാക്കിത്തീക്കുന്നു. അതുകൊണ്ടു ഭക്ഷണം പാകംചെയ്യുന്ന വിഷയത്തിൽ കുടുംബാംഗങ്ങളായ സ്ത്രീകൾതന്നെ പൂണ്ണചുമതല വഹിക്കയോ ഇല്ലെങ്കിൽ വേണ്ടപോലെ ശ്രദ്ധിക്കയോ ചെയ്യേണ്ടതായി ഇരിക്കുന്നു .ഈവിഷയത്തിൽ കൃതഹസ്തതയും സ്ത്രീകൾക്കാണു പരിചയം മൂലം സിദ്ധിച്ചിട്ടുള്ളതു്. ഭക്ഷണത്തിനും അതു നൽകുന്ന ആളിനും സ്വച്ഛത ആവശ്യമാണു്. ഭക്ഷണം പാകം ചെയ്യുന്നതു കുടുംബാംഗങ്ങളുടെ സ്നേഹമസൃണങ്ങളായ കരങ്ങൾകൊണ്ടുതന്നെ ആയിരുന്നാൽ പ്രത്യേകം ആസ്വാദ്യമായിരിക്കുമെന്നുള്ളതിനു സംശയമില്ല. "മാതൃഹസ്തഭോജനം" എന്നു ആരോ പറഞ്ഞിട്ടുള്ളതിന്റെ സാരം മുമ്പുപറഞ്ഞിട്ടുള്ളതു തന്നെയാണു്. നമ്മുടെ സ്ത്രീകൾ എല്ലാവരും അമ്മമാരാണല്ലോ. അതുകൊണ്ടു ഇതെല്ലാം സഹോദരിമാരേയും സംബന്ധിക്കുന്നതാണു്. എന്നാൽ അഭ്യസ്തവിദ്യകളായ സോദരിമാക്കു് ഇതിൽ അല്പം വൈമുഖ്യം ഉണ്ടായിരിക്കാം. ഇതു് ഈ വിഷയത്തിലുണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൊണ്ടോ വസ്ത്രങ്ങളും മററും മലിനമാകുമെന്നുള്ള ഭയംകൊണ്ടോ കൃത്യാന്തരബാഹുലതകൊണ്ടോ ആയിരിക്കാനേ തരമുള്ളു. അല്ലാതെ ഈ കൃത്യത്തിനു വല്ല നികൃഷ്ടതയും ഉണ്ടെന്നു വിചാരിച്ചിട്ടാവാൻ ഇടയില്ല. കായ്യങ്ങളെ അവയുടെ യഥാൎത്ഥമായ ഗുരുത്വത്തിലോ ലാഘവത്വത്തിലോ

അവലോകനം ചെയ്യുന്നതിന് അവൎക്ക് സിദ്ധിച്ചിട്ടുള്ള വിദ്യാഭ്യാസം സഹായിക്കാതിരിക്കയില്ല. ഇവൎക്ക് വല്ല വൈമുഖ്യവുമുണ്ടെങ്കിൽ അതു് ഒരു വിധം ക്ഷന്തവ്യമാണ്. എന്നാൽ അടുക്കളയിൽ കയറുന്നതും പാകം ചെയ്യുന്നതും കുറവാണെന്നു ഭാവിച്ചു വെറും ദുരഭിമാനത്തെ അതിന് അല്പം പോലും ക്ഷതം പററാതെ സൂക്ഷിക്കുന്നവർ ഉണ്ടെങ്കിൽ അവരുടെ ഈ ചിത്തവൃത്തിയെ മാറേറണ്ടതാണെന്നാണു തോന്നുന്നതു്. പാചകജോലി എന്നും ചെയ്തുകൊണ്ടിരിക്കാൻ സൗകൎയ്യമില്ലാത്തവരും പലരും ഉണ്ടാവാം. എന്നാൽ എല്ലാവരും ഇതു് എന്നും ചെയ്തില്ലെങ്കിലും അപ്രതീക്ഷിതാവസരങ്ങൾ ജനിപ്പിച്ചേക്കാവുന്ന ദുൎഘടഘട്ടങ്ങളെ തരണം ചെയ്യുന്നതിനായി പാചകവൃത്തി സ്ത്രീകൾ പരിശീലിച്ചിരിക്കേണ്ടതു് അത്യാവശ്യമാണ്. ഒരത്യാവശ്യകൃത്യമായിട്ടല്ലെങ്കിലും വിനോദാൎത്ഥമായിട്ടുമാത്രം ഇതു പരിചയിക്കയും പരീക്ഷിക്കയും ചെയ്യുന്നതു നന്നായിരിക്കും. നമ്മുടെ ശിശുക്കളുടെ പ്രധാനവിനോദം അരിയുംകറിയും വച്ചുകളിക്കുകയാണല്ലോ. ഇതു് ഒരു സഹജമായ വാസനയെയല്ലയോ സൂചിപ്പിക്കുന്നതു്. പാചകവൃത്തി എന്നും ശുചിയോടുകൂടി നിൎവ്വഹിക്കേണ്ട ഒരു സംഗതിയായതുകൊണ്ടു് വസ്ത്രങ്ങളുംമററും മലിനമാക്കേണ്ട ആവശ്യം ഒന്നും ഇല്ലാ. അങ്ങനെ കാണുന്നുണ്ടെങ്കിൽ അതു് അശുചിയോടുകൂടിയ പെരുമാററംകൊണ്ടു മാത്രമേ ആയിരിക്കുകയുള്ളു. തങ്ങളാൽതന്നെ ഈ ജോലി നിൎവ്വഹിക്കാൻ സാധിക്കാത്തവൎക്കു് ഇതിൽ ശരിയായ മേൽനോട്ടമെങ്കിലും ഉണ്ടായിരുന്നാൽ തരക്കേടില്ല.

നഗരങ്ങളിലും മററും "പരിഷ്കൃത"രീതിയിൽ നിവസിക്കുന്ന കുടുംബങ്ങളിലാണ് അഭിമാനം നിമിത്തം പാചകന്മാരെ കൂടാതെ കഴിക്കാൻ നിവൃത്തിയില്ലാതിരിക്കുന്നതു്. ഇതു് അത്ഭുതമല്ല. നഗരത്തിലാണല്ലൊ കൃത്രിമമായ ജീവിതരീതി ഇന്നു പ്രചാരത്തിലിരിക്കുന്നതു്. ഉൾപ്രദേശങ്ങളിൽ ഇടപ്രഭുക്കന്മാരുടേയും മാടമ്പിമാരുടേയും മററും ഭവനങ്ങളെ ഒഴിച്ചാൽ സ്ത്രീകൾ തന്നെയാണു പ്രായേണ ഭക്ഷണം പാകം ചെയ്തു വരുന്നതു്. ഇവയിൽ സ്ത്രീകൾക്കു "സ്വസ്ഥവൃത്തി"യാണു വിധിച്ചിരിക്കുന്നതു്. എന്നാൽ പരിഷ്കാരം ഉൾനാട്ടിലേക്കു കടക്കുമ്പോൾ അവിടങ്ങളിലും പക്ഷെ മാററം വന്നേക്കാം. എന്നാൽ സാധുക്കളുടെ ഇടയിൽ ഇതിനു നിവൃത്തിയില്ലല്ലോ. അതു നിമിത്തം അവൎക്കു് അല്പമെങ്കിലും ഗൃഹ്യസുഖവും ഉണ്ടായിരിക്കാൻ ഇടയുണ്ടു്.

ഇനി പാചകവൃത്തിക്കു വാസ്തവത്തിൽ വല്ല നികൃഷ്ടതയും ഉണ്ടോ എന്നു നോക്കാം. മനുഷ്യൻ വന്യമൃഗങ്ങളെപ്പോലെയല്ലാ. ഇവർ ഭക്ഷണപദാൎത്ഥങ്ങൾ അഗ്നിയിലും ജലത്തിലും പാകം ചെയ്തു ഭക്ഷിക്കണമെന്നാണു വിധിക്കപ്പെട്ടിരിക്കുന്നതു്. അഗ്നിയും ജലവുമാണു പദാൎത്ഥങ്ങൾ ശുദ്ധി ചെയ്യുന്നതിനുള്ള വസ്തുക്കളിൽവച്ചു പ്രധാനമായിരിക്കുന്നതു്. ഇവ രണ്ടുംകൂടെ കൂടിയാൽ പദാൎത്ഥങ്ങളിൽ വല്ല രോഗബീജങ്ങളോ ദോഷാംശങ്ങളൊ ഉണ്ടെങ്കിൽ അവ നിശ്ശേഷം നശിച്ചു പോകുകയും പദാൎത്ഥങ്ങൾ ഭോഗയോഗ്യങ്ങളായിതീരുകയും ചെയ്യുന്നു. മനുഷ്യനു ജീവസന്ധാരണത്തിന് ഒഴിച്ചുകൂടാത്തതും

ആരോഗ്യത്തിന് ആവശ്യവും ആദ്യധർമ്മസാധനമായ ശരീരത്തിന്റെ ബലത്തിനും പുഷ്ടിക്കും നിദാനവുമായ ഭക്ഷണത്തെ പാകമാക്കുന്നത് ഏതു ദൃഷ്ടിയിലും നികൃഷ്ടമായി ഗണിക്കപ്പെടാവുന്നതല്ലാ. നേരെമറിച്ച് ഇത് ഒരുൽകൃഷ്ടകൃത്യത്തിന്റെ നിർവ്വഹണവുംകൂടിയാണ്. അതുകൊണ്ട് ഈ തെററായ ബോധത്തിന്മേൽ ആരെങ്കിലും ഇതിൽ പ്രവേശിക്കാൻ മടിക്കുന്നുണ്ടെങ്കിൽ അത് അനുചിതവും ധർമ്മലോപം എന്ന അപരാധവും കൂടിയായിരിക്കും. നളൻ ഒരു രാജാവായിരുന്നിട്ടും ഒരുസമർത്ഥനായ പാചകനായിരുന്നുവെന്നു പുരാണങ്ങളിൽ പറഞ്ഞുകാണുന്നു. ദമയന്തിയുമായുള്ള വിവാഹാനന്തരം ദേവന്മാർ കൊടുത്ത വരങ്ങളിൽ ഒന്നു ഇതായിരുന്നുവത്രേ. "പചനദഹനാദിയിൽ ഭവതഃസ്വാധീനനഹം അറിക നീ വല്ലുണ്ടാക്കും കറികളമൃതിനൊക്കും". ഇതിൽ നിന്നും ഭക്ഷണപചനം ഒരുൽകൃഷ്ടകൃത്യമാണെന്നും അതു രാജാവിനും വിജ്ഞേയമായിട്ടുള്ളതാണെന്നും അനുമാനിക്കാം. അതുകൊണ്ടു നികൃഷ്ടമെന്നു വിചാരിച്ച് ഈ പ്രവൃത്തിയെ ആരും വർജ്ജിക്കേണ്ട ആവശ്യമില്ല. പരാശ്രയത്തേക്കാൾ സ്വാശ്രയമാണല്ലൊ ശ്രേഷ്ഠമായിട്ടുള്ളത്. കഴിവുള്ളിടത്തോളം അന്യാശ്രയം കൂടാതെ ജീവിക്കയാണല്ലൊ വേണ്ടത്. ബാഹ്യകന്മാരെ വിശ്വസിച്ചിരുന്നാൽ ചിലപ്പോൾ അത്താഴം മുടങ്ങിയെന്നും വരും. കുടുംബാംഗങ്ങളുടെ പാകവും ഇഷ്ടവും, സമയവും, നോക്കി ഭക്ഷണം തയ്യാറാക്കി കൊടുക്കുന്നതിന് അവരോടു സ്നേഹമോ വാത്സല്യമോ ഉള്ള സ്വജനങ്ങൾ ആയിരുന്നാൽ മാത്രമെ സാധിക്കു. എ

ന്നാൽ ഇതിൽ എതിർവാദങ്ങളും പ്രതീക്ഷിക്കാതി രിക്കുന്നില്ല. ഇപ്പോൾ വ്യക്തിപരമായ സ്വാതന്ത്ര്യ മാണെല്ലാവരും കാംക്ഷിക്കുന്നതു്. ചിലക്കു് അതു വേണമെന്നും മററു ചിലക്കു് അതു് ആവശ്യമില്ലെ ന്നും പറയുന്നതു യുക്തിഭംഗമാണു്. ചിലർ ബുദ്ധി മുട്ടുകൾ സഹിച്ചു മററുള്ളവരെ സുഖിപ്പിച്ചിട്ടാവശ്യ മില്ലല്ലോ എന്നു പക്ഷെ വല്ലവരും വിചാരിച്ചേ ക്കാം. എന്നാൽ ഈ വിചാരം വിശിഷ്ടമായ കു ടുംബജീവിതത്തേയും ഗൃഹ്യസുഖത്തേയും സംബന്ധി ച്ചുള്ള ഉൽകൃഷ്ടമായ ആദർശത്തിൽനിന്നും എത്ര യോ ദൂരത്തിലാണു സ്ഥിതി ചെയ്യുന്നതു്.

നമ്മുടെ സോദരിമാർ എല്ലാവരും കുടുംബ ജീവിതത്തിൽ നിന്നും കെട്ടുപൊട്ടിച്ചു വ്യക്തിപരമായ സ്വാതന്ത്ര്യം തേടി ലോകവീഥിയിൽ ചരിക്കാൻ പോകയാണെങ്കിൽ ഇങ്ങിനെയുള്ള അഭിപ്രായം പ ക്ഷെ ശരിയായിരിക്കാം. എന്നാൽ കുടുംബസീമ യ്ക്കുള്ളിൽ ഇരുന്നു് ഏകയോഗക്ഷേമസരണിയെ അ വലംബിച്ചു ജീവിക്കുന്നതിനും ഗൃഹാനുഗ്രഹം വളത്തു ന്നതിനും ഇഛിക്കുന്നവർ ഉണ്ടെങ്കിൽ ഈ കാര്യത്തെ ക്കുറിച്ചു് അല്പമെങ്കിലും ചിന്തിക്കുമെന്നു വിശ്വസിക്കു ന്നു. അല്പം ബുദ്ധിമുട്ടു കൂടാതെ ഒരു കാര്യ്യവും സാ ധിക്കാൻ പ്രയാസമാണു്. രാഷ്ട്രസേവനത്തിനും ഗൃ ഹസേവനത്തിനും സമുദായസേവനത്തിനും അല്പം ത്യാഗശീലം അത്യാവശ്യമാണു്. നമ്മുടെ സ്വാർത്ഥ ത്യാഗം അല്പമെങ്കിലും അന്യന്മാക്കുപകാരപ്രദമായി തീരുമെങ്കിൽ അതു നാം സ്വയമേവ അനുഷ്ഠിക്കേ ണ്ടതാണല്ലോ. ഗൃഹസേവനത്തിൽ ഉൾപ്പെട്ടതായിട്ടി

നിയും പല കാൎയ്യങ്ങളും ഉണ്ടു്. അവ സുജ്ഞാതങ്ങളാകയാൽ അവയെപ്പററി ഈ ലേഖനത്തിൽ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല. വേണമെന്നുണ്ടെങ്കിൽ ഇനി ഒരവസരത്തിലാവാം.

ശുഭം.

165458
38386
032:6N023x
F4·5
UNIVERSITY LIBRARY.
13 JUL 1955
MADRAS.

17 FEB 1956

MUL

165458